IPC
لجنة التعريف بالاسلام
ISLAM PRESENTATION COMMITTEE
جمعية النجاة الخيرية

مبرة الآل والأصحاب

# അവർ പരസ്പരം പ്രശംസിക്കുന്നു

## നബികുടുംബവും സ്വഹാബികളും
## തമ്മിൽ തമ്മിൽ പുലർത്തിയ ആദരവ്

മൊഴിമാറ്റം

കെ.എ ഖാദർ ഫൈസി

മബർറത്തുൽ ആൽ വൽ അസ്വ്ഹാബ്
ഗവേഷണ പഠന വിഭാഗം



# അവർ പരസ്പരം പ്രശംസിക്കുന്നു

## നബികുടുംബവും സ്വഹാബികളും
## തമ്മിൽ തമ്മിൽ പുലർത്തിയ ആദരവ്

**മബർറതുൽ ആൽ വൽ അസ്ഹാബ്**

ഗവേഷണ പഠന വിഭാഗം

# الثناء المتبادل بين الآل والأصحاب

إعداد مركز الدراسات والبحوث في مبرة الآل والأصحاب

# അവർ പരസ്പരം പ്രശംസിക്കുന്നു

## നബികുടുംബവും സ്വഹാബികളും തമ്മിൽ തമ്മിൽ പുലർത്തിയ ആദരവ്

<u>പ്രസാധനം</u>

**മബർത്തുൽ ആൽ വൽ അസ്വ്ഹാബ്**

**വഖ്ഫ് ഇസ്‌ലാമിക മന്ത്രാലയം കുവൈത്ത്**

**ഫോൺ: 2560203, ഫാക്സ്: 2560346**

email: almabarrah@gmail.com / www.almabarrah.net

بسم الله الرحمن الرحيم

# അവർ പരസ്പരം പ്രശംസിക്കുന്നു

## നബികുടുംബവും സ്വഹാബികളും
## തമ്മിൽ തമ്മിൽ പുലർത്തിയ ആദരവ്

●

മൊഴിമാറ്റം

കെ.എ ഖാദർ ഫൈസി

മബർറത്തുൽ ആൽ വൽ അസ്ഹ്ഹാബ്
ഗവേഷണ പഠന വിഭാഗം

# അവർ പരസ്പരം പ്രശംസിക്കുന്നു

## നബികുടുംബവും സ്വഹാബികളും
## തമ്മിൽ തമ്മിൽ പുലർത്തിയ ആദരവ്

الحمد لله نحمد ونستعينه ونستغفره ونعوذ بالله من شرور انفسنا ومن
سيئات اعمالنا من يهدالله فهو المهتدي ومن يضلل فلا هادي له
وأشهد أن لا اله الا الله وأشهد انّ محمدا عبده ورسوله

“സത്യമാർഗത്തിൽ ആദ്യം മുന്നോട്ട് വന്ന മുഹാജിറുകളിലും അൻസ്വാറുകളിലും സൽക്കർമങ്ങളിലൂടെ അവരെ പിന്തുടരുന്നവരിലും അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവൻ അവരിൽ സംതൃപ്തനായിരിക്കുന്നു. അവർ അവനിലും സംതൃപ്തരാണ്. അവൻ അവർക്കായി താഴ്ഭാഗത്തിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങൾ തയ്യാറാക്കി വെച്ചിട്ടുണ്ട്. അവര

വിടെ സ്ഥിരവാസികളായിരിക്കും. അതിമഹത്തായ വിജയവും അത് തന്നെ" ( അത്തൗബ:100) എന്ന് തന്റെ ഗ്രന്ഥത്തിൽ പറഞ്ഞ അല്ലാഹുവിന്നാണ് സർവ സ്തുതിയും.

സ്വഹാബത്തിനെ കുറിച്ച അല്ലാഹുവിന്റെ ഈ പ്രശംസക്ക് ശേഷം ഇനി മറ്റൊരു പ്രശംസയുണ്ടോ? അവന്റെ പ്രീതിക്ക് ശേഷം മറ്റൊരു പ്രീതിയുണ്ടോ? മാത്രമല്ല, സൽക്കർമങ്ങളിലൂടെ അവരെ പിൻപറ്റുന്നത് സന്മാർഗം ലഭിച്ചതിന്റെയും ദൈവപ്രീതിയുടെയും അടയാളമായി അവൻ നിശ്ചയിച്ചിരിക്കുകയാണ്.

സ്വഹാബികളും അഹ്‌ലുബൈത്തും പരസ്പരം ശത്രുത വെച്ചുപുലർത്തിയിരുന്നുവെന്ന വാദം ചരിത്രത്തിന്റെ അപഭ്രംശത്തിൽ പെടുന്നു. മറിച്ച് അവരെക്കുറിച്ച് അല്ലാഹു പറയുന്നത് പോലെ...... "അവർ സത്യനിഷേധികളോട് കാർക്കശ്യം കാണിക്കുന്നവരാണ്. പരസ്പരം കാരുണ്യത്തോടെ പെരുമാറുന്നവരും" (അൽഫത്ഹ്:29). അവരെ അല്ലാഹു സംബോധന ചെയ്തതിങ്ങനെയാണ്: "ആകാശഭൂമികളുടെ സമസ്താവകാശവും അവനുമാത്രമായിരുന്നിട്ടും നിങ്ങളിൽ മക്കാവിജയത്തിന്നു മുമ്പെ ചെലവഴിക്കുകയും സമരം നടത്തുകയും ചെയ്തവരാരോ, അവർക്ക് അതിന്നു ശേഷം ചെലവഴിക്കുകയും സമരം നടത്തുകയും ചെയ്തവരെക്കാളേറെ മഹത്തായ പദവിയുണ്ട്. എല്ലാവർക്കും എറ്റവും ഉത്തമമായ പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു"(അൽഹദീദ്:10)

അല്ലാഹു കരാർ ലംഘിക്കുകയില്ല. "മനുഷ്യ സമൂഹത്തിനായി ഉയിരെടുത്ത ഉത്തമസമുദായമായിത്തീർന്നിരിക്കുന്നു നിങ്ങൾ'' (ആലുഇംറാൻ:110) എന്ന വാക്യത്തിൽ തന്റെ നാഥനും, എന്റെ സമുദായത്തിൽ ഏറ്റവും ഉത്തമർ എന്റെ നൂറ്റാണ്ടുകാരാണെന്നും പിന്നെ അതിന്നടുത്തവരാണെന്നും[1] പറഞ്ഞ നബി(സ)യും നുണയാണ് പറഞ്ഞതെന്ന് വിശ്വസിക്കുന്ന ഒരാൾ മുസ്‌ലിമായി അവശേഷിക്കുമോ?

സത്യമാർഗത്തിൽ ആദ്യം മുന്നോട്ടുവന്നവർ നബി കുടുംബ–അഹ്‌ലുബൈത്ത് –വും സ്വഹാബികളുമല്ലേ? അവരല്ലേ ഉത്തമനൂറ്റാണ്ടുകാർ? അവരല്ലേ മുഹാജിറുകളും

അൻസ്വാറും? വിജയം വരിച്ച ധീരന്മാർ? ഒരേ മരത്തിലെ രണ്ടു ശാഖകളല്ലേ അവർ? അല്ലാഹുവാണ, അവർക്കിടയിൽ സ്നേഹാദരവുകളും പരസ്പര പ്രശംസയും മാത്രമാണുണ്ടായിരുന്നത്. അവർക്കിടയിലെ കുടുംബബന്ധം, വൈവാഹിക ബന്ധം എന്നിവയും മതത്തിന്റെ ഉന്നമനം, പ്രവാചകനെ സഹായിക്കൽ, സത്യനിഷേധികളോടുള്ള സമരം എന്നിവയിലെ പങ്കാളിത്തവും സുവിദിതമാണ്. അവരെല്ലാം ഉത്തമരും ശ്രേഷ്ഠരുമാണ്. അവരെ അധിക്ഷേപിക്കുന്നതിൽ നിന്ന് ബുദ്ധിയുള്ളവർ മാറിനിൽക്കേണ്ടതാണ്.

സ്വഹാബികളെ കുറിച്ച അഹ്‌ലുബൈത്തിന്റെ പ്രശംസകളും അഹ്‌ലുബൈത്തിനെ കുറിച്ച സ്വഹാബികളുടെ പ്രശംസകളുമടങ്ങിയ ചില മൂലവാക്യങ്ങളാണ് അടുത്ത താളുകളിൽ നാം അവതരിപ്പിക്കുന്നത്. അവർ പരസ്പരം വെച്ചുപുലർത്തിയിരുന്ന സ്നേഹാദരവുകൾക്ക് ഉപോദ്ബലകമായാണിത് ചെയ്യുന്നത്. അവരിലെങ്ങനെ ഈ സ്നേഹാദരവുകളില്ലാതിരിക്കും? ഖൂം [2] എന്ന സ്ഥലത്ത് വെച്ച് 'എന്റെ കുടുംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവെ ഓർമിപ്പിക്കുന്നു'വെന്ന നബി (സ) യുടെ ഉപദേശം കാത്തുസൂക്ഷിക്കുകയായിരുന്നുവല്ലോ സ്വഹാബികൾ.

അതു പോലെ മതത്തിനുള്ള സഹായം, പലായനം, മതത്തിന്റെ ഉന്നമനത്തിനും തിരുനബിക്ക് ശക്തി പകരാനും വേണ്ടി കുടുംബത്തെയും സന്താനങ്ങളെയും ത്യജിച്ചത് എന്നീ കാര്യങ്ങളിൽ സ്വഹാബത്തിന്നുള്ള പങ്ക് അഹ്‌ലുബൈത്തും അംഗീകരിച്ചിരുന്നു.

അവരെ സ്നേഹിക്കാനും നല്ല നിലയിൽ അവരെ പിന്തുടരാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. പരമോന്നത ഫിർദൗസിൽ നബി(സ)യുടെ സ്നേഹജനങ്ങളായി അവരോടൊപ്പം നമ്മെയും ഒരുമിച്ചു തരട്ടെ. ആമീൻ

ഭാഗം ഒന്ന്

# അഹ്ലുബൈത്തും സ്വഹാബികളും

## ആരാണ് അഹ്ലുബൈത്ത്?

ഇവ്വിഷയകമായി ശ്രേഷ്ഠപണ്ഡിതന്മാർക്കിടയിൽ നിരവധി അഭിപ്രായ വ്യത്യാസങ്ങളുണ്ട്. എന്നാൽ ബനൂഹാശിം ആണ് അഹ്ലുബൈത്ത് – നബി കുടുംബം– എന്നും കാരണം സ്വദഖ നിഷിദ്ധമാകുന്നത് അവർക്കാണെന്നുമുള്ള അഭിപ്രായത്തിനാണ് പ്രാമുഖ്യം. സൈദുബ്നു അർഖമിൽ നിന്ന് മുസ്‌ലിം നിവേദനം ചെയ്ത ഒരു ഹദീസാണ് ഈ അഭിപ്രായത്തിന്നാധാരം:

ഒരു ദിവസം, മക്കക്കും മദീനക്കുമിടയിലെ 'ഖുമി'ൽ വെച്ച് തിരുമേനി (സ) ഞങ്ങളോട് പ്രസംഗിക്കാനെഴുന്നേറ്റു. ദൈവസ്തുതിയും വാഴ്ത്തലും ഉപദേശങ്ങളും ഉദ്ബോധന

വുമെല്ലാം നടത്തിയ ശേഷം അവിടുന്ന് പറഞ്ഞു: 'ജനങ്ങളേ, ഞാനൊരു മനുഷ്യൻ മാത്രം. ദൈവത്തിന്റെ ദൂതൻ എന്റെയടുത്തുവരികയും ഞാനദ്ദേഹത്തിന്ന് മറുപടി നൽകിയിട്ടുമുണ്ട്. അമൂല്യമായ രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടുപോവുകയാണ്. മാർഗദർശനവും പ്രകാശവുമുൾക്കൊള്ളുന്ന ദൈവികഗ്രന്ഥമാണ് ഒന്ന്. അത് നിങ്ങൾ കൈക്കൊള്ളുകയും മുറുകെ പിടിക്കുകയും ചെയ്യുക'. അങ്ങനെ, ദൈവിക ഗ്രന്ഥത്തിന് പ്രചോദനവും പ്രേരണയും നൽകിയ ശേഷം അവിടുന്ന് പറഞ്ഞു:

'എന്റെ കുടുംബമാണ് മറ്റൊന്ന്. എന്റെ കുടംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവെ ഓർമിപ്പിക്കുകയാണ്; എന്റെ കുടംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവെ ഓർമിപ്പിക്കുകയാണ്; എന്റെ കുടുംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവെ ഓർമിപ്പിക്കുകയാണ്'.

അപ്പോൾ ഹുസൈ്വൻ – നിവേദകരിലൊരാൾ– ചോദിച്ചു: സൈദ് ആരാണ് അവിടുത്തെ കുടുംബം – അഹ്ലുബൈത്ത്? അവിടുത്തെ പത്നിമാർ അഹ്ലുബൈത്തിൽ ഉൾപ്പെടുന്നില്ലേ?

അദ്ദേഹം പറഞ്ഞു: 'പ്രവാചക പത്നിമാർ അഹ്ലുബൈത്തിൽ ഉൾപ്പെട്ടവർ തന്നെ. എന്നാൽ അദ്ദേഹത്തിന്നു ശേഷം സ്വദഖ നിഷിദ്ധമായവരാണ് അവിടുത്തെ അഹ്ലുബൈത്ത്.[1]

ഹുസൈ്വൻ: 'അതാരാണ്?

അദ്ദേഹം : 'അലി, ഉഖൈൽ, ജഅ്ഫർ, അബ്ബാസ് എന്നിവരുടെ കുടുംബങ്ങൾ.[2]

**തെളിവിതാണ്:**

അബ്ദുൽ മുത്തലിബുബ്നു റബീഅത്ബ്നുൽ ഹാരിസുബ്നു അബ്ദിൽ മുത്തലിബും ഫദ്ലുബ്നു അബ്ബാസും സ്വദഖ ധനത്തിന്റെ കൈകാര്യകർതൃത്വം തങ്ങൾക്ക് തരണമെന്നപേക്ഷിച്ചുകൊണ്ട് തിരുമേനി(സ)യുടെ അടുത്ത് ചെന്നു. വിവാഹത്തിന് പണം സ്വരൂപിക്കുകയായിരുന്നു ഇതു വഴി അവരുടെ ലക്ഷ്യം. തിരുമേനി (സ) അവരോടു

പറഞ്ഞു: സ്വദഖ ജനങ്ങളുടെ അഴുക്കാണ്. മുഹമ്മദിന്റെ കുടും ബത്തിന്ന് അത് ഉചിതമല്ല. (3)

അലി, ജഅ്ഫർ, ഉഖൈൽ, അബ്ബാസ്, അബൂലഹബ്, ഹാരിഥുബ്നു അബ്ദിൽ മുത്തലിബ് തുടങ്ങിയ നബി(സ)യുടെ പിതൃവ്യപുത്രന്മാരും നബികുടുംബത്തിൽ നിന്ന് ഇസ്ലാം സ്വീകരിച്ച മറ്റുള്ളവരുമാണ് നബികുടുംബ ത്തിൽ പെട്ടവരെന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കപ്പെട്ടത്.

**പ്രവാചക പത്നിമാർ അഹ്ലുബൈതിൽ പെട്ടവർ**

അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ വീട്ടിൽ അടങ്ങിയൊ തുങ്ങി കഴിയുക. പഴയ അനിസ്ലാമിക കാലത്തെപ്പോലെ സൗന്ദര്യം വെളിവാക്കി വിലസിനടക്കാതിരിക്കുക, നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുക, സകാത്ത് നൽകുക, അല്ലാഹു വെയും അവന്റെ ദൂതനെയും അനുസരിക്കുക. നബി കുടും ബമേ, നിങ്ങളിൽ നിന്ന് മാലിന്യം നീക്കിക്കളയാനും നിങ്ങളെ പൂർണമായും ശുദ്ധീകരിക്കാനുമാണ് അല്ലാഹു ഉദ്ദേശിക്കു ന്നത്" (അൽ അഹ്സാബ്:33).[4]

പ്രവാചകപത്നിമാർ അഹ്ലുബൈത്തിൽ ഉൾപ്പെട്ടു വെന്ന് ഈ സൂക്തത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് വ്യക്തമാ കും. അവരല്ലാത്തവർ അഹ്ലുബൈത്തിൽ ഉൾപ്പെടുന്നില്ലെന്ന് ഇതിനർഥമില്ല. ഹേതുവല്ല, പ്രത്യുത പദവ്യാപ്തിയാണിവിടെ പരിഗണിക്കപ്പെടുന്നത്. പ്രസ്തുത സൂക്തത്തെ കുറിച്ച് ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇക്രിമ റിപ്പോർട്ട് ചെയ്യുന്നു: 'പ്രവാചകപത്നിമാരുടെ കാര്യത്തിലാണീ സൂക്തം അവതരി ച്ചത്'.

ഇക്രിമ പറയുന്നു: جلاء الأفهام എന്ന കൃതിയിൽ (പേജ് 331 – 333) നബി പത്നിമാർ അഹ്ലുബൈത്തിൽ ഉൾപ്പെടുന്നുവെ ന്നതിന് ന്യായമായി ഇമാം ഇബ്നുൽ ഖയ്യിം പറയുന്നതും ഇതു തന്നെ.

'പ്രത്യേകിച്ചും പ്രവാചകപത്നിമാർ. നബി(സ)യുമാ യുള്ള അവരുടെ ബന്ധം തീർന്നു പോകുന്നതല്ലല്ലോ. അവി ടുത്തെ ജീവിതകാലത്തും മരണ ശേഷവും അവരെ വിവാഹം കഴിക്കുന്നത് മറ്റുള്ളവർക്ക് നിഷിദ്ധമാണല്ലോ. ഇഹലോകത്തും

പരലോകത്തും അവർ പ്രവാചക പത്നിമാർ തന്നെ. അതിനാൽ അവിടത്തോടുള്ള അവരുടെ ബന്ധം കുടുംബ ബന്ധം തന്നെ. അവരുടെ മേൽ സ്വലാത്ത് ചൊല്ലണമെന്ന് അവിടുന്നു വ്യക്തമാക്കിയിട്ടുണ്ട്. അവർക്ക് സ്വദഖ നിഷിദ്ധമായതും അതുകൊണ്ടു തന്നെ. അത് ജനങ്ങളുടെ അഴുക്കാണല്ലോ. നബിയെയും കുടുംബത്തെയും മനുഷ്യരുടെ അഴുക്കുകളിൽ നിന്ന് അല്ലാഹു പരിരക്ഷിച്ചിരിക്കുന്നുവെന്നതാണ് ശരിയായ അഭിപ്രായം. ഈ വസ്തുതകളെല്ലാം ഇമാം അഹ്മദ് വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്.'

അത്ഭുതമേ, താഴെ വാക്യങ്ങളിൽ പ്രവാചകപത്നിമാർ ഉൾപ്പെടുക![6]

اللهم اجعل رزق آل محمد قوتا

ഉദ്ഹിയ്യത്തിൽ:

اللهم هذا عن محمد وآل محمد (അല്ലാഹുവേ ഇത് മുഹമ്മദിനും മുഹമ്മദിന്റെ കുടുംബത്തിനും വേണ്ടിയാണ്).[7]

ആഇശ(റ)യുടെ വാക്ക്: നബി കുടുംബം ഗോതമ്പ് റൊട്ടി വയർ നിറച്ചു കഴിച്ചിട്ടില്ല.[8]

തിരുവചനം: 'അല്ലാഹുവേ, മുഹമ്മദിന്നും മുഹമ്മദിന്റെ കുടുംബത്തിന്നും അനുഗ്രഹം നൽകേണമേ.'[9]

അതോടൊപ്പം, സ്വദഖ ജനങ്ങളുടെ അഴുക്കായിരിക്കെ,

إن الصدقة لا تحل لمحمد وعلى آل محمد

(സ്വദഖ മുഹമ്മദിനും മുഹമ്മദിന്റെ കുടുംബത്തിന്നും അനുവദനീയമല്ല)[10] എന്ന വചനത്തിൽ അവർ ഉൾക്കൊള്ളാതെയിരിക്കുകയുമില്ല. ആ അഴുക്കിൽ നിന്ന് പരിരക്ഷിക്കാനും അകറ്റി നിർത്താനും ഏറ്റവും അർഹത നബി പത്നിമാർക്കാണല്ലോ

ഇവിടെ ഒരു സംശയമുണ്ടായേക്കാം. നബി പത്നിമാർക്ക് സ്വദഖ നിഷിദ്ധമാണെങ്കിൽ അവരുടെ മൗല(അവർ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചവർ)കൾക്കും നിഷിദ്ധമാക്കേണ്ടതാണല്ലോ.ബനൂഹാശിമിനത് നിഷിദ്ധമാക്കിയപ്പോൾ അവരുടെ മൗലകൾക്കും നിഷിദ്ധമായിരുന്നുവല്ലോ. എന്നാൽ ആഇശ(റ)യുടെ മൗലയായിരുന്ന ബരീറ തനിക്ക് സ്വദഖയായി ലഭിച്ച മാംസം ഭുജിച്ചുവെന്നും തിരുമേനി (സ) അത് നിഷിദ്ധ

മാക്കിയില്ലെന്നും പ്രബലമായ റിപ്പോർട്ടിൽ വന്നിരിക്കുന്നുവല്ലോ.

മറുപടി ഇതാണ്: നബി പത്നിമാർക്ക് സ്വദഖ അനുവദനീയമാണെന്ന പക്ഷക്കാരുടെ സംശയമാണിത്. എന്നാൽ നബി പത്നിമാർക്ക് സ്വദഖ നിഷിദ്ധമായത് അടിസ്ഥാനപരമല്ല. പ്രത്യുത നബി (സ)ക്ക് നിഷിദ്ധമായതിന്റെ അനുബന്ധമെന്ന നിലക്കാണ്. നബി(സ)യുമായി ബന്ധപ്പെടുന്നതിനു മുമ്പ് അവർക്കത് നിഷിദ്ധമായിരുന്നില്ലല്ലോ. അപ്പോൾ മറ്റൊന്നിൽ നിന്ന് ഉണ്ടായതാണ് ഈ നിഷിദ്ധം. മൗലമാർക്ക് നിഷിദ്ധമാകുന്നത് യജമാനന്റേതിനെ തുടർന്നാണ്. ബനൂ ഹാശിമിന്ന് നിഷിദ്ധമായത് അടിസ്ഥാനപരമാണ്. അപ്പോൾ അനുബന്ധമായി അവരുടെ മൗലമാർക്കും അത് ബാധകമായി. പ്രവാചക പത്നിമാരുടെ നിഷിദ്ധത അനുബന്ധമായതായതിനാൽ അവരുടെ മൗലമാരിൽ ബാധകമാക്കാൻ മാത്രം അതിന്ന് ബലമില്ല. കാരണം അവർ മൂന്നാമത്തെ പദവിയിൽ ശാഖോപശാഖയിൽ ആണല്ലോ നിലകൊള്ളുന്നത്. പണ്ഡിതന്മാർ പറയുന്നു.: അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ:

“പ്രവാചകപത്നിമാരേ, നിങ്ങളിലാരെങ്കിലും വ്യക്തമായ നീചവൃത്തിയിൽ ഏർപ്പെടുകയാണെങ്കിൽ അവൾക്ക് രണ്ടിരിട്ടി ശിക്ഷയുണ്ട്. അല്ലാഹുവിന്നത് വളരെ എളുപ്പമാണ്.”[11]
“നിങ്ങളാരെങ്കിലും അല്ലാഹുവോടും അവന്റെ ദൂതനോടും വിനയം കാണിക്കുകയും സൽകർമം പ്രവർത്തിക്കുകയുമാണെങ്കിൽ അവൾക്ക് നാം രണ്ടിരിട്ടി പ്രതിഫലം നൽകും. അവൾക്കു നാം മാന്യമായ ജീവിതവിഭവം ഒരുക്കി വെച്ചിട്ടുമുണ്ട്.

പ്രവാചകപത്നിമാരേ, നിങ്ങൾ മറ്റുള്ളസ്ത്രീകളെ പോലെയല്ല. അതിനാൽ നിങ്ങൾ ദൈവഭക്തകളാണെങ്കിൽ കൊഞ്ചികുഴഞ്ഞ് സംസാരിക്കരുത്. അത് ദീനം പിടിച്ച മനസ്സുള്ളവരിൽ മോഹമുണർത്തിയേക്കും. നിങ്ങൾ മാന്യമായി മാത്രം സംസാരിക്കുക.

നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിയൊതുങ്ങിക്കഴിയുക. പഴയ അനിസ്‌ലാമിക കാലത്തെപ്പോലെ സൗന്ദര്യം വെളിവാക്കി വലസി നടക്കാതിരിക്കുക. നമസ്കാരം നിഷ്ഠ

യോടെ നിർവഹിക്കുക, സകാത്ത് നൽകുക, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുക, നബി കുടുംബമേ, നിങ്ങളിൽ നിന്ന് മാലിന്യം നീക്കിക്കളയാനും നിങ്ങളെ പൂർണമായും ശുദ്ധീകരിക്കാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

നിങ്ങളുടെ വീടുകളിൽ വെച്ച് ഓതികേൾപ്പിക്കുന്ന അല്ലാഹുവിന്റെ വചനങ്ങളും തത്വജ്ഞാനങ്ങളും ഓർമിക്കുക. അല്ലാഹു എല്ലാം നന്നായറിയുന്നവനും സൂക്ഷ്മജ്ഞനുമാണ് (അൽ അഹ്സാബ് 30–34).

തുടർന്ന് ഇബ്നുൽ ഖയ്യിം പറയുകയാണ്: 'ഈ സൂക്തങ്ങളുടെ മുഴുവൻ സംബോധന അവരോടാണല്ലോ. ഒന്നിലും അവരെ ഒഴിച്ചു നിറുത്തിയിട്ടില്ല. അതിനാൽ അവർ അഹ്ലുബൈത്തിൽ ഉൾപ്പെട്ടു.'

## അഹ്ലുബൈത്തിന്റെ മഹത്വങ്ങൾ

അല്ലാഹു പറയുന്നു: "നിങ്ങളിൽ നിന്ന് മാലിന്യം നീക്കിക്കളയാനും നിങ്ങളെ പൂർണമായും ശുദ്ധീകരിക്കാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്"(അൽ അഹ്സാബ് 33).[13]

യസീദ്ബ്നു ഹയ്യാനിൽ നിന്ന് മുസ്‌ലിം നിവേദനം ചെയ്യുന്നു: ഞാനും ഹുസൈനുബ്നു സബുറയും ഉമർബ്നു മുസ്‌ലിമും സൈദ്ബ്നു അർഖമിന്നടുത്തുപോയി. അദ്ദേഹത്തിന്റെ മുമ്പിലിരുന്ന് ഹുസൈൻ അദ്ദേഹത്തോടു പറഞ്ഞു: സൈദ്, നിരവധി നന്മകൾക്ക് സാക്ഷ്യം വഹിച്ച ആളാണ് താങ്കൾ.നബി (സ) യെ കാണുകയും അവിടുത്തെ ഹദീസുകൾ കേൾക്കുകയും ചെയ്തിട്ടുണ്ട്. അവിടുത്തോടൊപ്പം യുദ്ധം ചെയ്തിട്ടുണ്ട്. പിന്നിൽ നമസ്കരിക്കുകയുമുണ്ടായിട്ടുണ്ട്. സൈദ്, ധാരാളം നന്മകൾക്ക് സാക്ഷിയാണ് താങ്കൾ.അതിനാൽ തിരുമേനി (സ) യിൽ നിന്ന് കേട്ടത് ഞങ്ങളോടു പറഞ്ഞുതരിക.

അദ്ദേഹം ; സഹോദരപുത്രാ, അല്ലാഹുവാണ, ഞാൻ വൃദ്ധനായിരിക്കുന്നു.കാലം കുറെ കഴിഞ്ഞു.തിരുമേനി(സ)യിൽ നിന്ന് ശ്രദ്ധിച്ചു കേട്ട പലതും മറന്നുപോയിരിക്കുന്നു. അതിനാൽ പറഞ്ഞുതരുന്നത് സ്വീകരിക്കുക. അല്ലാത്തതിനെ കുറിച്ച് നിർബന്ധം പിടിക്കരുത്.

പിന്നെ അദ്ദേഹം പറഞ്ഞു: ഒരു ദിവസം, മദീനക്കും മക്കക്കുമിടയിലെ 'ഖൂം' എന്ന സ്ഥലത്ത് വെച്ച് തിരുമേനി (സ) ഞങ്ങളോട് പ്രഭാഷണം നടത്താനായി എഴുന്നേറ്റു. അല്ലാഹുവെ സ്തുതിക്കുകയും വാഴ്ത്തുകയും ഉപദേശോദ്ബോധനങ്ങൾ നടത്തുകയും ചെയ്ത ശേഷം അവിടുന്ന് പറഞ്ഞു: ജനങ്ങളേ , ഞാനൊരു മനുഷ്യൻ മാത്രം. ദൈവത്തിന്റെ ദൂതൻ എന്റെ അടുത്തു വരികയും ഞാനദ്ദേഹത്തിന്നു മറുപടി കൊടുക്കയും ചെയ്യാറായിട്ടുണ്ട്.മഹത്തായ രണ്ടു കാര്യങ്ങൾ നിങ്ങളിൽ വിട്ടുകൊണ്ടാണ് ഞാൻ പോകുന്നത്.മാർഗദർശനവും പ്രകാശവുമുൾക്കൊള്ളുന്ന ദൈവിക ഗ്രന്ഥമാണ് ഒന്ന്. ദൈവിക ഗ്രന്ഥം നിങ്ങൾ കൈക്കൊള്ളുകയും മുറുകെ പിടിക്കുകയും ചെയ്യുക.' അങ്ങനെ അതിന്നവിടുന്നു പ്രചോദനവും പ്രേരണയും നൽകി.

പിന്നെ, അവിടുന്ന് പറഞ്ഞു: എന്റെ കുടുംബം. എന്റെ കുടുംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവെ ഓർമിപ്പിക്കുകയാണ്. എന്റെ കുടുംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവെ ഓർമിപ്പിക്കുകയാണ്.എന്റെ കുടുംബത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ അല്ലാഹുവെ ഓർമിപ്പിക്കുകയാണ്.

ഹുസൈൻ: സൈദ്, ആരാണവിടത്തെ കുടുംബം? അഹ്ലുബൈത്ത്? അവിടത്തെ പത്നിമാർ അതിൽ ഉൾപ്പെടുകയില്ലേ?

അദ്ദേഹം: പത്നിമാർ അഹ്ലുബൈത്തിൽ പെടുന്നു. എന്നാൽ അവിടുത്തെ ശേഷം , സ്വദഖ നിഷിദ്ധമായവരാണ് നബി കുടുംബം.

ഹുസൈൻ: അതാരാണ്?

അദ്ദേഹം: അലി, ഉഖൈൽ, ജഅ്ഫർ, അബ്ബാസ് എന്നിവരുടെ

കുടുംബങ്ങൾ.
ഹുസൈ്വൻ: ഇവർക്കെല്ലാം സ്വദഖ നിഷിദ്ധമാണോ?
അദ്ദേഹം: അതെ. [14]
അബൂഹുമൈദ് സാഇദിയിൽ നിന്ന് ബുഖാരി നിവേദനം ചെയ്യുന്നു: അവർ ചോദിച്ചു: തിരുദൂതരേ, ഞങ്ങളെങ്ങനെയാണ് അവിടുത്തെ മേൽ സ്വലാത്ത് ചൊല്ലുക? അവിടുന്ന് പറഞ്ഞു: നിങ്ങൾ ഇങ്ങനെ പറയുക:

اللهم صل على محمد وأزواجه وذريته كما صليت على إبراهيم وبارك على محمد وأزواجه وذريته كما باركت على آل ابراهيم إنك حميد مجيد [15]

ഇസ്ലാമിലെ സുപ്രധാനമായൊരു ഘടകമാണ് സ്വലാത്ത്. അത് അഹ്ലുബൈത്തിന്ന് – നബി കുടുംബത്തിന് – മേൽ ചൊല്ലുവാൻ അല്ലാഹു നമ്മോട് ആജ്ഞാപിച്ചിരിക്കുകയാണ്.

'എന്റെ കുടുംബബന്ധവും വംശപരമ്പരയുമല്ലാത്ത എല്ലാ കുടുംബവും വംശപരമ്പരയും അന്ത്യദിനത്തിൽ വിഛേദിക്കപ്പെടുന്നതാണ്' എന്ന് ഹദീസ്. [16]

# അഹ്ലുബൈത്തും സ്വഹാബത്തും മുസ്ലിം വീക്ഷണത്തിൽ

ഏറ്റവും ഉത്തമവംശപരമ്പരയാണ് ബനൂഹാശിം എന്നതിൽ യാതൊരു സംശയവുമില്ല. തിരുമേനി (സ) യോടുള്ള സ്നേഹത്തിന്റെ അനുബന്ധമായാണ് മുസ്ലിംകൾ ബനൂഹാശിമിനെ സ്നേഹിക്കുന്നത്. അതിനാൽ തന്നെ അത് നിർബന്ധവും പ്രതിഫലാർഹവുമാണ്. അവരുടെ ഇസ്ലാമാശ്ലേഷം, മഹത്വം, മുൻനിരസാന്നിധ്യം, പ്രവാചകസാമീപ്യം എന്നിവക്ക് പുറമെ നബി (സ)യുടെ പ്രചോദനവും ഉപദേശവുമെല്ലാം ഈ സ്നേഹത്തിന്റെ ഹേതുക്കളാണ്.

എന്നാൽ അവരുടെ കാര്യത്തിൽ അലംഭാവം കാണിക്കുന്നവരുണ്ട്. അതിശയോക്തി വച്ചു പുലർത്തുന്നവരുമുണ്ട്. അവരോടു ള്ള സ്നേഹം നിർബന്ധമാണെന്നതാണ് ഇവിടെ

വിവേകപൂർവമായ അഭിപ്രായം.

നബി (സ) യുടെ ഇഹത്തിലും പരത്തിലും ഭാര്യമാരായ ഉമ്മഹാതുൽ മുഅ്മിനീൻ നബി കുടുംബത്തിൽ പെടുന്നു.വലിയ മഹത്വത്തിന്റെയും ഗുണഗണങ്ങളുടെയും ഉടമകളാണ് അഹ്ലുബൈത്ത്– നബി കുടുംബം – എങ്കിലും മറ്റു ചില പരിഗണനകളാൽ മഹത്വത്തിൽ അവർക്കിടയിൽ ഏറ്റവ്യത്യാസമുണ്ടായിരിക്കും. കാരണം നബി(സ)ക്ക് ശേഷം ആർക്കും അപ്രമാദിത്വമില്ലല്ലോ.

## സ്നേഹത്തിന്റെ നിബന്ധനകൾ

അവരെ സ്നേഹിക്കുന്നതിന്ന് സുപ്രധാനമായ ചില വ്യവസ്ഥകളുണ്ട്.

– ശരിയായ രീതിയിൽ ഇസ്ലാമിൽ നിലകൊള്ളുക. അതിനാൽ തന്നെ, അവരിലെ അവിശ്വാസികളോട് സ്നേഹമോ കൂറോ പ്രകടിപ്പിക്കേണ്ടതില്ല. കേവല കുടുംബബന്ധമാണ് പരിഗണിക്കപ്പെട്ടിരുന്നതെങ്കിൽ അബൂലഹബിന്ന് അത് ലഭിക്കേണ്ടതായിരുന്നുവല്ലോ.

– നബി(സ)യുടെ മാർഗം പിൻപറ്റുന്നവരായിരിക്കുക. 'അറിയുക. അറിയുക. അബൂ– ഇന്നയാൾ–ന്റെ കുടുംബം എന്റെ മിത്രങ്ങളല്ല. അല്ലാഹുവും സച്ചരിതരായ വിശ്വാസികളും മാത്രമാണ് എന്റെ മിത്രങ്ങൾ എന്ന് നബി (സ) പ്രസ്താവിച്ചതായി മുസ്ലിം റിപ്പോർട്ട് ചെയ്യുന്നു. [17]

അഹ്ലുബൈത്തിനോടുള്ള സ്നേഹം നിർബന്ധമാണെന്ന് അഹ്ലുസ്സുന്ന പണ്ഡിതന്മാർ അഖീദ ഗ്രന്ഥങ്ങളിൽ വ്യക്തമായി പറയുന്നുണ്ട്.ഇമാം ത്വഹാവി (മ.ഹി.321) ഇമാം ബർബാരി (മ. ഹി. 329)ആജൂർറി (മ.ഹി.360), ഇസ്ഫറാഈനി (മ.ഹി.471)ഖഹ്ത്വാനി (മ.ഹി.378 ഹി), ഇബ്നുഖുദാമാ മഖ്ദീസി (മ.ഹി. 620), ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ (മ.ഹി.728), ഇബ്നു കഥീർ ദിമശഖി (മ. ഹി. 774)മുഹമ്മദുബ്നു ഇബ്റാഹീം വസീർ യമാനി (മ.ഹി.840 ), സിദ്ദീഖ് ഹസൻ ഖാൻ (മ.ഹി.1307), അബ്ദുറഹ്മാന്ബ്നു നാസ്വിർ സഅദി (മ.ഹി.1376) തുടങ്ങിയ പണ്ഡിതന്മാർ ഇവരിൽ പെടുന്നു.[18]

# ആരാണ് സ്വഹാബികൾ

മുസ്‌ലിമായശേഷം നബി (സ)യെ കാണുകയും മുസ്‌ലിമായി ക്കൊണ്ടുതന്നെ മരണപ്പെടുകയും ചെയ്തയാളാണ് സ്വഹാബി എന്നഭിപ്രായമാണ് തനിക്കറിയാവുന്നതിൽ ഏറ്റവും ശരിയെന്ന് ഹാഫിദ് ഇബ്നു ഹജർ പറയുന്നു.[19]

ഇതനുസരിച്ച് നബി (സ)യെ കാണുകയും മുസ്‌ലിമാ വുകയും ചെയ്ത നബി കുടുംബം സ്വഹാബികൾ കൂടിയാ ണ്. പല ഗ്രന്ഥങ്ങളും നബി കുടുംബത്തെ സ്വഹാബികൾ എന്നു തന്നെ പറയുന്നത് ഇക്കാരണത്താലാണ്.

# സ്വഹാബികളുടെ മഹത്വത്തിന്ന് തെളിവുകൾ

സ്വഹാബികളുടെ മഹത്വത്തിന് ധാരാളം തെളിവുകളുണ്ട്. ചില തിതാ:

كنتم خير أمة أخرجت للناس (آل عمران: ١١٠)

(മനുഷ്യസമൂഹത്തിന്നായി ഉയിരെടുത്ത ഉത്തമസമുദായമായി തീർന്നിരിക്കുന്നു നിങ്ങൾ). [20]

ഈ സൂക്തത്തിൽ ഉൾപ്പെടാൻ ഏറ്റവും അർഹത സ്വഹാബി കൾക്കാണല്ലോ.

وكذلك جعلناكم أمة وسطا (البقرة :١٤٣)

(ഇവ്വിധം നിങ്ങളെ നാം ഒരു മിത സമുദായമാക്കിയിരിക്കുന്നു).[21] മിതസമുദായം ഉത്തമരാണല്ലോ. അഹ്‌ലുബൈത്ത് ഉൾക്കൊ ള്ളുന്ന സ്വഹാബികൾ തന്നെയാണല്ലോ ഇതിലുൾക്കൊള്ളാൻ ഏറ്റവും യോഗ്യർ.

“മരച്ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്ത വേളയിൽ ഉറപ്പായും അല്ലാഹു അവരെ തൃപ്തിപ്പെട്ടി രിക്കുന്നു.അപ്പോൾ അവരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു തിരിച്ചറിഞ്ഞിരിക്കുന്നു. അങ്ങനെ അവൻ അവർക്ക് മനസ്സമാ ധാനമേകി. ആസന്നമായ വിജയം വഴി പ്രതിഫലം നൽകുകയും ചെയ്തു.” [22]

ഒരാളെ അല്ലാഹു തൃപ്തിപ്പെട്ടുകഴിഞ്ഞാൽ , പിന്നെ അയാളോടവൻ കോപിക്കുകയില്ല.കാരണം അദൃശ്യമറിയുന്ന വനാണ് അല്ലാഹു. കരാർ ലംഘനം അവനിൽ നിന്ന് അസംഭ വ്യവും.

“സത്യമാർഗത്തിൽ ആദ്യം മുന്നോട്ട് വന്ന മുഹാജിറുകളിലും അൻസ്വാറുകളിലും സൽകർമങ്ങളിലൂടെ അവരെ പിന്തുടരു ന്നവരിലും അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവർ അവ നിലും സംതൃപ്തരാണ്.” [23]
“നബിയേ, താങ്കൾക്കും താങ്കളെ പിന്തുടർന്ന സത്യവിശ്വാസി കൾക്കും അല്ലാഹു മതി.” [24]

“ തങ്ങളുടെ വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും പുറം തള്ളപ്പെട്ട പലായനം ചെയ്ത് വന്ന പാവങ്ങൾക്കുള്ളതാണ് യുദ്ധമുതൽ.അല്ലാഹുവിന്റെ ഔദാര്യവും പ്രീതിയും തേടുന്നവരാണവർ. അല്ലാഹുവിനെയും അവന്റെ ദൂതനെയും സഹായിക്കുന്നവരും. അവർ തന്നെയാണ് സത്യസന്ധർ.” [25]
അവർ സത്യസന്ധരാണെന്ന് അല്ലാഹു അറിയിക്കുന്നു. ഇതിനർഥം അവർ കപടന്മാരല്ലെന്നാണല്ലോ. അവരെ സംബ ന്ധിച്ചിടത്തോളം തങ്ങളുടെ പലായനം, ജിഹാദ്, ആത്മ ത്യാഗം, ധനത്യാഗം, പിതാക്കളുടെയും സന്തതികളുടെയും വധം, ഗുണകാംക്ഷ, ദൃഢവിശ്വാസം എന്നിവ മാത്രംതന്നെ മഹ ത്വത്തിന് പര്യാപ്തമാണ്.

# സ്വഹാബിമാരുടെ മഹത്വം തിരുവചനങ്ങളിലൂടെ

അബ്ദുല്ലാഹ് ബ്നു മുഗഫ്ഫൽ നബി (സ) യിൽ നിന്നുദ്ധരിക്കുന്നു:

"എന്റെ സ്വഹാബികളുടെ കാര്യത്തിൽ അല്ലാഹുവെ സൂക്ഷിക്കുക; എന്റെ സ്വഹാബികളുടെ കാര്യത്തിൽ അല്ലാഹുവെ സൂക്ഷിക്കുക; എന്റെ ശേഷം നിങ്ങൾ അവരെ ഉന്നമാക്കരുത്. അവരെ ഇഷ്ടപ്പെടുന്നവരെ, എന്നോടുള്ള ഇഷ്ടം കാരണം ഞാനിഷ്ടപ്പെടും. അവരോട് കോപിക്കുന്നവരോട്, എന്നോടുള്ള കോപം കാരണം ഞാൻ കോപിക്കും. അവരെ പീഡിപ്പിക്കുന്നവർ എന്നെയാണ് പീഡിപ്പിക്കുന്നത്.എന്നെ പീഡിപ്പിക്കുന്നവനാകട്ടെ അല്ലാഹുവെ പീഡിപ്പിക്കുന്നു. അല്ലാഹുവിനെ പീഡിപ്പിക്കുന്നവർക്കുള്ള ശിക്ഷ ആസന്നമാണ്." [26]

അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. തിരുനബി (സ) പറഞ്ഞു:

"എന്റെ സ്വഹാബികളെ ചീത്ത പറയരുത്. എന്റെ സ്വഹാബികളെ ചീത്തപറയരുത്. എന്റെ ആത്മാവ് ആരുടെ കൈവശമാണോ അവനാണ സത്യം, നിങ്ങളിലൊരാൾ ഉഹ്ദ് പർവതം കണക്കെ സ്വർണം ചെലവഴിച്ചാൽ പോലും അവരിലൊരാളുടെ മുദ്ദിന്റെയോ അര മുദ്ദിന്റെയോ സ്ഥാനത്തെത്തുകയില്ല." [27]

'ഏറ്റവും ഉത്തമ തലമുറ എന്റെ തലമുറയാണ്. പിന്നെ അവർക്ക് ശേഷമുള്ളവർ. പിന്നെ അവർക്ക് ശേഷമുള്ളവർ. പിന്നെ അവർക്ക് ശേഷമുള്ളവർ'... എന്ന് തിരുമേനി (സ) പറഞ്ഞതായി മുതവാതിറായി വന്നിട്ടുണ്ട്.

ബഹ്സ് ബ്നു ഹകീം തന്റെ പിതാവ് വഴി പിതാമഹനിൽ നിന്നുദ്ധരിക്കുന്നു. തിരുമേനി (സ) പറഞ്ഞതായി ഞാൻ

കേട്ടിരിക്കുന്നു: "അറിയുക. നിങ്ങൾ എഴുപത് സമുദായമായി തീരും. അവരിൽ ഏറ്റവും ഉത്തമരും നന്മനിറഞ്ഞവരും നിങ്ങളായിരിക്കും." [29]

## സ്വഹാബികൾ മുസ്‌ലിം വീക്ഷണത്തിൽ

പ്രവാചകന്മാർക്കു ശേഷം ഏറ്റവും ഉത്തമ സൃഷ്ടികൾ നബി (സ) യുടെ സഹാബികളാണെന്നാണ് മുസ്‌ലിം വിശ്വാസമെന്ന് മേലുദ്ധരിച്ച തെളിവുകളിൽ നിന്ന് മനസ്സിലാകുന്നു.

ആദ്യം പ്രവാചകനും പിന്നെ സ്വഹാബികളും തെരഞ്ഞെടുക്കുക വഴിയാണ് നബിക്ക് ശേഷം അബൂബക്കറി(റ)ന്ന് ഖിലാഫത്ത് സ്ഥാനം ലഭിച്ചതെന്ന് അവർ സ്ഥിരീകരിക്കുന്നു. ഉമറി (റ) ന്റെ ഖിലാഫത്താകട്ടെ, അബൂബക്കർ അദ്ദേഹത്തെ പിൻഗാമിയായി നിശ്ചയിക്കുക വഴിയും . ഉമറി (റ) ന്റെ നിർദേശാനുസാരം കൂടിയാലോചനാ സമിതിയും മറ്റു മുസ്‌ലിംകളും തീരുമാനിക്കുക വഴിയാണ് ഉഥ്മാന്റെ(റ) ഖിലാഫത്ത് നടന്നത്. അലി(റ)യുടെ ഖിലാഫത്താകട്ടെ, അമ്മാർബ്നു യാസിർ, സഹ്‌ലുബ്നു ഹനീഫ് തുടങ്ങിയ ബദ്‌രികളും അവരുടെ അനുയായികളായ മറ്റ് സ്വഹാബികളും ബൈഅത്ത് ചെയ്യുക വഴിയും. ആദ്യമായി ഇസ്‌ലാം സ്വീകരിച്ചുവെന്ന അദ്ദേഹത്തിന്റെ ശ്രേഷ്ഠത പുറമെയും.

എന്നാൽ , സ്വഹാബികളുടെ മഹത്വത്തിന്ന് അവർ ന്യായം കണ്ടെത്തുന്നത് താഴെ സൂക്തങ്ങളിലാണ്.

"മരച്ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്ത വേളയിൽ ഉറപ്പായും അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു." [30]

"സത്യമാർഗത്തിൽ ആദ്യം മുന്നോട്ടുവന്ന മുഹാജിറുകളിലും അൻസ്വാറുകളിലും സൽകർമങ്ങളിലൂടെ അവരെ പിന്തുടരുന്നവരിലും അല്ലാഹു സംതൃപ്തനായിരിക്കുന്നു." [31]

അല്ലാഹു ഒരു വിഭാഗത്തെ തൃപ്തിപ്പെട്ടു കഴിഞ്ഞാൽ പിന്നെ, അവന്റെ കോപ ഹേതുകമായ യാതൊന്നും അവരിൽ

നിന്നുണ്ടാവുകയില്ല. എന്നാൽ താബിഉകൾക്കിതുണ്ടാകുന്ന തിന് സൽകർമം വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു.അതിനാൽ അവർക്ക് ശേഷം താബിഉകളിലാരെങ്കിലും അവരെ കുറ്റം പറ യുന്നുവെങ്കിൽ അയാൾ സൽകർമം ചെയ്തിട്ടില്ല.അതിനാൽ തന്നെ ഈ ദൈവിക പ്രീതിയിൽ അയാൾ ഉൾപ്പെടുകയുമി ല്ല.[32]

സ്വഹാബികളുടെ യുദ്ധത്തെ കുറിച്ച് ചോദിക്കപ്പെട്ട പ്പോൾ ഹസനുൽ ബസരി പറഞ്ഞതെത്ര വിവേകപരം! 'മുഹ മ്മദി(സ) ന്റെ അനുയായികൾ സന്നിഹിതരായ യുദ്ധം! നാമ വിടെ സന്നിഹിതരായിരുന്നില്ല. അവർക്കറിവുണ്ട്. നമുക്കറിവി ല്ല. അവർ ഐക്യത്തിലായി. അപ്പോൾ നാമവരെ പിൻപറ്റി. അവർ ഛിദ്രിച്ചു. അപ്പോൾ നാം നിന്നു പോയി.'

ആദ്യകാല കുഴപ്പത്തെകുറിച്ച് നിശ്ശബ്ദരാകാനാണ് പൂർവസൂരികൾ ഇഷ്ടപ്പെട്ടത്:
'ആ രക്തചൊരിച്ചിലിൽ നിന്ന് നമ്മുടെ കരങ്ങൾ അല്ലാഹു പരിശുദ്ധമാക്കിയിരിക്കുന്നു. അതിനാൽ അതിന്റെ പേരിൽ നമ്മുടെ നാവ് നാം മലിനമാക്കിന്നില്ല.[33] അവരിൽ നമുക്ക് ഉത്തമ മാതൃകയുണ്ട് എന്നായിരുന്നു അവർ പറഞ്ഞിരുന്നത്. [34]

# സ്വുഹ്ബതും കുടുംബബന്ധവും സമ്മേളിച്ചവർ

നബി കുടുംബത്തിൽ ഉൾപ്പെട്ടതൊടൊപ്പം സ്വഹാബി കൂടി യായ ധാരാളമാളുകളുണ്ട്. അവരിൽ ചിലർ ഇവരാണ്.

*പുരുഷന്മാർ*

അബ്ദുൽ മുത്തലിബിന്റെ പുത്രന്മാരായ അബ്ബാസ്, ഹംസ, അബൂത്വാലിബിന്റെ മക്കളായ ജഅ്ഫർ, അലി, അലിയുടെ മക്ക ളായ ഹസൻ, ഹുസൈൻ, ജഅ്ഫറിന്റെ പുത്രന്മാരായ അബ്ദു ല്ല, മുഹമ്മദ്, ഹാരിസുബ്നു അബ്ദിൽ മുത്ത്വലിബിന്റെ പുത്ര ന്മാരായ അബൂസുഫ്യാൻ, റബീഅ, ഉബൈദ, അബ്ബാസ്ബ്നു

അബ്ദിൽ മുത്ത്വലിബിന്റെ ചില പുത്രന്മാർ, ഉഖൈൽ ബ്നു അബീ ത്വാലിബ്.

*സ്ത്രീകൾ*

പ്രവാചകപുത്രിമാരായ ഫാത്വിമ, റുഖിയ്യ, ഉമ്മുകുൽസൂം, സൈനബ്, പുത്രിയുടെ പുത്രിമാരായ ഉമ്മുകുൽസൂം, സൈനബ്, പ്രവാചകപത്നിമാരായ ഖദീജ, സൗദ, ആഇശ, ഹഫ്സ, സൈനബ് ബ്നു ഖുസൈമ, അബൂ ഉമയ്യ മകൾ ഹിന്ദ് എന്ന ഉമ്മുസൽമ, സൈനബ് ബിൻത് ജഹ്ശ്, ജുവൈരിയ്യ മുസ്ത്വൽഖിയ്യ, അബൂസുഫ്യാന്റെ മകൾ റംല എന്ന ഉമ്മു ഹബീബ, ഹുയയ്യുബ്നു അഖ്ത്വബിന്റെ മകൾ സ്വഫിയ്യ, ഹാരിഥിന്റെ മകൾ മൈമൂന, തിരുമേനിയുടെ പിതൃവ്യസഹോദരികളായ സ്വഫിയ്യ, അർവ, ആതിക, പിതൃവ്യ പുത്രന്മാരായ അബൂതാലിബിന്റെ മകൾ ഉമ്മുഹാനി, അബൂലഹബിന്റെ മകൾ ദർറ. [35]

## ഭാഗം രണ്ട്

# അഹ്‌ലുബൈത്ത് സ്വഹാബി കളെ പ്രശംസിക്കുന്നു

തന്റെ ദാസന്മാരുടെ ഹൃദയങ്ങളിൽ ഏറ്റവും ഉത്തമം മുഹമ്മദ് നബി (സ) യുടെതാണെന്ന് കണ്ട അല്ലാഹു അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും തന്റെ ദൗത്യനിർവഹണത്തിന് നിയോഗിക്കുകയും ചെയ്തു. രണ്ടാം സ്ഥാനമർഹിക്കുന്നത് അദ്ദേഹത്തിന്റെ സ്വഹാബികളുടെ ഹൃദയമാണെന്ന് കണ്ടപ്പോൾ അവരെ സ്വന്തം ദൂതന്റെ സഹായികളായി, തന്റെ മതത്തിന്റെ കാര്യത്തിൽ സമരം ചെയ്യുന്ന സഹകാരികളായി നിശ്ചയിച്ചു.[36]

സപ്തവാനങ്ങൾക്ക് മുകളിൽ അവരുടെ ഹൃദയങ്ങളെ സംസ്കരിച്ചു എന്നറിയിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രഖ്യാപനമുണ്ടായി:

والسابقون الأولون من المهاجرين والأنصار والذين اتبعوهم بإحسان رضي الله عنهم
ورضوا عنه وأعد لهم جنت تجري تحتها الأنهار خالدين فيها ابداذلك الفوز العظيم (التوبة ١٠٠)

(സത്യമാർഗത്തിൽ ആദ്യം മുന്നോട്ടുവന്ന മുഹാജിറുകളിലും അൻസ്വാറുകളിലും സൽകർമങ്ങളിലൂടെ അവരെ പിന്തുടരുന്നവരിലും അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവർ അവനിലും സംതൃപ്തരാണ്. അവൻ അവർക്കായി താഴ്ഭാഗത്തിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങൾ തയ്യാറാക്കിവെച്ചിട്ടുണ്ട്. അവരവിടെ സ്ഥിരവാസികളായിരിക്കും. അതിമഹത്തായ വിജയവും അത് തന്നെ). [37]

മുഹാജിറുകൾക്കും അൻസ്വാറുകൾക്കും അവരെ പിൻപറ്റുന്ന സൽകർമികൾക്കും ദൈവപ്രീതിയുണ്ടെന്ന് ഈ സൂക്തം വ്യക്തമാക്കുകയും സ്വർഗലോകത്ത് അവർക്ക് മഹത്തായ വിജയവും നൈരന്തര്യവുമുണ്ടെന്ന് സുവാർത്തയറിയി

ക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ളവരെ ശപിക്കാനും ദുഷിക്കാനും ആർക്കാണ് കഴിയുക? ഇഹലോകത്തുനിന്ന് അവർ പോകുന്നത് താഴ്ഭാഗത്തുകൂടി നദികളൊഴുകുന്ന സ്വർഗീയാരാമത്തിലേക്കാണെന്നും അവരവിടെ ശാശ്വതവാസം നടത്തുമെന്നും അവർ വിജയികളാണെന്നും വാഗ്ദത്തപാലകനായ അല്ലാഹു വാഗ്ദാനം നടത്തിയിരിക്കെ, അവരെ അധിക്ഷേപിച്ചുകൊണ്ട് വിഷലിപ്തമായ വരികളാൽ താളുകൾ നിറക്കാൻ ആർക്കാണ് കഴിയുക?

'മഹത്തുക്കൾക്കേ മഹത്തുക്കളുടെ മഹത്ത്വം അറിയുകയുള്ളൂ' വെന്ന് പറഞ്ഞത് എത്ര ശരിയാണ്! സ്വഹാബികളുടെ മഹത്വവും അല്ലാഹുവിന്നും അവന്റെ ദൂതന്നുമടുത്ത് അവരുടെ സ്ഥാനവും മനസ്സിലാക്കുന്നതിൽ നബി കുടുംബം മുൻനിരയിലെത്തിയത് അത് കൊണ്ടാണ്.

## അലിയും ഗവർണർമാരും

തന്റെ സഹോദരങ്ങളുടെ സ്ഥിതിഗതികൾ നന്നായറിയുന്ന അലി (റ) സ്വഹാബികളെ വർണിക്കുന്നതിങ്ങനെ:

"മുഹമ്മദി(സ) ന്റെ സ്വഹാബികളെ ഞാൻ കണ്ടു. അവരോട് സദൃശരായ ആരെയും നിങ്ങളിൽ ഞാൻ കാണുന്നില്ല. മുടി ജടകുത്തിയും മണ്ണ് പുരണ്ടും നേരം പുലർന്നിരുന്ന അവർ രാത്രി നിറുത്തത്തിലും സുജൂദിലുമായി കഴിയുകയായിരുന്നു.പുനർജീവതത്തെകുറിച്ചോർക്കുമ്പോൾ തീകട്ടമേൽ നിൽക്കുമ്പോലെയായിരുന്നു അവർക്കനുഭവപ്പെട്ടിരുന്നത്.' [38]

അല്ലാഹുവിനെ ഓർത്താൽ അവരുടെ കണ്ണുകളൊഴുകി കുപ്പായ കഴുത്തുകൾ പോലും നനയും. കൊടുങ്കാറ്റു ദിനത്തിലെ മരങ്ങൾ കണക്കെ ശിക്ഷയെ ഭയന്നും പ്രതിഫലമാഗ്രഹിച്ചും അവർ ചാഞ്ചാടിക്കൊണ്ടിരുന്നു.' [39]

അലി(റ)നബി (സ) യിൽ നിന്ന് ഉദ്ധരിക്കുന്നു.:

'എന്നെ കാണുകയോ എന്നെ കണ്ടവനെ കാണുകയോ ചെയ്തവർക്ക് സുവാർത്ത.' [40]

സ്വഹാബിയാവുക എന്നതിന്റെ ഏറ്റവും താണപടിയാണല്ലോ നബി (സ) യെ കാണുക എന്നത്. പ്രസ്തുത കാഴ്ച മാത്രമല്ല, കണ്ടവനെയോ കണ്ടവനെ കണ്ടവനെയോ കാണുന്നതു പോലും ഇത്ര കണ്ട് മഹത്തരമാണെങ്കിൽ , അല്ലാഹുവിന്റെയും പ്രവാചകന്റെയും ഭാഗത്ത് നിന്നും വിശുദ്ധീകരിക്കപ്പെട്ട ഈ തലമുറക്കെതിരെ ധൈര്യപ്പെടാൻ ഇത്രമേൽ നമുക്കെങ്ങനെ കഴിയും?

തന്റെയും പ്രവാചകന്റെയും സ്വഹാബിമാരുടെയും സ്ഥിതിയെയും ശത്രുവിന്റെ മുമ്പിൽ വെച്ച് മരണത്തിലെക്കുള്ള അവരുടെ കുതിപ്പിനെയും വിവരിച്ചുകൊണ്ട് അലി (റ) പറയുകയാണ്:

'നബി (സ) യോടൊപ്പം നിലകൊണ്ട് ഞങ്ങളുടെ പിതാക്കന്മാർ, സന്താനങ്ങൾ, സഹോദരങ്ങൾ , പിതൃവ്യന്മാർ എന്നിവരെ ഞങ്ങൾ വധിച്ചിരുന്നു. ഇതെല്ലാം വിശ്വാസം, കീഴ്വഴക്കം, നേരായ മാർഗത്തിലൂടെയുള്ള നടത്തം, വേദനാനുഭവങ്ങളിലുള്ള ക്ഷമ,ശത്രുവോടുള്ള സമരത്തിലെ കഠിനാദ്ധ്വാനം എന്നിവ വർധിപ്പിച്ചു തരിക മാത്രമാണ് ചെയ്തത്. ഞങ്ങളിലൊരാളും ശത്രുപക്ഷത്തെ ഒരാളും ധീരധീരം പോരാടുകയും ഒരാൾ അപരനെ വധിക്കാൻ തക്കം നോക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ ഞങ്ങൾക്കായിരിക്കും ജയമെങ്കിൽ മറ്റുചിലപ്പോൾ ശത്രുവിന്നായിരിക്കും. അങ്ങനെ, ശത്രുവിനെ നേരിടുന്നതിലെ ഞങ്ങളുടെ ആത്മാർഥത കണ്ടപ്പോൾ അല്ലാഹു ശത്രുവിന്നു പരാജയവും ഞങ്ങൾക്ക് വിജയവും പ്രദാനം ചെയ്യുകയായിരുന്നു. അങ്ങനെ സ്വദേശത്ത് താമസമാക്കിക്കൊണ്ട് ഇസ്‌ലാം തല ഉയർത്തിപ്പിടിച്ചു. എന്റെ ആയുസ്സ് തന്നെയാണ, നിങ്ങൾ ചെയ്യുന്ന കാര്യം ഞങ്ങൾ –സ്വഹാബികൾ— ചെയ്തിരുന്നുവെങ്കിൽ ഇസ്‌ലാമിന്ന് താങ്ങ് നില നിൽക്കുമായിരുന്നില്ല, വിശ്വാസത്തിന്റെ കൊമ്പ് പച്ച പിടിക്കുമായിരുന്നില്ല. അല്ലാഹുവാണ, നിങ്ങളതിനെ കറന്നെടുക്കുന്നത് രക്തമായിട്ടായിരിക്കും.' [41]

റോമക്കാരുമായുള്ള യുദ്ധകാര്യത്തിൽ കൂടിയാലോചന നടത്തിയ ഉമറി (റ) നോട് അദ്ദേഹം പറഞ്ഞു:

'താങ്കൾ ഈ ശത്രുവിന്നടുത്തേക്ക് നേരിട്ടു ചെല്ലുകയും അവരുമായി യുദ്ധത്തിലേർപ്പെട്ടു അപകടത്തിൽ പെടുകയും ചെയ്താൽ പിന്നെ മുസ്ലിംകൾക്കൊരു അഭയമുണ്ടാവുകയില്ല. ദൂരെയുള്ള നഗരങ്ങൾ മാത്രമായിരിക്കും അഭയം. അവർക്ക് മടങ്ങി പോകാനൊരിടവുമുണ്ടാവുകയില്ല.അതിനാൽ, യുദ്ധത്തിൽ പരിചയസമ്പന്നനായൊരാളെയും നിപുണരും ഗുണകാക്ഷികളുമായ ആളുകളെയും അവരുടെ അടുത്തേക്കയക്കുക. അല്ലാഹു വിജയം നൽകുകയാണെങ്കിൽ അത് തന്നെയാണല്ലോ, താങ്കളുടെ ലക്ഷ്യം. ഇനി മറിച്ചാണെങ്കിൽ താങ്കൾ ജനങ്ങൾക്കൊരു താങ്ങും മുസ്ലിംകൾക്ക് അഭയകേന്ദ്രവുമായിരിക്കും.' [42]

ഉമറി(റ) നോടദ്ദേഹം പറഞ്ഞു: 'താങ്കളവർക്ക് അച്ചുതണ്ട് പോലെയായിരിക്കുക; അറബികളുടെ സഹായത്തോടെ യുദ്ധം നിയന്ത്രിക്കുക; അവരുടെ അസ്തിവാരമായി തീരുക; യുദ്ധം കൈവെടിയുക, കാരണം താങ്കൾ ഈ സ്ഥലം വിട്ടു പോവുകയാണെങ്കിൽ, നാനാ ഭാഗങ്ങളിൽ നിന്നും അറബികൾ താങ്കളെ അക്രമിക്കും. പിന്നെ, താങ്കൾ മുമ്പ് വെറുതെ വിട്ട പ്രദേശങ്ങൾ മുമ്പിലുള്ളതിനേക്കാൾ പ്രാധാന്യമേറിയതാകും. നാളെ പേർഷ്യക്കാർ താങ്കളെ കാണുകയാണെങ്കിൽ പറയും: അറബി മുഖ്യനാണദ്ദേഹം. അദ്ദേഹത്തെ നശിപ്പിച്ചാൽ നിങ്ങൾക്ക് സമാധാനമായി ജീവിക്കാം.' [43]

ഉമറി (റ) ന്റെ മരണാനന്തരം അദ്ദേഹം പ്രശംസിച്ചതിങ്ങനെ:
'അല്ലാഹുവിന്ന് വേണ്ടിയാണദ്ദേഹം ചെയ്ത സുകൃതങ്ങളെല്ലാം. അദ്ദേഹം വക്രമായവ നേരെയാക്കി; രോഗം ചികിത്സിച്ചു; സുന്നത്ത് സ്ഥാപിച്ചു; കുഴപ്പങ്ങളെ പിന്നോട്ട് തള്ളി. ശുദ്ധ വസ്ത്രത്തോടെ ന്യൂനതകൾ കുറഞ്ഞവനായി അദ്ദേഹം പോയി. അതിന്റെ നന്മ നേടുകയും തിന്മയെ മുൻകടക്കുകയും ചെയ്തു; അല്ലാഹുവാണ, അല്ലാഹുവിന്ന് അദ്ദേഹം വഴങ്ങി. അവനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുകയും ചെയ്തു; ധാരാളം ശാഖകളുള്ള ഒരുവഴിയിൽ അവരെ വിട്ടു കൊണ്ടാണദ്ദേഹം യാത്ര തിരിച്ചത്; വഴിപിഴച്ചവനന്നതിൽ ശരി

യായ പാത കണ്ടെത്താം. [44]

ഈ പ്രസ്താവനയുടെ അനുബന്ധമായി 'നഹ്ജുൽ ബലാഗ' യുടെ വ്യാഖ്യാനത്തിൽ ഇബ്നു അബിൽ ഹദീദ് [45] എഴുതുന്നു:

മൂലവാക്യത്തിലെ لله بلاء فلان എന്നാൽ, അദ്ദേഹം പ്രവർത്തിച്ചത് അല്ലാഹുവിന്നുള്ളതാണെന്ന് അർഥം. فلان എന്നാൽ, ഉമറുബ്നുൽ ഖത്താബ് ആണ് ഉദ്ദേശ്യം.'നഹ്ജുൽ ബലാഗ' യുടെ സമാഹൃത്താവായ അബുൽ ഹസന്റെ കൈയെഴുത്ത് പ്രതി ഞാൻ കണ്ടിട്ടുണ്ട്.അതിൽ فلان എന്ന വാക്കിന്നു താഴെ ഉമർ എന്നെഴുതിയിട്ടുണ്ട്. ഫഖാറുബ്നു മഹ്ദിൽ മൂസവി എന്ന കവി ഇതെന്നോട് പറയുകയും ചെയ്തിട്ടുണ്ട്. [47]

ഉമറി (റ) നെ വാഴ്ത്തിക്കൊണ്ട് അലി (റ) പറയുന്നു:

'ഒരു ഭരണാധികാരി അവരെ ഭരിച്ചു. അദ്ദേഹം മറ്റുള്ളവരെ നേരെയാക്കുകയും ശരിയായ പാതയിലൂടെ ചരിക്കുകയും ചെയ്തു. ' [48]

ഈ ഭരണാധികാരി ഉമറാണെന്ന് ഇബ്നു അബിൽ ഹദീദ് പറയുന്നു (49)

മുഹമ്മദ് ബ്നു ഹാത്വിബിൽ നിന്ന് ഇമാം അഹ്മദ് നിവേദനം ചെയ്യുന്നു:

انّ الذين سبقت لهم منا الحسنى

'എന്നാൽ നേരത്തെതന്നെ നമ്മിൽ നിന്ന് നന്മ ലഭിച്ചവർ' (അൽ അമ്പിയാഅ് 101) എന്ന സൂക്തത്തിൽ ഉഥ്മാൻ ഉൾപ്പെടുന്നുവെന്ന് അലി (റ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു. [50]

മുഹമ്മദ്ബ്നു ഹനഫിയ്യയിൽ നിന്ന് നിവേദനം:

'വീട്ടിന്റെ പിന്നിലെ ഒഴിഞ്ഞ സ്ഥലത്ത് വെച്ച് ആഇശ (റ) ഉഥ്മാന്റെ ഘാതകരെ ശപിക്കുന്നതായി അലി (റ) ക്ക് വിവരം കിട്ടി. അപ്പോൾ ഇരു കരങ്ങളും മുഖം വരെ ഉയർത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു: പർവതത്തിലും താഴ്വരയിലും ഉഥ്മാന്റെ ഘാതകരെ ഞാൻ ശപിക്കുന്നു.

ഇങ്ങനെ രണ്ടോ മൂന്നോ തവണ അദ്ദേഹം ആവർത്തിച്ചു. [51]

അലി (റ) യുടെയും ഉമറി(റ)ന്റെയും ഇടയിലെ സുദൃഢബന്ധത്തിന്റെ ഏറ്റവും വലിയ തെളിവാണ് അദ്ദേഹം

സ്വപുത്രി ഉമ്മുകുൽസൂമിനെ ഉമറി(റ)ന്ന് കല്യാണം കഴിച്ചു കൊടുത്തുവെന്ന വസ്തുത. ചരിത്രം, കുടുംബപാരമ്പര്യം, ഹദീസ്, ഫിഖ്ഹ് എന്നീ വിഷയങ്ങളിലെ കൃതികൾ ഈ കാര്യം അംഗീകരിച്ചിട്ടുണ്ട്. [52]

അലി(റ)യുടെ ഉറ്റ മിത്രമെന്ന് ചരിത്രഗ്രന്ഥങ്ങൾ രേഖപ്പെടുത്തുന്ന അശ്തർ നഖഈ [53] അബൂബക്കറിനെയും ഉമറി(റ) നെയും വാഴ്ത്തുന്നത് ഇങ്ങനെ:

'തന്റെ ദൂതനായ മുഹമ്മദി(സ)ലൂടെ അല്ലാഹു ഈ സമുഹത്തെ ആദരിച്ചിരിക്കുന്നു. അദ്ദേഹം അവരെ ഐക്യപ്പെടുത്തുകയും അത് ആളുകൾക്ക് വ്യക്തമാക്കികൊടുക്കുകയും ചെയ്തു. കാലങ്ങൾ കഴിഞ്ഞു.തന്റെ പ്രീതിയിലേക്ക് അല്ലാഹു അദ്ദേഹത്തെ ഏറ്റുവാങ്ങി. അനന്തരം ദൈവിക ഗ്രന്ഥവും പ്രവാചക ചര്യയുമനുസരിച്ച് പ്രവർത്തിച്ച സച്ചരിതരായ ചിലയാളുകൾ ഭരണം നടത്തുകയുണ്ടായി. അവരുടെ സുകൃതങ്ങൾക്ക് അല്ലാഹു മെച്ചപ്പെട്ട പ്രതിഫലം നൽകുകയുണ്ടായി.' [54]

മറ്റൊരു പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു:

'ജനങ്ങളേ, അല്ലാഹു നിങ്ങളിൽ മുന്നറിയിപ്പുകാരനും സുവിശേഷകനുമായി മുഹമ്മദി (സ) നെ നിയോഗിച്ചു. ഹറാമും ഹലാലും, നിർബന്ധവും ഐഛികവുമായ കാര്യങ്ങളുൾക്കൊള്ളുന്ന ഗ്രന്ഥം അദ്ദേഹത്തിനവതരിപ്പിച്ചുകൊടുക്കുകയും ചെയ്തു. തന്റെ ബാധ്യതകളെല്ലാം തീർത്ത ശേഷം അല്ലാഹു അദ്ദേഹത്തെ തന്നിലേക്ക് ഏറ്റു വാങ്ങി. പിന്നെ അബൂബക്കറിനെ ഖലീഫയായി നിശ്ചയിച്ചു. നബിചര്യയും നടപടിയുമനുസരിച്ച് ജീവിച്ച അദ്ദേഹം ഉമറിനെ പ്രതിനിധിയായി നിശ്ചയിച്ചു. അദ്ദേഹവും ഇതേ രീതിയിൽ ചരിക്കുകയായിരുന്നു.' [55]

# ഇമാം അബ്ദുല്ലാഹിബ്നു അബ്ബാസ് (റ)

പണ്ഡിതനും ഖുർആൻ വ്യാഖ്യാതാവുമായ അബ്ദുല്ലാ ഹിബ്നു അബ്ബാസ് (റ) സ്വഹാബിമാരെ കുറിച്ച് പറയുന്നതിങ്ങനെ:

'തന്റെ ദൂതൻ മുഹമ്മദി(സ)ന്ന് അല്ലാഹു ഒരു കൂട്ടം സ്വഹാബികളെ പ്രത്യേകം നൽകുകയുണ്ടായി. അവർ സ്വന്തം ശരീരത്തേക്കാളും ധനത്തേക്കാളും അദ്ദേഹത്തെ തെരഞ്ഞെടുത്തു. എല്ലാ ഘട്ടങ്ങളിലും അദ്ദേഹത്തിന് വേണ്ടി ആത്മത്യാഗം നടത്തി. അല്ലാഹു അവരെ വിശേഷിപ്പിക്കുന്നതിങ്ങനെ:

"സത്യനിഷേധികളോട് കാർക്കശ്യം കാണിക്കുന്നവരാണ്; പരസ്പരം കാരുണ്യത്തോടെ പെരുമാറുന്നവരും; അല്ലാഹുവിന്റെ അനുഗ്രഹവും പ്രീതിയും പ്രതീക്ഷിച്ച് അവർ നമിക്കുന്നതും സാഷ്ടാംഗം പ്രണമിക്കുന്നതും നിനക്ക് കാണാം. പ്രണാമത്തിന്റെ പാടുകൾ അവരുടെ മുഖങ്ങളിലുണ്ട്. ഇതാണ് തൗറാത്തിൽ അവരുടെ വർണന. ഇഞ്ചീലിലെ അവരുടെ ഉപമയോ, അത് ഇവ്വിധമത്രെ: ഒരു വിള, അത് അതിന്റെ കൂമ്പ് വെളിവാക്കി. പിന്നെ അതിനെ പുഷ്ടിപ്പെടുത്തി. അങ്ങനെ അത് കരുത്തു നേടി. അത് കർഷകരിൽ കൗതുകമുണർത്തി അതിന്റെ കാണ്ഡത്തിൽ നിവർന്നു നിൽക്കുന്നു. ഇതേ പോലെ വിശ്വാസികളുടെ വളർച്ച സത്യനിഷേധികളെ രോഷം കൊള്ളിക്കുന്നു. അവരിൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം നൽകിയിരിക്കുന്നു." [56]

അവർ മത ചിഹ്നങ്ങൾ ഏറ്റെടുക്കുകയും മുസ്‌ലിംകളോട് കഠിനാദ്ധ്വാനത്തിനുപദേശിക്കുകയും ചെയ്തു. അങ്ങനെ അതിന്റെ മാർഗങ്ങൾ സംസ്കരിക്കപ്പെടുകയും വഴികൾ ശക്തിപ്പെടുകയും ദൈവാനുഗ്രഹങ്ങൾ പ്രകടമാവുകയും ചെയ്തു.

മതം ഉറച്ചുനിന്നു. അതിന്റെ പതാകകൾ പ്രത്യക്ഷമായി. അവരിലൂടെ ശിർക്കിനെ നിന്ദ്യമാക്കി. അതിന്റെ നേതാക്കളെ ഉന്മൂലനം നടത്തുകയും സ്തംഭങ്ങൾ മായ്ച്ചകളയുകയും ചെയ്തു. അങ്ങനെ ദൈവികവചനം ഉന്നതമായി. അവിശ്വാസകളുടെ വചനം അധമവും. ഈ പരിശുദ്ധാത്മാക്കളിൽ ദൈവ കാരുണ്യവും രക്ഷയും സമാധാനവും വർഷിക്കട്ടെ. ജീവിതകാലത്ത് ദൈവത്തിന്റെ മിത്രങ്ങളും മരണശേഷം ഉയിരുള്ളവരുമാണ്. ദൈവദാസന്മാരോട് ഗുണകാംക്ഷ പുലർത്തുന്നവരായിരുന്നു അവർ. പരലോകത്തേക്കെത്തുന്നതിന് മുമ്പെ അവിടേക്കവർ യാത്ര ചെയ്തു. ഭൗതികലോകത്തായിരിക്കെ തന്നെ അവരവിടെ നിന്ന് പുറപ്പെട്ടിരുന്നല്ലോ. [57]

അബ്ദുല്ലാഹിബ്നു അബ്ബാസി(റ) ന്റെ ഈ വർണനകളെല്ലാം അക്ഷരാർഥത്തിൽ ശരിയായിരുന്നു. എന്തുകൊണ്ടെന്നാൽ തന്റെ പ്രവാചകനോടുള്ള സഹവാസത്തിലൂടെ അല്ലാഹു അവർക്ക് മഹത്വം നൽകുകയും അതിനവരെ തെരഞ്ഞെടുക്കുകയുമായിരുന്നു. സ്വന്തം ശരീരത്തെയും ധനത്തെയും കാൾ അവർ നബി (സ)യെ ഇഷ്ടപ്പെട്ടു. ഇസ്ലാമിന്റെ അവക്രമായ അടയാളങ്ങൾ അവർ നിലനിറുത്തി.സമുദായത്തോട് ഗുണകാംക്ഷ പുലർത്തി. ഇസ്ലാമിക പ്രചാരണത്തിലും അതിന്റെ സ്തംഭങ്ങൾ ഉറപ്പിച്ചു നിറുത്തുന്നതിലും അവർ കഠിന യത്നം നടത്തി. അങ്ങനെ ഭൂമിയിൽ അത് ഉറച്ചു. അവരിലൂടെ ശിർക്കിനെയും അതിന്റെ ആളുകളെയും അല്ലാഹു നിന്ദ്യമാക്കുകയും നേതാക്കളെ ഉന്മൂലനം നടത്തുകയും ചെയ്തു. അതിന്റെ സ്തംഭങ്ങൾ മായ്ച്ചുകളഞ്ഞു. അവരിലൂടെ ദൈവികവചനത്തിന് ഔന്നത്യം നൽകി. അസത്യവചനം അവർ മുഖേന നിന്ദ്യമായി തീർന്നു. തദ്വാരാ, അവരുടെ ആത്മാക്കൾ സംസ്കൃതവും വിശുദ്ധവുമായി തീർന്നു. അങ്ങനെ, ഭൗതിക ജീവിതത്തിൽ തന്നെ അവർ അല്ലാഹുവിന്റെ ഇഷ്ടദാസരായി. അവരൊന്നടങ്കം അവന്റെ പ്രീതിക്ക് പാത്രമാവുകയും ചെയ്തു.

ഉഥ്മാനുബ്നു അഫ്ഫാനെ(റ) പ്രശംസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

'അബൂഅംറിനെ അല്ലാഹു അനുഗ്രഹിക്കട്ടെ. അല്ലാഹു വാണ, ഏറ്റവും ആദരണീയ സഹായിയും ഉത്തമഭക്തനുമാ യിരുന്നു അദ്ദേഹം. രാത്രി ഉറക്കമൊഴിച്ചു പ്രാർഥിച്ചിരുന്നു. നര കത്തെ ഓർത്ത് കൂടുതൽ കണ്ണീർ പൊഴിച്ചിരുന്നു. മാന്യമായ പ്രവൃത്തികൾക്കെല്ലാം സന്നദ്ധനും ഉദാരതകളിൽ മുന്നേ റുന്നവനുമായിരുന്നു. പ്രിയങ്കരൻ, വിശ്വസ്തൻ, അഭിമാനി എല്ലാ മായിരുന്നു അദ്ദേഹം– പ്രവാചകന്റെ ജാമാതാവും.' [58]

സൈദ്ബ്നു ഥാബിത് (റ) മരണപ്പെട്ടപ്പോൾ ഇബ്നു അബ്ബാസ് (റ) പറഞ്ഞു: 'അല്ലാഹുവാണ, അദ്ദേഹത്തോടെ ധാരാളം ജ്ഞാനം കുഴിച്ചുമൂടപ്പെട്ടു.' [59]

# ഇമാം അലി ബ്നു ഹുസൈൻ(റ)

ഇമാം അലിബ്നു ഹുസൈൻ (സൈനുൽ ആബിദീൻ) സ്വഹാ ബികളെ കുറിച്ചു പറയുകയും നമസ്കാരത്തിൽ അവർക്ക് അനുഗ്രഹത്തിന്നും പാപമോചനത്തിനും വേണ്ടി പ്രാർഥിക്കു കയും ചെയ്തിരുന്നു. തൗഹീദ് പ്രചാരണത്തിലും ദൈവിക ദൗത്യം ജനങ്ങൾക്കെത്തിക്കുന്നതിലും പ്രവാചകന്റെ സഹകാ രിയായിരുന്നു അദ്ദേഹമെന്നതാണ് കാരണം. അദ്ദേഹം പറയു കയാണ്:

'പാപമോചനവും പ്രീതിയും കൊണ്ടവരെ നീ ഓർക്ക ണമേ, അല്ലാഹുവേ, പ്രത്യേകിച്ചും മുഹമ്മദ് നബി (സ) യുടെ സ്വഹാബികളെ. അവർ നല്ല നിലയിൽ അവിടുത്തോട് സഹവ സിച്ചു. അവിടുത്തെ സഹായിക്കുന്ന കാര്യത്തിൽ പരിക്ഷീണ രായി. അവിടുത്തെ സഹായിച്ചു. വേഗം അവിടുത്തെയടു ത്തേക്ക് വന്ന അവർ എല്ലാവർക്കും മുമ്പെ അവിടുത്തെ ക്ഷണം സ്വീകരിച്ചു. ദൗത്യപ്രമാണം കേൾപ്പിച്ചപ്പോൾ അത് സ്വീകരി ച്ചു. ദൈവികവചനം ഉയർത്തിപിടിക്കാൻ ഭാര്യാസന്തതികളെ കൈവിട്ടു. അവിടുത്തെ പ്രവാചകത്വത്തിന്ന് സുസ്ഥിരത നേടി ക്കൊടുക്കുന്നതിന്നായി പിതാക്കന്മാരോടും സന്തതികളോടും

യുദ്ധം ചെയ്തു. അദ്ദേഹം മുഖേന അവരും, സ്നേഹത്തോടെ ചുറ്റും കൂടിയവരും വിജയം വരിച്ചു. നബിയോടുള്ള സ്നേഹത്തെ ഒരിക്കലും നഷ്ടം വരാത്ത കച്ചവടമായാണ് അവർ കണ്ടത്. അവിടുത്തെ കൈപ്പിടിയോട് ബന്ധപ്പെട്ടതോടെ കുടുംബങ്ങൾ അവരെ വെടിഞ്ഞു. അവിടുത്തെ സാമീപ്യ ത്തിൽ ശാന്തി കണ്ടെത്തിയപ്പോൾ കുടുംബങ്ങൾ അവരെ നിഷേധിച്ചു. അല്ലാഹുവേ, അവർ വർജിച്ചത് നിനക്ക് വേണ്ടി യാണ്, നിന്നിൽ പ്രതീക്ഷയർപ്പിച്ചാണ്. അല്ലാഹുവേ, അവരോടു പ്രീതി കാണിക്കേണമേ.

നിന്റെ കാര്യത്തിൽ സ്വദേശം വെടിഞ്ഞതിന്റെയും ജീവിത വിശാലതയിൽ നിന്ന് ഇടുങ്ങിയ ജീവിതത്തിലേക്ക് പോയതി ന്റെയും നിന്റെ ദീൻ ഉയർത്തിപ്പിടിച്ചത് കാരണം ആധിക്യത്തിൽ നിന്ന് ദൗർലഭ്യതയിൽ എത്തിപ്പെട്ടതിന്റെയും പേരിൽ അവ രോട് നീ നന്ദി കാണിക്കേണമേ. അവരെ പിൻപറ്റിയവർക്ക് സുകൃതം നൽകേണമേ. അവർ പറഞ്ഞിരുന്നു: നാഥാ, ഞങ്ങൾക്കും വിശ്വാസത്താൽ ഞങ്ങൾക്ക് മുമ്പുള്ളവർക്കും നീ പൊറുത്തു തരേണമേ. നിന്റെ ഉത്തമപ്രതിഫലം നൽകേണ മേ. അവരുടെ മാർഗം ലക്ഷ്യമാക്കുകയും അവരുടെ ദിശ അന്വേ ഷിക്കുകയും അവരോടു സാമ്യപ്പെടാൻ ശ്രമിക്കുകയും ചെയ്ത വരാണവർ. അവരുടെ തയ്യാറെടുപ്പിൽ നിന്ന് യാതൊരു ആശ ങ്കയും അവരെ തടഞ്ഞില്ല. അവരുടെ കാല്പാടുകൾ അനുധാ വനം ചെയ്യുന്നതിലും അവരുടെ പ്രകാശഗോപുരത്തിൽ നിന്ന് മാർഗദർശനം സ്വീകരിക്കുന്നതിലും ഒരു സംശയവും അവരെ വ്യാകുലചിത്തരാക്കിയില്ല. അവർ അവരെ സഹായിച്ചിരുന്നു. അവരുടെ മതപ്രകാരം ജീവിച്ചിരുന്നു. അവരുടെ മാർഗദർശനം കൈകൊള്ളുകയും ചെയ്തിരുന്നു. അവർക്ക് എത്തിച്ചുകൊ ടുത്ത കാര്യത്തിൽ ഒട്ടും സംശയിക്കാതെ യോജിക്കുകയായി രുന്നു.’ [60]

അദ്ദേഹത്തിൽ നിന്നുള്ള ഒരു റിപ്പോർട്ട് ഇങ്ങനെ:

ചിലയാളുകൾ അബൂബക്കർ ഉമർ, ഉഥ്മാൻ എന്നിവരെ കുറിച്ച് കുറ്റം പറയുകയുണ്ടായി. അതിൽ നിന്ന് വിരമിച്ചപ്പോൾ അദ്ദേഹം അവരോട്: തങ്ങളുടെ വീടുകളിൽ നിന്നും സ്വത്തു

ക്കളിൽ നിന്നും പുറംതള്ളപ്പെട്ട് പലായനം ചെയ്തു വന്നവർ.... അല്ലാഹുവിന്റെ ഔദാര്യവും പ്രീതിയും തേടുന്നവരാണവർ. അല്ലാഹുവിനെയും അവന്റെ ദൂതനെയും സഹായിക്കുന്നവരും. അവർ തന്നെയാണ് സത്യസന്ധർ. (അൽ ഹശ്ർ 8)[61]
എന്ന് അല്ലാഹു പറഞ്ഞത് നിങ്ങളെ കുറിച്ചാണോ?
അവർ : അല്ല.
അദ്ദേഹം :

والذين تبوؤ الدار والإيمان من قبلهم يحبون من هاجر اليهم ولا يجدون في صدورهم حاجة مما أوتوا ويؤثرون على أنفسهم ولو كان بهم خصاصة ومن يوق شح نفسه فألئك هم المفلحون (الحشر ٩)

(അവരെത്തും മുമ്പെ സത്യവിശ്വാസം സ്വീകരിക്കുകയും അവിടെ താമസിക്കുകയും ചെയ്തവർക്കുള്ളതാണ് ആ സമ രാർജ്ജിത സമ്പത്ത്. പലായനം ചെയ്ത് തങ്ങളിലെത്തുന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് നൽകിയ സമ്പത്തിനോട് അവരുടെ മനസ്സുകളിൽ ഒട്ടും മോഹമില്ല. തങ്ങൾക്കുതന്നെ അത്യാവശ്യമുണ്ടെങ്കിൽ പോലും അവർ സ്വന്തത്തെക്കാൾ മറ്റു ള്ളവർക്ക് മുൻഗണന നൽകുന്നു. സ്വമനസ്സിന്റെ പിശുക്കിൽ നിന്ന് മോചിതരായവരാരോ അവർ തന്നെയാണ് വിജയം വരി ച്ചവർ)[62] എന്ന സൂക്തത്തിൽ പറഞ്ഞവരായിരിക്കും അപ്പോൾ നിങ്ങൾ ?
അവർ : അല്ല.
അദ്ദേഹം : താഴെസൂക്തത്തിൽ അല്ലാഹു പറഞ്ഞവരൊട്ടുമല്ല നിങ്ങളെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു–
(അവർക്കു ശേഷം വന്നെത്തിയവർ ഇങ്ങനെ പ്രാർഥിക്കുന്നവ രാണ്. ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്കും ഞങ്ങളുടെ മുമ്പെ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരങ്ങൾക്കും പൊറുത്തു തരേണമേ! ഞങ്ങളുടെ മനസ്സുകളിൽ വിശ്വാസിക ളോട് ഒട്ടും വെറുപ്പുണ്ടാക്കരുതേ. ഞങ്ങളുടെ നാഥാ, ഉറ പ്പായും നീ ദയാപരനും പരമകാരുണികനുമാണല്ലോ)[63] പുറത്തു പോകൂ.....
അബൂഹാസിം മദനി പറയുന്നു:
'അലിബ്നു ഹുസൈനെക്കാൾ ജ്ഞാനിയായൊരു ഹാശിമിയെ

ഞാൻ കണ്ടിട്ടില്ല.' നബി (സ)യുടെ അടുത്ത് അബൂബക്കറിന്നും ഉമറിന്നുമുണ്ടായിരുന്ന സ്ഥാനമെന്തായിരുന്നുവെന്ന് അന്വേഷിച്ചപ്പോൾ ഖബറിന്നടുത്തേക്ക് ചൂണ്ടി അദ്ദേഹം പറഞ്ഞു:

'ഇപ്പോൾ, അദ്ദേഹത്തിന്റെ അടുത്ത് (ഇരുവരുടെയും ഖബർ നബിയുടെ ഖബ്റിന്റെ ചാരെയാണ്) അവർക്കുള്ള അതേ സ്ഥാനം തന്നെ.' [64]

## ഇമാം മുഹമ്മദ് ബാഖിർ (റ)

ബസ്സാം സൈ്വറഫിയിൽ നിന്ന് ഇബ്നു സഅദ് നിവേദനം ചെയ്യുന്നു:

അബൂബക്കറിനെയും ഉമറിനെയും സംബന്ധിച്ച് ഞാനന്വേഷിച്ചപ്പോൾ അബൂജഅ്ഫർ പറഞ്ഞു: പടച്ചവനാണ, ഇരുവരെയും ഞാൻ സ്നേഹിക്കുന്നു. അവർക്കു പാപമോചനത്തിന്നുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു. അവരെ ഇഷ്ടപ്പെടാത്ത ആരെയും അഹ്ലുബൈത്തിൽ ഞാൻ കണ്ടിട്ടില്ല.[65]

'അബൂബക്കറിന്റെയും ഉമറിന്റെയും കാര്യത്തിൽ ഏറ്റവും നല്ലത് പറയണമെന്ന കാര്യത്തിൽ ബനൂഫാത്വിമയിൽ അഭിപ്രായവ്യത്യാസമില്ല' എന്ന് അദ്ദേഹത്തിന്റെ പ്രസ്താവനയിലുണ്ടായിരുന്നു. [66]

ഖഡ്ഗം അലങ്കരിക്കുന്നതിനെ കുറിച്ച് അന്വേഷിച്ച ഉർവതുബ്നു അബ്ദില്ലയോട് അദ്ദേഹം പറഞ്ഞു.

'വിരോധമില്ല. അബൂബക്കർസിദ്ദീഖ് ഖഡ്ഗം അലങ്കരിച്ചിരുന്നു'.

ഞാൻ ചോദിച്ചു: താങ്കൾ 'സ്വിദ്ദീഖ് ' എന്ന് പറയുന്നോ?

അപ്പോൾ ഒരു ചാട്ടം ചാടി ഖിബ്ലക്ക് അഭിമുഖമായി നിന്നുകൊണ്ട് അദ്ദേഹം പറഞ്ഞു: അതെ. സ്വിദ്ദീഖ്. സ്വിദ്ദീഖ് എന്ന് പറയാത്തവന്റെ വാക്ക് ഇഹത്തിലും പരത്തിലും അല്ലാഹു സ്വീകരിക്കുകയില്ല.' [67]

ജാബിർ ജഅ്ഫി പറയുന്നു:

മുഹമ്മദ് ബ്നു അലി എന്നോടു പറഞ്ഞു: ജാബിർ, ഇറാഖിൽ

ചിലയാളുകൾ നമ്മെ സ്നേഹിക്കുന്നുവെന്നവകാശപ്പെടുന്നുണ്ട്, അവർ അബൂബക്കറിനെയും ഉമറിനെയും അധിക്ഷേപിക്കുകയും ഞാനങ്ങനെ നിർദേശിച്ചിരിക്കുന്നുവെന്ന് വാദിക്കുകയും ചെയ്യുന്നു. അതിനാൽ ഞാൻ അല്ലാഹുവിനെ മുൻനിർത്തി ഞാനവരിൽ നിന്ന് വിമുക്തനാണെന്ന് അവർക്കെത്തിച്ചു കൊടുക്കണം. മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയിലാണോ– താൻ തന്നെ ഉദ്ദേശ്യം – അവനാണ സത്യം, എനിക്ക് അധികാരം ലഭിച്ചിരുന്നുവെങ്കിൽ അവരുടെ രക്തം ബലി നൽകി ഞാൻ അല്ലാഹുവിലേക്കടുക്കുമായിരുന്നു. അവർക്ക്– അബൂബക്കർ, ഉമർ– പാപമോചനത്തിനും അനുഗ്രഹത്തിനും വേണ്ടി ഞാൻ പ്രാർഥിക്കുന്നില്ലെങ്കിൽ മുഹമ്മദി(സ) ന്റെ ശഫാഅത്ത് എനിക്ക് ലഭിക്കുകയില്ല.

അബൂബക്കറി(റ)ന്റെയും ഉമറി (റ) ന്റെയും മഹത്വം മനസ്സിലാക്കാത്തവർ സുന്നത്തിനെ കുറിച്ച് അജ്ഞരാണെന്നും അദ്ദേഹം പറഞ്ഞു. [68]

## ഇമാം സൈദുബ്നു അലിബ്നു ഹുസൈൻ

ഇമാം സൈദിൽ നിന്ന് ഹാശിമുബ്നു ബരീദ് നിവേദനം ചെയ്യുന്നു: കൃതജ്ഞരുടെ നേതാവായിരുന്നു അബൂബക്കർ (റ) എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ഓതി وسيجزي الله الشاكرين
(കൃതജ്ഞതക്ക് അല്ലാഹു പ്രതിഫലം നൽകും).
പിന്നെ അദ്ദേഹം പറഞ്ഞു: അബൂബക്കറി(റ)ൽ നിന്ന് വിമുക്തനാവുകയെന്നാൽ അലി (റ) യിൽ നിന്ന് വിമുക്തനാവുകയെന്നർഥം. [69]

അബൂബക്കറി (റ) നെയും ഉമറി (റ) നെയും കുറിച്ച് നന്മയല്ലാതെ പറയുന്ന ആരെയും അഹ്‌ലുബൈത്തിൽ ഞാൻ കേട്ടിട്ടില്ലായെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. [70]
അർറിയാളുൽ മുസ്ത്വതാബ എന്ന കൃതിയിൽ യഹ്‌യബ്നു അബീബക്ർ ആമിരി പറയുന്നു:

സൈദികളുടെ പ്രധാന ഇമാമുകളിലൊരാളായ മൻസ്വൂർ

ബില്ല അബ്ദുല്ലബ്നു ഹംസ തന്റെ *ജവാബുൽ മസാഇലി തുഹാമിയ്യ* എന്ന കൃതിയിൽ സ്വഹാബത്തിനെ കുറിച്ച ഇമാം സൈദിന്റെ വീക്ഷണം വിശദീകരിക്കുന്നത് ഞാൻ കാണുകയുണ്ടായി.

മൊത്തത്തിൽ അവരെ പ്രശംസിക്കുകയും ഇതരരെക്കാൾ അവരുടെ മഹത്വങ്ങൾ എണ്ണിപറയുകയും ചെയ്ത ശേഷം അദ്ദേഹം പറയുകയാണ്: നബി(സ)യുടെ കാലത്തും അതിന്നു ശേഷവും അവർ ഏറ്റവും ഉത്തമർ തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി അവരിലുണ്ടാകട്ടെ. ഇസ്ലാമിന്റെ പേരിൽ അവർക്ക് പ്രതിഫലം നൽകുകയും ചെയ്യട്ടെ

അദ്ദേഹം വീണ്ടും പറയുന്നു: ഇതാണ് നമ്മുടെ സിദ്ധാന്തം.നാം ഈ പറയുന്നത് അബദ്ധമായിട്ടല്ല. മറ്റൊന്ന് ഗുപ്തമാക്കി തഖിയ്യക്ക് വേണ്ടി പറയുന്നതുമല്ല. നമ്മെക്കാൾ താണ പദവിയിലുള്ളവരാണ് അവരെ ശപിക്കുകയും ആക്ഷേപിക്കുകയും വിമർശിക്കുകയും ചെയ്യുന്നത്. അത്തരക്കാരുടെ പ്രവൃത്തികളിൽ നിന്ന് നാം അല്ലാഹുവിലേക്ക് വിമുക്തരാവുകയാണ്.നമ്മുടെ പൂർവികർ അലി(റ)യിൽ നിന്ന് നമുക്കെത്തിച്ചുതരുന്ന ജ്ഞാനമിതാണ്.

എന്നാൽ സ്വഹാബികളെ ചീത്ത വിളിക്കുന്നതും അവരിൽ നിന്ന് വിമുക്തി നേടുന്നതും മാത്രമാണ് ശരിയായ സ്നേഹപ്രകടനമെന്ന് അഭിപ്രായപ്പെടുന്ന ചിലരുണ്ട്. ഇവർ അറിയാതെ മുഹമ്മദി(സ)ൽ നിന്ന് വിമുക്തരാവുകയാണ് ചെയ്യുന്നത്.

അദ്ദേഹം പാടി:

(ഞാൻ അമ്പെയ്യാതിരിക്കുകയും എന്റെ ആവനാഴി അമ്പെയ്യുകയുമാണെങ്കിൽ അമ്പിന്റെ വൻ നാശം ഏൽക്കുക എന്റെ ചണ്ണക്കും ചുമലിന്നുമായിരിക്കും)

# അബ്ദുല്ലാഹിബ്നുൽ ഹസൻ ബ്നുൽ ഹസൻ ബ്നു അലി (റ)

മറ്റു അഹ്ലുബൈത്തിനെന്നപോലെ ഖുലഫാഉർറാശിദുകൾ, സ്വഹാബികൾ എന്നിവർക്കെല്ലാം അബ്ദുല്ലാഹിബ്നു ഹസന്റെയടുക്കൽ വലിയ സ്ഥാനമാണുണ്ടായിരുന്നത്.

അബൂഖാലിദ് അഹ്മറിൽ നിന്ന് ഹാഫിള് ഇബ്നു അസാകിർ നിവേദനം ചെയ്തത് ഉദാഹരണം:

അബൂബക്കറി (റ) നെയും ഉമറിനെയും കുറിച്ച് ചോദിച്ചപ്പോൾ അബ്ദുല്ലാഹിബ്നു ഹസൻ പറഞ്ഞു: ഇരുവരുടെ മേലിലും അല്ലാഹുവിന്റെ സമാധാനം ഉണ്ടാകട്ടെ.അവർക്ക് സ്വലാത്ത് ചൊല്ലാത്തവർക്ക് അല്ലാഹു സ്വലാത്ത് (സമാധാനം) നൽകാതിരിക്കട്ടെ. [71,72]

അദ്ദേഹം പറയുകയാണ്: ഇരുവരും എന്റെ മനസ്സിൽ പ്രത്യക്ഷപ്പെടുമ്പോൾ അവർക്കു വേണ്ടി ഞാൻ അല്ലാഹുവോട് പ്രാർഥിക്കും. തദ്വാരാ അല്ലാഹുവോട് അടുക്കുകയായിരിക്കും ഞാൻ. [73]

അബ്ദുല്ലാഹിബ്നു ഹസന്റെ അടിമ ഹഫ്സ് ബ്നു ഉമറിൽ നിന്ന് നിവേദനം. അബ്ദുല്ലാഹിബ്നു ഹസൻ വുദു ചെയ്ത് ഖുഫ്ഫ തടവുന്നത് ഞാൻ കണ്ടു.

അദ്ദേഹം പറയുകയാണ്:

അപ്പോൾ ഞാൻ ചോദിച്ചു: താങ്കൾ ഖുഫ്ഫ തടവുകയോ ?

അദ്ദേഹം: അതെ.ഉമറുബ്നുൽ ഖത്താബ് (റ) ഖുഫ്ഫ തടവിയിട്ടുണ്ട്. തനിക്കും അല്ലാഹുവിന്നുമിടയിൽ ഉമറി (റ) നെയാക്കുന്നവൻ സുരക്ഷിതനായി. അതെ, മതനിയമങ്ങളുടെ റിപ്പോർട്ടിങ്ങിൽ അദ്ദേഹം വിശ്വസ്തനാണ്. [74]

ഈ സംഭവം 'താരീഖ് ദിമശ്ഖ്' എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. അദ്ദേഹം പറഞ്ഞു: 'അതെ, ഞാൻ തടവുന്നുണ്ട്. കാരണം, ഉമർ ഖത്വാബ് (റ) തടവിയിട്ടുണ്ട്'.

ഹഫ്സ്: താങ്കൾ തടവുന്നോ എന്നാണ് ഞാൻ ചോദി

ച്ചത്.
അദ്ദേഹം: ഞാൻ ഉമറി (റ) നെ കുറിച്ചു പറയുമ്പോൾ നിനക്ക് വിഷമമായി. നീ എന്റെ അഭിപ്രായം ചോദിക്കുന്നു. എന്നെക്കാളും ഭൂമിയിലെ എന്നെപ്പോലുള്ള സർവരെക്കാളും ഉത്തമനാണ് ഉമർ (റ).

ഞാൻ: അബൂ മുഹമ്മദ്, ഇത് നിങ്ങളിൽ നിന്നുള്ള തഖിയ്യയാണെന്നാണല്ലോ ചിലർ പറയുന്നത്?

അദ്ദേഹം: (ഞങ്ങൾ ഖബറിന്നും മിമ്പറിന്നുമിടയിലായിരുന്നു ) ഇത് രഹസ്യത്തിലും പരസ്യത്തിലുമുള്ള എന്റെ വാക്കാണ്. അതിനാൽ എന്റെ ശേഷം ആരുടെ വാക്കും നീ വിശ്വസിച്ചു പോകരുത്.

പിന്നെ, അദ്ദേഹം പറഞ്ഞു: അലി നിർബന്ധിതനായിരുന്നുവെന്നും നബി (സ) അദ്ദേഹത്തോട് കുറെ കാര്യങ്ങൾ നിർദ്ദേശിച്ചിരുന്നുവെന്നും അദ്ദേഹമത് പാലിച്ചില്ലെന്നുമുള്ള വാദമുണ്ടല്ലോ, അലി (റ) യെ നിന്ദിക്കാൻ അത് തന്നെ മതി. നബി (സ) ഒരു കാര്യം നിർദ്ദേശിക്കുക, അലി (റ) അത് പാലിക്കാതിരിക്കുക. അതൊരു പോരായ്മ തന്നെയാണ്. [75]

ഇബ്രാഹീമിന്റെ പിതാവ് മുഹമ്മദ് ബ്നുൽ ഖാസിം അസ്ദിയ്യിൽ നിന്നുള്ള ഒരു നിവേദനം താരീഖ് ദിമിശ്ഖിൽ വന്നിട്ടുണ്ട്: അബ്ദുല്ലാഹിബ്നുൽ ഹസൻ ബ്നു അലി, ഉഥ്മാന്റെ ഘാതകരെ കുറിച്ച് പറഞ്ഞപ്പോൾ, താടിയും വസ്ത്രവും നനയുവോളം കരഞ്ഞതായി ഞാൻ കണ്ടിട്ടുണ്ട്. [76]

## ജഅ്ഫർ സ്വാദിഖ് (റ)

തിരുമേനി (സ) യുടെ സ്വഹാബികളെ വർണിക്കവെ, ഒരിക്കൽ ജഅ്ഫർ സ്വാദിഖ് പറഞ്ഞു: തിരുമേനി (സ) ക്ക് 12,000 സ്വഹാബിമാരുണ്ടായിരുന്നു. മദീനയിൽ 8,000 ; മക്കയിൽ 2,000; വിട്ടയക്കപ്പെട്ടവർ 2000. അവരിലൊന്നും തന്നെ ഖദ്രി, മുർജി, ഹറൂരി, മുഅ്തസിലി, യുക്തിവാദി എന്നിവരായി ആരുമുണ്ടായിരുന്നില്ല. അവർ രാവും പകലും കരയുകയായിരുന്നു. ഖമീർ റൊട്ടി (മാവ് പുളിപ്പിച്ചുണ്ടാക്കിയത്) തിന്നുന്നതിന് മുമ്പ് ഞങ്ങളുടെ

ആത്മാക്കളെ ഏറ്റുവാങ്ങേണമേ എന്ന് അവർ പറയാറുണ്ടായിരുന്നു. [77]

സ്വഹാബികളിൽ മുർജി,ഹറൂരി, മുഅ്തസിലി, യുക്തിവാദി എന്നിവരുണ്ടായിരുന്നില്ലെങ്കിൽ സ്വാർത്ഥ താൽപര്യക്കാർ വാദിക്കുന്നത് പോലെ അവനെയും ഇവനെയും (കപടവിശ്വാസി) കാൾ കഠിനമായവൻ അവരിലുണ്ടാകുന്നതെങ്ങനെ?

പ്രവാചകനെയും സ്വഹാബികളെയും വാഴ്ത്താനും അവർക്ക് ദൈവിക പ്രീതിയും ശാശ്വതസ്വർഗവും സുവിശേഷമറിയിക്കാനും വന്ന ഖുർആനിന്റെ തസ്കിയ്യത്തും ഈ പറഞ്ഞത് തന്നെ.

അംഗുലീ പരിമിതരായ സ്വഹാബികളൊഴിച്ചാൽ മറ്റെല്ലാവരും മുർതദ്ദുകളായിട്ടുണ്ടെന്ന തെറ്റായ റിപ്പോർട്ടും ഈ പറഞ്ഞ വസ്തുതകളും തമ്മിൽ എന്തൊരന്തരമാണ്?

അദ്ദേഹം പറയുകയാണ്: ഒരു ദിവസം സ്വഹാബികളെ കുറിച്ചന്വേഷിക്കവെ മൻസ്വൂറുബ്നു ഹാസിം, ഇമാം ജഅ്ഫറിനോട് പറഞ്ഞു: എന്റെ സ്ഥിതിയെന്താണ്?
ഞാൻ താങ്കളോടൊരു കാര്യം അന്വേഷിക്കുന്നു. അതിനൊരു മറുപടി തരികയും ചെയ്യുന്നു. പിന്നെ മറ്റൊരാൾ വന്നു ചോദിക്കുമ്പോൾ അയാൾക്ക് മറ്റൊരു മറുപടിയും കൊടുക്കുന്നു.
ജഅ്ഫർ: ആളുകൾക്ക് ഏറ്റക്കുറച്ചിലനുസരിച്ചാണ് ഞാൻ മറുപടി നൽകുന്നത്.

അദ്ദേഹം പറയുകയാണ്– ഞാൻ ചോദിച്ചു: സ്വഹാബികളെ കുറിച്ചു എനിക്കു പറഞ്ഞുതരിക. അവർ നബി (സ) യെ അംഗീകരിച്ചിരുന്നുവോ? അതോ ധിക്കരിക്കുകയോ?

അദ്ദേഹം : അവർ അംഗീകരിച്ചിരുന്നു.

ഞാൻ ചോദിച്ചു: പിന്നെ, അവരിൽ ഭിന്നാഭിപ്രായങ്ങളുണ്ടായതെങ്ങനെ?

അദ്ദേഹം: നബി (സ) യുടെ അടുത്ത് ഒരാൾ വന്ന് ഒരു കാര്യമന്വേഷിക്കുകയും അതിനൊരു മറുപടി കൊടുക്കുകയും അതിന്നു ശേഷം ചില നിയമങ്ങൾ നസ്ഖ് ചെയ്യപ്പെടുകയും അവർ അറിയാതിരിക്കുകയും ചെയ്യുന്നതാണ് അഭിപ്രായ ഭിന്നതക് കാരണം. [78,79]

സ്വാഹാബികൾ സത്യസന്ധരും ആത്മാർഥതയുള്ളവരുമായിരുന്നുവെന്നതിന്നുള്ള ജഅ്ഫർ സ്വാദിഖിന്റെ സാക്ഷ്യമാണിത്.

അദ്ദേഹമെങ്ങനെ സാക്ഷ്യം വഹിക്കാതിരിക്കും? ഹജ്ജതുൽ വിദാഇൽ, മിനയിലെ മസ്ജിദുൽ ഖഫീഫിൽ തിരുമേനി (സ) നടത്തിയ പ്രഭാഷണം തന്റെ പിതാവിൽ നിന്നുദ്ധരിച്ചത് അദ്ദേഹമായിരുന്നുവല്ലോ: അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്ത ശേഷം നബി (സ) പറഞ്ഞു: എന്റെ വാക്ക് കേട്ടുപഠിച്ച് കേൾക്കാത്തവർക്കെത്തിച്ചുകൊടുക്കുന്ന ദാസനെ അല്ലാഹു പ്രശോഭിതനാക്കട്ടെ. ജ്ഞാനിയാകാതെ ജ്ഞാനവുമായി നടക്കുന്നവരെത്ര! തന്നെക്കാൾ വലിയ ജ്ഞാനിക്ക് ജ്ഞാനമെത്തിച്ചുകൊടുക്കുന്നവരെത്ര! മൂന്നു കാര്യങ്ങളിൽ ഒരു മുസ്ലിം ഹൃദയം വഞ്ചിക്കുകയില്ല. അനുഷ്ഠാനം അല്ലാഹുവിന്നാക്കുന്നതിൽ ആത്മാർഥതകാണിക്കുക; മുസ്ലിം നേതാക്കളോട് ഗുണകാംക്ഷ പുലർത്തുക; അവരുടെ സമൂഹത്തിൽ നിന്ന് വേർപിരിയാതിരിക്കുക. അവരുടെ പ്രാർഥന പിൻഭാഗത്തുകൂടി അവരെ വലയം ചെയ്യുന്നതാണ്. മുസ്ലിംകൾ പരസ്പരം സഹോദരങ്ങളാണ്. [80]

തന്റെ വചനം ജനങ്ങൾക്കെത്തിക്കുന്നതിൽ പ്രവാചകൻ സ്വഹാബിമാരെ വിശ്വാസത്തിലെടുത്തതിൽ നിന്ന് സ്വഹാബികൾ സത്യസന്ധരും വിശുദ്ധരുമാണെന്നായിരുന്നു അവിടുന്ന് വിശ്വസിച്ചിരുന്നതെന്ന് മനസ്സിലായല്ലോ.

തന്റെ പിതാവ് അലി (റ) യിൽ നിന്ന് താൻ ഹൃദിസ്തമാക്കിയ ഉപദേശങ്ങളിൽ താഴെ ഉപദേശം ഉൾക്കൊണ്ടത് അത് കൊണ്ടത്രെ.

'നിങ്ങളുടെ പ്രവാചകന്റെ സ്വഹാബിമാരുടെ കാര്യത്തിൽ നിങ്ങളോട് ഞാൻ വസിയ്യത്ത് ചെയ്യുകയാണ്.അവരെ ചീത്ത വിളിക്കരുത്. നബി (സ) ക്ക് ശേഷം നൂതനവാദങ്ങൾ പുറപ്പെടുവിക്കുകയോ, നൂതനവാദികൾക്കഭയം നൽകുകയോ ചെയ്യാത്തവരുടെ കാര്യത്തിൽ അവിടുന്നു വസിയ്യത്ത് ചെയ്തിട്ടുണ്ട്. [81]

ബസ്സാം സൈ്വറഫിയിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു; അബൂബക്കറിനെയും ഉമറിനെയും കുറിച്ചു ചോദിച്ചപ്പോൾ ജഅ്ഫർ എന്നോട് പറഞ്ഞു:

അല്ലാഹുവാണ, ഞാൻ ഇരുവരെയും സ്നേഹിക്കുന്നു; അവർക്ക് പാപമോചനത്തിനായി പ്രാർഥിക്കുന്നു. അവരെ സ്നേഹിക്കാത്ത ആരെയും അഹ്ലുബൈത്തിൽ ഞാൻ കണ്ടിട്ടില്ല. [82]

ജഅ്ഫർ ബ്നു മുഹമ്മദ് പിതാമഹന്മാരിൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: എന്റെ അഹ്ലുബൈത്തിനെയും സ്വഹാബിമാരെയും ഏറ്റവും സ്നേഹിക്കുന്നവനാണ് 'സ്വിറാത്വി' ന്മേൽ ഏറ്റവും ഉറച്ചു നിൽക്കുന്നവൻ. [83]

അല്ലാഹുവേ, അവരോട് അങ്ങേയറ്റം സ്നേഹം പുലർത്തുന്നവരിൽ ഞങ്ങളെ ആക്കേണമേ. അവരോടൊപ്പം പരലോകത്ത് ഞങ്ങളെയും ഒരുമിച്ചു ചേർക്കേണമേ.

# ഇമാം മൂസാ അൽ കാളിം (റ)

പിതാമഹൻ പ്രവാചകനി(സ)ൽ നിന്ന് ഇമാം മൂസ ബ്നു ജഅ്ഫർ താഴെ വാക്യം ഹൃദിസ്തമാക്കിയിരുന്നു:

'എന്റെ സ്വഹാബിമാർക്ക് ഞാൻ മനസ്സമാധാനമാണ്. എന്റെ വിയോഗ ശേഷം അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടത് അടുത്തെത്തും. എന്റെ സ്വഹാബികൾ എന്റെ സമുദായത്തിന്ന് മനസ്സമാധാനമാണ്. അവരുടെ വിയോഗ ശേഷം എന്റെ സമുദായത്തിന്ന വാഗ്ദാനം ചെയ്യപ്പെട്ടത് ആസന്നമാകും. എന്നെ കണ്ട ഒരാൾ നിങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്നിടത്തോളം ഈ മതം മറ്റു മതങ്ങളെ അതിജയിച്ചുകൊണ്ടേയിരിക്കും.' [84]

പിതാമഹനിലൂടെ പ്രവാചകനിൽ നിന്നദ്ദേഹം ഉദ്ധരിക്കുന്നു:നൂറ്റാണ്ടുകൾ നാലാണ്. അതിൽ ഏറ്റവും നല്ല നൂറ്റാണ്ടിലാണ് ഞാൻ നിലകൊള്ളുന്നത്. പിന്നെ, രണ്ടാമത്തേതും അതിന്നു ശേഷം മൂന്നാമത്തേതുമാണ് ഏറ്റവും നല്ല നൂറ്റാണ്ടുകൾ. നാലാം നൂറ്റാണ്ടായാൽ പുരുഷന്മാർ പരസ്പരവും

സ്ത്രീകൾ പരസ്പരവും ഏറ്റുമുട്ടും. അപ്പോൾ മനുഷ്യഹൃദയങ്ങളിൽ നിന്ന് അല്ലാഹു ഖുർആൻ എടുത്തുകളയും. അനന്തരം ഒരു ഇരുണ്ട കാറ്റ് അയക്കപ്പെടുകയും അതോടെ അല്ലാഹു അല്ലാത്ത എല്ലാം നാമാവശേഷമാവുകയും ചെയ്യും.'[85]

സ്വഹാബികളെടേതാണ് ഉത്തമ നൂറ്റാണ്ടെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. അതിനാൽ ആ നൂറ്റാണ്ടിനെ അധിക്ഷേപിച്ചുകൂടാ.

## ഇമാം അലി രിദാ (റ)

സ്വഹാബികളോടുള്ള ഇമാം അലി രിദാ (റ) യുടെ നിലപാടും തന്റെ പൂർവികരുടേതിൽ നിന്ന് ഭിന്നമായിരുന്നില്ല.അദ്ദേഹം പറഞ്ഞു: അല്ലാഹു മൂസബ്നു ഇംറാനെ നിയോഗിക്കുകയും വിശ്വസ്ത സ്നേഹിതനായി തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്നു വേണ്ടി സമുദ്രം പിളരുകയും താൻ വഴി ബനൂഇസ്രായേൽ മോചിതരാവുകയും തൗറാത്തും ഫലകങ്ങളും ലഭിക്കുകയും ചെയ്തപ്പോൾ ദൈവിക സന്നിധിയിൽ അദ്ദേഹത്തിന്നുള്ള സ്ഥാനം അദ്ദേഹം കാണുകയുണ്ടായി. അപ്പോൾ മൂസാ (അ) പറഞ്ഞു:

'റബ്ബേ, മുഹമ്മദിന്റെ കുടുംബം ഇങ്ങനെയാണെങ്കിൽ പ്രവാചകന്മാരുടെ സ്വഹാബികളിൽ എന്റെ സ്വഹാബികളെക്കാൾ നിന്റെയടുക്കൽ ആദരണീയരായ വല്ലവരുമുണ്ടോ'?

അല്ലാഹു പറഞ്ഞു: മൂസേ, ഇതര നബിമാരുടെ സ്വഹാബത്തുകളെയപേക്ഷിച്ച് മുഹമ്മദിന്റെ സ്വഹാബത്തിന്നുള്ള മഹത്വം ഇതര നബികുടുംബങ്ങളെയപേക്ഷിച്ച് മുഹമ്മദിന്റെ കുടുംബത്തിന്റെ മഹത്വം പോലെയും ഇതര പ്രവാചകന്മാരെക്കാൾ മുഹമ്മദിന്നുള്ള മഹത്വം പോലെയുമാണെന്ന് നിനക്കറിഞ്ഞുകൂടെ?

മൂസാ : 'നാഥാ, എനിക്കവരെ കാണാൻ കഴിഞ്ഞിരുന്നുവെങ്കിൽ!

അപ്പോൾ അല്ലാഹു മൂസക്ക് ബോധനമറിയിച്ചു: ഇതവർ പ്രത്യ ക്ഷരാകുന്ന കാലമല്ലാത്തതിനാൽ നിനക്കവരെ കാണാനാവു കയില്ല. എന്നാൽ സ്വർഗത്തിൽ വെച്ച് നിനക്കവരെ കാണാൻ കഴിയും. മുഹമ്മദിന്റെ സാന്നിധ്യത്തിൽ ഇഷ്ടാനുസാരം സുഖ ജീവിതത്തിൽ കഴിയുന്നതായി ഫിർദൗസിൽ നിനക്കവരെ കാണാം.[86]

ഈ മഹത്വം നബിയുടെ ഏതെങ്കിലുമൊരു സ്വഹാബി യിൽ മാത്രം പരിമിതമല്ലെന്നും പ്രത്യുത മൊത്തം സ്വഹാബി കളുടേതാണെന്നും ഈ ഉദ്ധരണി വ്യക്തമാക്കുന്നു. അല്ലെങ്കിൽ മറ്റുപ്രവാചകന്മാരുടെ സ്വഹാബികളേക്കാൾ നബിയുടെ സ്വഹാ ബികൾക്ക് മഹത്വമുണ്ടാവുകയില്ലല്ലോ.

## ഇമാം ഹസൻ ബ്നു മുഹമ്മദ് അസ്കരി(റ)

നബി (സ) യിൽ നിന്ന് ഇമാം അസ്കരി ഉദ്ധരിക്കുന്നു: അല്ലാഹു മൂസബ്നു ഇംറാനെ നിയോഗിക്കുകയും വിശ്വസ്തനായി തെര ഞ്ഞെടുക്കുകയും സമുദ്രം പിളർത്തി ബനൂ ഇസ്രായേല്യരെ രക്ഷപ്പെടുത്തുകയും തൗറാത്തും ഇഞ്ചീലും നൽകുകയും ചെയ്തപ്പോൾ , ദൈവിക സന്നിധിയിലെ തന്റെ സ്ഥാനം അദ്ദേഹം കണ്ടു. അപ്പോൾ അദ്ദേഹം:

'നാഥാ മുൻഗാമികളിലാർക്കും ലഭിക്കാത്ത ഒരു ആദര വാണല്ലോ എനിക്ക് നീ നൽകിയിരിക്കുന്നത്'?

അപ്പോൾ അല്ലാഹു; 'മൂസേ സകല മലക്കുകളെയും സൃഷ്ടികളെയു കാൾ എന്റെയടുത്ത് ഏറ്റവും ഉത്തമൻ മുഹ മ്മദാണെന്ന് നിനക്കിറിഞ്ഞുകൂടേ?

മൂസാ: മുഹമ്മദ് എല്ലാ സൃഷ്ടികളെക്കാളും ഉത്തമനാ ണെങ്കിൽ പ്രവാചകകുടുംബങ്ങളിൽ എന്റെ കുടുംബത്തെ ക്കാൾ ആദരണീയരുണ്ടോ'?

അല്ലാഹു: 'മൂസാ, ഇതര നബിമാരുടെ കുടുംബ ങ്ങളെയപേക്ഷിച്ചു മുഹമ്മദിന്റെ കുടുംബത്തിന്റെ മഹത്വം, ഇതര പ്രവാചകന്മാരെയപേക്ഷിച്ചു അദ്ദേഹത്തിന്നുള്ള മഹത്വം പോലെയാണെന്ന് നിനക്കറിഞ്ഞുകൂടെ'?

അദ്ദേഹം: നാഥാ, നിന്റെ സന്നിധിയിൽ മുഹമ്മദിന്റെ കുടുംബത്തിന്റെ സ്ഥിതി ഇതാണെങ്കിൽ ഇതര പ്രവാചകന്മാരുടെ സ്വഹാബികളിൽ എന്റെ സ്വഹാബികളെക്കാൾ ഉത്തമരായ വല്ലവരുമുണ്ടോ?

അല്ലാഹു: 'മൂസാ, എല്ലാ പ്രവാചകന്മാരുടെ സ്വഹാബികളെയപേക്ഷിച്ചു മുഹമ്മദിന്റെ സ്വഹാബികളുടെ മഹത്വം ഇതര നബി കുടുംബങ്ങളെയപേക്ഷിച്ച് മുഹമ്മദിന്റെ കുടുംബത്തിന്നുള്ള മഹത്വം പോലെയും മറ്റു പ്രവാചകന്മാരെയപേക്ഷിച്ചു, മുഹമ്മദിന്നുള്ള മഹത്വം പേലെയുമാണെന്ന് നനക്കറിഞ്ഞു കൂടെ? (87)

സുകൃതരും ഉത്തമരുമായ സ്വഹാബികളെ കുറിച്ച വിശുദ്ധ അഹ്ലുബൈത്തിന്റെ നിരവധി പ്രശംസകളിൽ ചിലത് മാത്രമാണിവ.

ഇങ്ങനെയായിരുന്നു ഇരുവിഭാഗങ്ങൾക്കുമിടയിലെ ബന്ധം.

ചില മുസ്ലിംകളിൽ ചിലരുടെ മനസ്സിലെ കൃത്രിമ ഹിമ പർവതം ഉരുക്കിക്കളയാൻ ഇവ തന്നെ പര്യാപ്തമാണ്. വേദനയോടെ പറയട്ടെ, അഹ്ലുബൈത്തിനെ സ്നേഹിക്കാനുള്ള ഒരുമാർഗമായി ചിലർ നിശ്ചയിച്ചത് സ്വഹാബത്തിനോട് കോപിക്കുകയത്രെ. അടിസ്ഥാന സ്രോതസ്സുകളിലൂടെ നാം വിവരിച്ച അഹ്ലുബൈത്തിന്റെ നിലപാടുകൾക്ക് കടകവിരുദ്ധമാണ് ഇത്.

ഇത്തരം കൃത്രിമ ഹിമപർവതം ഉരുകി കഴിയുന്നതോടെ വിശിഷ്ടമായ ഐക്യത്തിന്ന് സമൂഹം സുസജ്ജമാകുന്നതാണ്.

ഭാഗം മൂന്ന്

# സ്വഹാബികൾ അഹ്ലുബൈത്തിനെ പ്രശംസിക്കുന്നു

## ഖലീഫ അബൂബക്കർ (റ)

സ്വിദ്ദീഖ് (റ) ഉചിതമായ രീതിയിൽ അഹ്ലുബൈത്തിനെ പ്രശംസിക്കുന്നത് കാണുക.

ഇമാം ബുഖാരി തന്റെ സ്വഹീഹിൽ നിവേദനം ചെയ്യുന്നു; അബൂബക്കർ (റ) അലിയോടു പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കൈയിലാണോ,അവനാണ സത്യം. എന്റെ കുടുംബബന്ധം ചേർക്കുന്നതിനേക്കാൾ എനിക്കേറ്റവും ഇഷ്ടം നബി (സ)യുടെ കുടുംബം ചേർക്കുന്നതാണ്. [88]

ഇബ്നു ഉമർ (റ) അബൂബക്കറി (റ)ൽ നിന്നുദ്ധരിക്കുന്നു: മുഹമ്മദി(സ)നെ അദ്ദേഹത്തിന്റെ കുടുംബത്തിലായി നിങ്ങൾ കാത്തു സൂക്ഷിക്കുക. [89]

ഉഖ്ബത്തുബ്നു ഹാരിസിൽ നിന്ന് മുസ്നദ് അബീ യഅ്ലയിൽ ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു:

തിരുമേനി (സ)യുടെ വിയോഗാനന്തരം കുറച്ചു ദിവസങ്ങൾക്ക് ശേഷം അസർ നമസ്കാരാനന്തരം അബൂബക്കർ (റ) നടക്കുകയായിരുന്നു.അപ്പോൾ,ഹസൻ (റ) കുട്ടികളോടൊപ്പം കളിക്കുന്നത് കണ്ടു. ഉടനെ ഹസനെ ചുമലിലേറ്റി

ക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'എന്റെ പിതാവ് തന്നെയാണ, ഇദ്ദേഹം തിരുമേനി (സ) യോടാണ് സദൃശൻ. അലിയോടല്ല' അലി(റ) അത് കേട്ട് ചിരിച്ചു.

മൂല വാക്യത്തിലെ കുറച്ചു ദിവസങ്ങൾ എന്ന പ്രയോഗം അലി അബൂബക്കറിനെ ബൈഅത്ത് ചെയ്തില്ലായെന്നും മാസങ്ങളോളം അദ്ദേഹം സമൂഹത്തിൽ നിന്ന് മാറിനിന്നുവെന്നും ചില ചരിത്രഗ്രന്ഥങ്ങൾ വഴി പ്രചരിച്ച കാര്യം തെറ്റാണെന്ന് വിളിച്ചോതുന്നു.തന്റെ സ്വഹാബിസഹോദരങ്ങളിൽ നിന്ന് മാറി നിൽക്കുക, സമൂഹത്തിൽ ഛിദ്രത സൃഷ്ടിക്കുക, അല്ലെങ്കിൽ ഇവർ പറയുന്നത് പോലെ അല്ലാഹു അദ്ദേഹത്തിന്ന് സ്വന്തമായി നൽകിയ അവകാശം ഉപേക്ഷിക്കുക എന്നിവ പ്രവാചകന്റെ രണ്ടു പൗത്രന്മാരുടെ പിതാവായ അലിയുടെ പദവിക്കു യോജിച്ചതല്ല. ആ സമയത്ത് സിദ്ദീഖിനെ ബൈഅത്ത് ചെയ്യുന്ന കാര്യത്തിൽ സ്വഹാബികളെല്ലാം ഐക്യത്തിലെത്തിയിരുന്നുവല്ലോ.അലിയ്യുബ്നു അബീത്വാലിബും സുബൈർബ്നുൽ അവാമും പോലും അക്കൂട്ടത്തിലുണ്ടായിരുന്നു. അബൂസഈദിൽ നിന്ന് ബൈഹഖി നിവേദനം ചെയ്ത ഒരു റിപ്പോർട്ടാണ് ഈ പറഞ്ഞതിനവലംബം: തിരുമേനി (സ) യുടെ വിയോഗാനന്തരം അബൂബക്കറും ഉമറുമടക്കമുള്ള ആളുകൾ സഈദ്ബ്നു ഉബാദയുടെ വീട്ടിൽ സമ്മേളിക്കുകയുണ്ടായി.

അദ്ദേഹം പറയുകയാണ്:

അപ്പോൾ, അൻസാറുകളുടെ വക്താവ് എഴുന്നേറ്റു നിന്നു കൊണ്ട് പറഞ്ഞു: നിങ്ങൾക്കറിയുമോ ഞങ്ങൾ തിരുമേനി (സ) യുടെ അൻസ്വാറുകളായിരുന്നു. അദ്ദേഹത്തിന്റെ അൻസ്വാറുകളായിരുന്നത് പോലെ തന്നെ ഇപ്പോൾ ഞങ്ങൾ അദ്ദേഹത്തിന്റെ ഖലീഫയുടെ അൻസ്വാറുകളാണ്.

റിപ്പോർട്ടർ പറയുന്നു:

അപ്പോൾ ഉമറുബ്നുൽ ഖത്വാബ് പറഞ്ഞു: നിങ്ങളുടെ വക്താവ് പറഞ്ഞത് സത്യം. മറ്റൊന്നാണ് നിങ്ങൾ പറഞ്ഞിരുന്നതെങ്കിൽ ഞങ്ങൾ നിങ്ങളെ ബൈഅത്ത് ചെയ്യുമായിരുന്നില്ല.

അങ്ങനെ, അബൂബക്കറിന്റെ കൈ പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ഇതാ നിങ്ങളുടെ കൂട്ടുകാരൻ. അദ്ദേഹത്തെ

ബൈഅത്ത് ചെയ്യുക. ഉമർ (റ) അദ്ദേഹത്തിന് ബൈഅത്ത് നടത്തുകയും ചെയ്തു. മുഹാജിറുകളും അൻസ്വാറുകളും ബൈഅത്ത് ചെയ്തു.

റിപ്പോർട്ടർ പറയുന്നു: അനന്തരം പ്രസംഗപീഠത്തിൽ കയറി അബൂബക്കർ (റ) ആളുകളുടെ മുഖത്തേക്ക് മാറിമാറി നോക്കി. അപ്പോൾ, സുബൈറിനെ കണ്ടില്ല.

റിപ്പോർട്ടർ പറയുന്നു:
സുബൈറിനെ വിളിച്ചുവരുത്തി അദ്ദേഹം ചോദിച്ചു: നബി (സ) യുടെ പിതൃസഹോദരീ പുത്രാ, മുസ്ലിം ഐക്യം തകർക്കാനാണോ താങ്കളുടെ ഉദ്ദേശ്യം?

'പ്രവാചകന്റെ ഖലീഫാ, എന്നെ ആക്ഷേപിക്കരുതേ' എന്നു പറഞ്ഞുകൊണ്ടദ്ദേഹം ബൈഅത്ത് ചെയ്തു.

പിന്നെ ശ്രദ്ധിച്ചപ്പോൾ അലി (റ) യുടെ അഭാവമാണ് കണ്ടത്. അദ്ദേഹത്തെ വിളിച്ചുവരുത്തി പറഞ്ഞു:

'ഞാൻ ചോദിക്കുകയാണ്, നബി (സ) യുടെ പിതൃവ്യ പുത്രാ, ജാമാതാവേ, മുസ്ലിം ഐക്യം തകർക്കാനാണോ ഉദ്ദേശ്യം'?

'പ്രവാചകന്റെ പ്രതിപുരുഷാ, ആക്ഷേപിക്കരുതേ' എന്ന് പറഞ്ഞു അദ്ദേഹവും ബൈഅത്ത് ചെയ്തു.
ഹാഫിള് അബൂ അലി നൈസാബൂരി പറയുന്നു:

ഇബ്നു ഖുസൈമ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: മുസ്ലിം ബ്നു ഹജ്ജാജ് ഈ ഹദീസിനെ കുറിച്ച് ചോദിക്കാൻ എന്റെയടുത്ത് വരികയും അപ്പോൾ ഒരു തുണ്ട് കടലാസിൽ ഇതെഴുതി ഞാനദ്ദേഹത്തിന്നു വായിച്ചുകൊടുക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു, ഒരു വയസ്സുള്ള ഒട്ടക (ബുദ്ന) ത്തിന് സമമായ ഹദീസാണിത്. ഞാൻ പറഞ്ഞു; അല്ല, ഒരു 'ബുദ്റ'(10,000 ദിർഹം) ക്ക് സമമാണിത്. ഇമാം അഹ്മദ് ഹൃസ്വമായും ഹാകിം മുകളിലുദ്ധരിച്ചത് പോലെയും ഇത് നിവേദനം ചെയ്തിട്ടുണ്ട്. [91]

എന്നാൽ ആറു മാസം കഴിഞ്ഞശേഷമാണ് അലി (റ) ബൈഅത്ത് ചെയ്തതെന്ന ആഇശ (റ)യുടെ ഹദീസിന്ന് ഇത് വിരുദ്ധമല്ല.ആയിശ (റ) തനിക്കറിയുന്നത് പറഞ്ഞു.അബൂസ

ഈദിൽ ഖുദ്രി തനിക്കറിയുന്നതും പറഞ്ഞു. അറിയുന്നയാൾ അറിയാത്തവർക്ക് പ്രമാണമാണല്ലോ.

സ്വഹാബത്തിന്റെ മഹത്വവും ശ്രേഷ്ഠതയും സംബന്ധമായി അബ്ദുല്ലാഹ്ബ്നു ജഅ്ഫറി (റ) ൽ നിന്ന് ദാറഖുത്നി നിവേദനം ചെയ്യുന്നു:

'അബൂബക്കറി(റ) നെ അല്ലാഹു അനുഗ്രഹിക്കട്ടെ. അദ്ദേഹം നമ്മുടെ ഭരണാധികാരിയായിരുന്നു. എത്ര നല്ല ഭരണാധികാരി! അദ്ദേഹത്തേക്കാൾ നല്ല ഒരു പരിപാലകനെ ഞാൻ കണ്ടിട്ടില്ല.[92]

ഒരു ദിവസം ഞങ്ങൾ അദ്ദേഹത്തോടൊപ്പം വീട്ടിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഉമർ (റ) അവിടെ വന്നു. മൂന്ന് തവണയാണദ്ദേഹം അനുമതി തേടിയത്. ആദ്യത്തെ ഒന്നും രണ്ടും തവണ അനുമതി കൊടുത്തില്ല. മൂന്നാം പ്രാവശ്യമാണ് അനുമതി കൊടുത്തത്. അബൂബക്കർ (റ) പറഞ്ഞു: കടന്നോളൂ. സ്വഹാബികളോടൊന്നിച്ച് അദ്ദേഹം അകത്തു കടന്നു. ഉമർ (റ) ചോദിച്ചു: നബി(സ) യുടെ പ്രതിപുരുഷാ! ഞങ്ങളെ വാതിൽക്കൽ തടഞ്ഞുവെച്ചതെന്തിനായിരുന്നു? രണ്ടു തവണ അനുമതി തേടിയിട്ടും അനുമതി തന്നില്ല. ഇപ്പോൾ ഈ മൂന്നാം തവണ?

അബൂബക്കർ (റ): ' ജഅ്ഫർ കുടുംബം ആഹാരം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു.നിങ്ങൾ അവരുടെ ആഹാരത്തിൽ പങ്കുചേർന്നേക്കുമോ എന്നു ഞാൻ ഭയപ്പെട്ടു.'

ജഅ്ഫർ സന്തതികളോടുള്ള അബൂബക്കറിന്റെ അങ്ങേയറ്റത്തെ പരിഗണനയും പരിരക്ഷയുമാണിവിടെ വ്യക്തമാകുന്നത്.

# ഉമർബ്നുൽ ഖത്വാബ് (റ)

സംശയത്തിന്നു പഴുതില്ലാത്തതായിരുന്നു അഹ്ലുബൈത്തും ഉമറും (റ) തമ്മിലുള്ള ബന്ധം. അവരുടെ പരസ്പര പ്രശംസ,

അലി (റ) യുടെ പുത്രി ഉമ്മുകുൽസൂമിനെ അദ്ദേഹം വിവാഹം കഴിച്ചത്, പല അഹ്ലുബൈത്ത് സന്തതികൾക്കും ഉമർ എന്ന നാമകരണം എന്നിവയിലെല്ലാം ഈ ബന്ധത്തിന്റെ അടയാളങ്ങൾ പ്രകടമാണ്.

ബുഖാരി(റ)യുടെ ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: ക്ഷാമബാധിത വേളയിൽ ഉമർ (റ) അബ്ബാസ് ബ്നു അബ്ദിൽ മുത്തലിബിനെ മധ്യവർത്തിയാക്കി [93] പ്രാർഥിച്ചിരുന്നു. അദ്ദേഹം പ്രാർഥിച്ചു: അല്ലാഹുവേ, ഞങ്ങൾ പ്രവാചകനെ മധ്യവർത്തിയാക്കി നിന്നോട് പ്രാർഥിക്കുകയും അപ്പോൾ നീ ഞങ്ങൾക്ക് മഴ വർഷിപ്പിക്കുകയും[94] ചെയ്തിരുന്നുവല്ലോ. ഇപ്പോൾ അവിടുത്തെ പിതൃവ്യനെ മധ്യവർത്തിയാക്കി നിന്നോട് ചോദിക്കുകയാണ്, ഞങ്ങൾക്ക് മഴ നൽകേണമേ. നിവേദകൻ പറയുന്നു:
അങ്ങനെ അവർക്ക് മഴ വർഷിച്ചു.

പ്രവാചകന്റെ പിതൃവ്യന്റെ പ്രാർഥന ഉമർ(റ) മധ്യവർത്തിയാക്കിയതെങ്ങനെ എന്ന് കണ്ടു. മുമ്പ് നബി (സ) യുടെ ജീവിതകാലത്ത് അവിടുത്തെ പ്രാർഥനയായിരുന്നുവല്ലോ മധ്യവർത്തിയാക്കപ്പെട്ടിരുന്നത്. ഉമർ (റ) അബ്ബാസി (റ) നോട് ഇങ്ങനെ പറഞ്ഞിരുന്നതായി ഇബ്നു സഅദിന്റെ *ത്വബഖാത്തിൽ* വന്നിട്ടുണ്ട്: പടച്ചവനാണ, ഖത്വാബ് ഇസ്‌ലാമാശ്ലേഷിച്ചിരുന്നുവെങ്കിൽ അതിനേക്കാൾ എനിക്ക് ഏറ്റവും ഇഷ്ടം താങ്കളുടെ ഇസ്‌ലാമാശ്ലേഷമാണ്. കാരണം, ഖത്വാബിന്റെ ഇസ്‌ലാമാശ്ലേഷത്തെക്കാൾ നബി (സ) ക്കേറ്റവും ഇഷ്ടമുള്ളത് താങ്കളുടെ ഇസ്‌ലാമാശ്ലേഷമാണ്.[95]

ഉർവതുബ്നുസുബൈറി(റ) ൽ നിന്ന് ഇമാം അഹ്മദ് നിവേദനം ചെയ്യുന്നു: ഒരാൾ ഉമറി (റ) ന്റെ സന്നിധിയിൽ അലി (റ) യെ കുറ്റപ്പെടുത്തുകയുണ്ടായി. ഉമർ അയാളോട്: 'ഈ ഖബ്റിലുള്ള ആളെ നിനക്കറിയാമോ? അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബ്ദുല്ലയുടെ മകൻ മുഹമ്മദാണത്. അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബൂത്വാലിബിന്റെ മകനാണ് അലി. അതിനാൽ അലി (റ) യെ കുറിച്ച് നല്ലതേ പറയാവൂ. അദ്ദേഹത്തോട് കോപിക്കുകയാണെങ്കിൽ ഈ ഖബ്റിലുള്ള ആളെ

യാണ് നീ വിഷമിപ്പിക്കുന്നത്'.

ഞങ്ങളിലെ ഏറ്റവും വലിയ ന്യായാധിപൻ അലിയാണെന്ന് ഉമർ (റ) പറഞ്ഞതായി *അൽ ഇസ്തീഅബിൽ* ഇബ്നു അബ്ദിൽ ബർറ് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.[96]

ഇബ്നു അസാകിറിന്റെ താരീഖു ദിമിശ്ഖ് എന്ന കൃതിയിൽ ഇങ്ങനെ വന്നിരിക്കുന്നു: ഉമർ രജിസ്റ്റർ തയ്യാറാക്കി വിഹിതങ്ങൾ നിശ്ചയിച്ചപ്പോൾ ഹസനും ഹുസൈനും ബദ്ർ യുദ്ധ വേളയിൽ തങ്ങളുടെ പിതാവിന്ന് ലഭിച്ച വിഹിതമാണ് നിശ്ചയിച്ചത്. നബി (സ) യുമായുള്ള ഇരുവരുടെയും അടുപ്പമായിരുന്നു കാരണം. അങ്ങനെ ഓരോരുത്തർക്കും അയ്യായിരം വീതമാണ നിശ്ചയിച്ചത്.[97]

ഈ സംഭവം ഇബ്നു സഅദ്, ജുബൈറുബ്നു ഹുവൈരിഥ്ബ്നു നുഖൈദിൽ  നിന്ന് ദീർഘമായി ഉദ്ധരിച്ചിട്ടുണ്ട്.

രജിസ്റ്റർ തയ്യാറാക്കുമ്പോൾ ഉമർ മുസ്ലിംകളോട് അഭിപ്രായമാരായുകയുണ്ടായി. അപ്പോൾ അലി ബ്നു അബീത്വാലിബ് (റ) പറഞ്ഞു: താങ്കളുടെ പക്കൽ ശേഖരിക്കപ്പെടുന്ന ധനം ഓരോ വർഷവും വീതിക്കുക. ഒന്നും പിടിച്ചുവെക്കരുത്.
വലീദ്ബ്നു ഹിശാം ബ്നു മുഗീറ പറഞ്ഞു:

'അമീറുൽ മുഅ്മിനീൻ, ഞാൻ ശാമിൽ പോയിരുന്നു. അവിടത്തെ രാജാക്കന്മാർ രജിസറ്റർ തയ്യാറാക്കുന്നതും പട്ടാളത്തിലേക്ക് ആളെ ചേർക്കുന്നതും ഞാൻ കണ്ടു. അതിനാൽ രജിസ്റ്റർ തയ്യാറാക്കുകയും പട്ടാളത്തിൽ ആളെ ചേർക്കുകയും ചെയ്യുക'.

വലീദിന്റെ അഭിപ്രായം സ്വീകരിച്ച ഉമർ (റ) ഉഖൈലുബ്നു അബീ ത്വാലിബ് , മഖ്റമതുബ്നു നൗഫൽ, ജുബൈറുബ്നു മുത്ഇം എന്നിവരെ വിളിച്ചുവരുത്തി. ഖുറൈശി വംശത്തെ കുറിച്ച് നന്നായറിയുന്നവരായിരുന്നു ഇവർ. അദ്ദേഹം പറഞ്ഞു: 'ആളുകളെ  തങ്ങളുടെ നിലവാരമനുസരിച്ച് എഴുതുക'.

അവർ പ്രവർത്തനമാരംഭിച്ചു. ആദ്യം ബനൂ ഹാശിം, തുടർന്നു അബൂബക്കർ, അദ്ദേഹത്തിന്റെയാളുകൾ, പിന്നെ ഉമർ, അദ്ദേഹത്തിന്റെയാളുകൾ . ഇത് കണ്ട ഉമർ (റ) പറഞ്ഞു:

അല്ലാഹുവാണ, ഇങ്ങനെയാകണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പക്ഷെ നബി (സ)യുടെ ഏറ്റവും അടുത്ത കുടുംബം, പിന്നെ അതിന്നടുത്തവർ എന്നിങ്ങനെയാണ് നിങ്ങൾ തുടങ്ങേണ്ടത്. ഉമറിനെ അല്ലാഹു വെച്ചിടത്ത് വെക്കുക.

അദ്ദേഹം പറയുകയാണ്:

മുഹമ്മദ് ബ്നു ഉമർ ഞങ്ങളോട് ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഉസാമത്ബ്നു അസ്‌ലം പിതാവ് വഴി പിതാമഹനിൽ നിന്നു ദ്ധരിച്ചുകൊണ്ട് എന്നോട് പറഞ്ഞു:

ഈ രേഖ ഉമറി(റ) ന്റെ മുമ്പിൽ സമർപ്പിക്കപ്പെട്ടു. ബനൂ തൈമിനെ ബനൂഹാശിമിന്ന് ശേഷവും ബനൂ അദിയ്യിനെ ബനൂ തൈമിന്ന് ശേഷവുമാണതിലെഴുതിയിരുന്നത്.അപ്പോൾ ഉമർ പറഞ്ഞു: ഉമറിനെ അയാളുടെ സ്ഥാനത്ത് വെക്കുക. ആദ്യം നബിയോടടേറ്റവും അടുത്തവർ,പിന്നെ ഏറ്റവും ഏറ്റവും അടുത്തവർ എന്ന നിലക്കാണ് നിങ്ങൾ തുടങ്ങേണ്ടത്.

അപ്പോൾ, ബനൂ അദിയ്യ് ഉമറിനടുത്തെത്തി പറഞ്ഞു:

'താങ്കൾ നബി (സ) യുടെ ഖലീഫയാണ്, അല്ലെങ്കിൽ അബൂബക്കറിന്റെ ഖലീഫ. അബൂബക്കർ നബി(സ)യുടെ ഖലീഫയും. അവർ പറഞ്ഞു:താങ്കളെ അവർ വെച്ചിടത്ത് തന്നെ ആയിരുന്നെങ്കിൽ

ഉമർ: കൊള്ളാം ശബാശ്! ബനൂ അദിയ്യ്! എന്റെ ചെലവിൽ കഴിയാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് വേണ്ടി എന്റെ സുകൃതങ്ങൾ ഞാൻ നഷ്ടപ്പെടുത്തണം. അല്ലാഹുവാണ, നിങ്ങൾ വിളിക്കപ്പെടുന്നത്വരെ, ഇല്ല. നിങ്ങൾ രജിസ്റ്ററിന്റെ അവസാനത്തിലാണ് എഴുതപ്പെടുന്നതെങ്കിൽ പോലും. എനിക്ക് രണ്ടു കൂട്ടുകാരുണ്ട്. അവർ പ്രവേശിച്ച ഒരു മാർഗമുണ്ട് .അതിന് വിരുദ്ധമായി പ്രവർത്തിച്ചാൽ എനിക്ക് എതിർപ്പുണ്ടാകും. അല്ലാഹുവാണ, മുഹമ്മദിന്റെ പേരിലാണ് ഭൗതികലോകത്ത് നമുക്ക് മഹത്വം ലഭിച്ചിരിക്കുന്നത്. പരലോകത്ത് പ്രതിഫലം പ്രതീക്ഷിക്കുന്നതും തഥൈവ. അദ്ദേഹമാണ് നമ്മുടെ മാന്യത. അദ്ദേഹത്തിന്റെ ആളുകളാണ് അറബികളിൽ ഏറ്റവും മാന്യർ.[98]

ദഹബിയുടെ *സിയറുഅഅ്‌ലാമിന്നുബലാഇ*ൽ പറയുന്നു:

ഉമർ സ്വഹാബി പുത്രന്മാർക്ക് വസ്ത്രം നൽകുകയായിരുന്നു. പക്ഷേ, ഹസന്നും ഹുസൈന്നും ചേരുന്നതായിരുന്നില്ല അത്. അദ്ദേഹം യമനിലേക്ക് ആളയച്ചു അവർക്ക് വസ്ത്രം വരുത്തി. അദ്ദേഹം പറഞ്ഞു: ഇപ്പോഴാണെനിക്ക് സന്തോഷമായത്.[99]

നോക്കൂ, അവരുടെ വസ്ത്രത്തിന്റെ കാര്യത്തിൽ പോലും അദ്ദേഹത്തിന്റെ ശ്രദ്ധ. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ അവർ മറ്റുള്ളവരെപോലെയായിരുന്നില്ല,.

ഇബ്നു അസാകിറിന്റെ ദിമിശ്ഖ് ചരിതത്തിൽ ഇങ്ങനെ കാണാം. ഉമർ ഹുസൈനോട് പറഞ്ഞു: കുഞ്ഞുമോനെ, നീ ഞങ്ങളോടൊപ്പം വന്ന് സംഗമിച്ചിരുന്നെങ്കിൽ.

ഹുസൈൻ (റ) പറയുകയാണ: അങ്ങനെ ഒരു ദിവസം ഞാൻ ചെന്നു. അദ്ദേഹവും മുആവിയയും തനിച്ചിരിക്കുകയായിരുന്നു. വാതിൽക്കൽ ഇബ്നു ഉമറുണ്ടായിരുന്നു. അനുമതി ലഭിച്ചില്ല. ഞാൻ തിരിച്ചു പോയി. പിന്നീട് പരസ്പരം കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: കുഞ്ഞുമോനെ, നീ വന്നില്ലേ?

'ഞാൻ വന്നിരുന്നു. അപ്പോൾ താങ്കളും മുആവിയയും തനിച്ചായിരുന്നു. താങ്കളുടെ മകൻ ഇബ്നു ഉമർ എന്ന അബ്ദുല്ലയെ ഞാൻ കണ്ടിരുന്നു. അദ്ദേഹം തിരിച്ചുവന്നപ്പോൾ ഞാൻ തിരിച്ചു പോരുകയായിരുന്നു'.

ഉമർ: 'അബ്ദുല്ലാഹിബ്നു ഉമറിനേക്കാൾ അനുമതിക്കർഹൻ നീയാണല്ലോ.'

അദ്ദേഹം കൈ ഹുസൈന്റെ ശിരസ്സിൽ വെച്ചു.[100]

ഉമറിന്റെ കാലത്ത് ഹുസൈൻ എത്രമാത്രം ചെറുപ്പമായിരുന്നു. എന്നിട്ടും അദ്ദേഹത്തോട് എത്രമാത്രം സ്നേഹമാണുണ്ടായിരുന്നത്!

സമുദായത്തിന്റെ പണ്ഡിതനായിരുന്ന അബ്ദുല്ലാഹിബ്നു അബ്ബാസിനെ അദ്ദേഹം വാഴ്ത്തുന്ന ഒരു സംഭവം ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്. ഇബ്നു അബ്ബാസിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുകയാണ്:

ബദ്രികളായ മഹാന്മാരൊടൊപ്പം ഉമർ എന്നെയും അകത്തു കടത്താറുണ്ടായിരുന്നു. അപ്പോൾ ചിലർ ചോദിച്ചു, എ

ന്തിനാണ് ഈ പയ്യനെ ഞങ്ങൾക്കൊപ്പം കടത്തുന്നത്.

അദ്ദേഹം പറഞ്ഞു: 'നിങ്ങൾക്ക് നേരിലറിയാവുന്നവരിൽ പെട്ടവനാണല്ലോ ഇവൻ.'

'അബ്ദുല്ലാഹ് ബ്നു അബ്ബാസ് എത്ര നല്ല ഖുർആൻ വ്യാഖ്യാതാവ്' എന്ന് ഉമർ (റ) പറയാറുണ്ടായിരുന്നുവെന്ന് ഇബ്നു അബ്ദിൽ ബർറ് നിവേദനം ചെയ്യുന്നു. ഇബ്നു അബ്ബാസ് വരുമ്പോൾ ,അന്വേഷകനായ നാവ്, കൊതിതീരാത്ത ബുദ്ധി വന്നിരിക്കുന്നുവെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.[102]

ഹാകിമിന്റെ മുസ്തദ്റകിൽ ഇങ്ങനെ വന്നിരിക്കുന്നു. അലി (റ) യുടെ പുത്രി ഉമ്മുകുൽസൂമിനെ വിവാഹന്വേഷണം നടത്തികൊണ്ട് ഉമർ അദ്ദേഹത്തോട്: അവളെ എനിക്ക് വിവാഹം ചെയ്തു തരിക

അലി: അവളെ ഞാൻ എന്റെ സഹോദരപുത്രൻ അബ്ദുല്ലാഹിബ്നു ജഅ്ഫറിന്ന് വാഗ്ദാനം നടത്തിയിരിക്കുന്നുവല്ലോ?

ഉമർ: അവളെ എനിക്ക് വിവാഹം ചെയ്തു തരിക. അല്ലാഹുവാണ, അവളുടെ കാര്യം എന്നെപോലെ ശ്രദ്ധയോടെ നോക്കുന്ന മറ്റാരും തന്നെ മനുഷ്യരിൽ ഇല്ല.

അപ്പോൾ അലി(റ) അവരെ അദ്ദേഹത്തിന്ന് വിവാഹം ചെയ്തുകൊടുത്തു.ഉമർ മുഹാജിറുകളുടെ അടുത്തെത്തി ചോദിച്ചു: നിങ്ങളെനിക്ക് മംഗളം ആശംസിക്കുന്നില്ലേ?

അവർ ചോദിച്ചു: അമീറുൽ മുഅ്മിനീൻ, ആരുടെ കാര്യത്തിൽ?

ഉമർ: അലി (റ) യുടെയും പ്രവാചകപുത്രി ഫാതിമ (റ) യുടെയും മകൾ ഉമ്മുകുൽസൂമിന്റെ കാര്യത്തിൽ ?

എന്റേതല്ലാത്ത എല്ലാ കുടുംബബന്ധവും വംശപരമ്പരയും അന്ത്യനാളിൽ വിഛേദിക്കപ്പെടുമെന്ന് നബി (സ) അരുളിയതായി ഞാൻ കേട്ടിരിക്കുന്നു.[103]

ദഹബിയുടെ *സിയറു അഅ്ലാമിന്നുബലാഇൽ* മുഹമ്മദ്ബ്നു അലി (ഇബ്നുൽ ഹനഫിയ്യ) യിൽ നിന്ന് ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു:

ഞാൻ സഹോദരി ഉമ്മുകുൽസൂമിനോടൊപ്പമായിരിക്കെ ഉമർ (റ) കടന്നു വന്നു. അദ്ദേഹം എന്നെ മാറോടണച്ചുപിടിച്ചു

കൊണ്ട് പറഞ്ഞു: ഇയാൾക്ക് മധുരപലഹാരം കൊടുക്കുക.[104]

നോക്കൂ, അലിയോടും സന്താനങ്ങളോടുമുള്ള അദ്ദേഹത്തിന്റെ സ്നേഹം!

## ഉഥ്മാൻ ബ്നു അഫ്ഫാൻ (റ)

തന്റെ ഖലീഫാ സഹോദരങ്ങളെ പോലെ പ്രവാചക കുടുംബത്തിന്റെ മഹത്വം ശരിക്കും മനസ്സിലാക്കിയ ആളായിരുന്നു ഖലീഫാ ഉഥ്മാൻ (റ). ഇബ്നു കഥീർ പറയുന്നു:

'ഉമറുബ്നുൽ ഖത്വാബും ഉഥ്മാനും അബ്ബാസിന്റെ അടുത്തുകൂടി പോകുമ്പോൾ അദ്ദേഹത്തെ ആദരിച്ച് വാഹനത്തിൽ നിന്നിറങ്ങി നടക്കുമായിരുന്നുവെന്ന് പറയപ്പെടുന്നു.[105]

ഉഥ്മാനുബ്നു അഫ്ഫാൻ ഹസനെയും ഹുസൈനെയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. ഉഥ്മാൻ വളയപ്പെട്ട ദിവസം ഹസൻ ബ്നു അലി വാളുമായി അദ്ദേഹത്തിന്നു വേണ്ടി പ്രതിരോധിക്കുകയായിരുന്നു. ഇത് കണ്ട് ഭയന്ന ഉഥ്മാൻ അദ്ദേഹം വീട്ടിലേക്ക് തിരിച്ചുപോകണമെന്ന് ആണയിട്ടുപറഞ്ഞു. അലിയുടെ മനസ്സ് സന്തോഷിപ്പിക്കാനും അദ്ദേഹത്തിന്റെ കാര്യത്തിൽ ഭയന്നുമായിരുന്നു അത്.[106]

## ത്വൽഹത്ത് ബ്നു ഉബൈദില്ലാഹ് (റ)

നബി കുടുംബത്തിലെ ഉത്തമനായ ഇബ്നു അബ്ബാസിനെ പ്രശംസിച്ചുകൊണ്ട് ത്വൽഹത്ത് ഖൈർ പറയുന്നു:
'ഇബ്നു അബ്ബാസിന്ന് ഗ്രാഹ്യശക്തിയും കൂർമബുദ്ധിയും ജ്ഞാനവും നൽകപ്പെട്ടിരിക്കുന്നു.'[107]

## സഅദ്ബ്നു അബീ വഖാസ് (റ)

അലി റ) യെ പ്രശംസിച്ചുകൊണ്ടുള്ള നിരവധി ഹദീസുകൾ സഅദ്ബ്നു അബീ വഖ്ഖാസ് റിപ്പോർട്ട് ചെയ്യുന്നുണ്ട്. അദ്ദേഹത്തോടു സ്നേഹമുണ്ടായിരുന്നില്ലെങ്കിൽ സഅദ് ഇങ്ങനെ ചെയ്യുമായിരുന്നില്ലല്ലോ.

സഅദിൽ നിന്ന് മുസ്‌ലിം ഉദ്ധരിക്കുന്നു: തബൂക്ക് യുദ്ധത്തിൽ തിരുമേനി (സ) അലിയെ പ്രതിനിധിയാക്കിയപ്പോൾ അദ്ദേഹം ചോദിച്ചു: തിരുദൂതരേ, കുട്ടികളിലും സ്ത്രീകളിലുമാണോ, അങ്ങ് എന്നെ പ്രതിനിധിയാക്കുന്നത്.

നബി (സ): മൂസക്ക് ഹാറൂൻ എങ്ങനെയായിരുന്നവോ അത് പോലെ എനിക്ക് നീ ആകുന്നത് നീ ഇഷ്ടപ്പെടുന്നില്ലേ? എന്റെ ശേഷം നബി വരാനില്ലെന്ന് മാത്രം.[108]

അദ്ദേഹം ഇബ്നു അബ്ബാസിനെ പ്രശംസിക്കുന്നതായി *ത്വബഖാതുൽ കുബ്റ*യിൽ ഉദ്ധരിക്കുന്നു:

സഅദ്ബ്നു അബീവഖാസിൽ നിന്ന് നിവേദനം; ഇബ്നു അബ്ബാസിനെക്കാൾ ഗ്രാഹ്യശക്തിയും ബുദ്ധിയും ജ്ഞാനവും വിശാലസഹിഷ്ണുതയുമുള്ള ആരെയും ഞാൻ കണ്ടിട്ടില്ല. ദുർഗ്രാഹ്യമായ പ്രശ്നങ്ങളുണ്ടാകുമ്പോൾ ഉമർ അദ്ദേഹത്തെ വിളിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നിട്ട് ഉമർ പറയും : 'ഇതാ കുഴക്കുന്ന ഒരു പ്രശ്നം.' പിന്നെ ഉമറിന്ന് ഇബ്നു അബ്ബാസിന്റെ വാക്കിനപ്പുറം പോകേണ്ടിവരില്ല. ബദ്റിൽ പങ്കെടുത്ത മുഹാജിറുകളിലും അൻസ്വാറുകളിലും പെട്ടവർ പോലും ചിലപ്പോൾ ഈ സമയത്ത് അവിടെ ഹാജരുണ്ടാവും.[109]

## ജാബിർബ്നു അബ്ദില്ലാഹ് (റ)

അത്വിയ്യത്ത്ബ്നു സഅദിൽ നിന്ന് ഇബ്നു അബീ ശൈബ നിവേദനം ചെയ്ത സംഭവം ജാബിറിന്ന് നബി കുടുംബത്തോടുള്ള വലിയ സ്നേഹം വിളിച്ചോതുന്നു:

ഞങ്ങൾ ജാബിർബ്നു അബ്ദില്ലയുടെ അടുത്ത് ചെന്നു. അപ്പോൾ അദ്ദേഹത്തിന്റെ കൺപോളകൾ കണ്ണിന്മേൽ വീണിട്ടുണ്ടായിരുന്നു. അലി ബ്നു അബീത്വാലിബിനെ കുറിച്ച് ഞങ്ങൾക്ക് പറഞ്ഞു തരണമെന്ന് ഞാനാവശ്യപ്പെട്ടു. അപ്പോൾ, കൈകൊണ്ട് കൺപോളകളുയർത്തികൊണ്ട് അദ്ദേഹം പറഞ്ഞു: അദ്ദേഹം ഏറ്റവും ഉത്തമന്മാരിൽ പെടുന്നു.[110]

ഒരിക്കൽ ഹസൈൻ (റ) പള്ളിയിൽ പ്രവേശിച്ചപ്പോൾ ജാബിർ പറഞ്ഞു: സ്വർഗത്തിലെ യുവനായകനെ കാണാനാരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ ഇദ്ദേഹത്തെ കാണട്ടെ.[111]

ഈ വാക്യം അദ്ദേഹം നബി (സ) യിലേക്ക് ചേർത്തു പറഞ്ഞിട്ടുണ്ട്.

ഇബ്നു സഅദിന്റെ ത്വബഖാത്തിൽ ഇങ്ങിനെ വന്നിരിക്കുന്നു:

ഇബ്നു അബ്ബാസ് (റ) മരണപ്പെട്ട ദിവസം ജാബിർബ്നു അബ്ദില്ല പറഞ്ഞു: ജ്ഞാനത്തിലും സഹിഷ്ണുതയിലും ഏറ്റവും മികച്ചുനിൽക്കുന്ന ഒരാളാണ് ഇന്ന് മരണപ്പെട്ടിരിക്കുന്നത്. ഇത് വഴി അപരിഹാര്യമായൊരു വിപത്താണ് സമുദായത്തെ ബാധിച്ചിരിക്കുന്നത്.[112]

ജഅ്ഫറുബ്നു മുഹമ്മദ്ബ്നു അലി ബ്നു ഹുസൈൻ പിതാവിൽ നിന്നു ഉദ്ധരിച്ചതായി മുസ്ലിം നിവേദനം ചെയ്യുന്നു:

ഞങ്ങൾ ജാബിറുബ്നു അബ്ദില്ലായുടെ അടുത്ത് ചെന്നു. അദ്ദേഹം ചെന്ന ആളുകളെ കുറിച്ചന്വേഷിച്ചു. അവസാനം എന്റെയുടുത്തെത്തി. അപ്പോൾ ഞാൻ പരിചയപ്പെടുത്തി. ഞാൻ ഹുസൈന്റെ മകൻ അലിയുടെ മകൻ മുഹമ്മദ്. അദ്ദേഹം എന്റെ ശിരസ്സിലേക്ക് കൈ നീട്ടി. പിന്നെ എന്റെ ഏറ്റവും മീതെയുള്ള കുടുക്ക് അഴിച്ചു. ശേഷം ഏറ്റവും താഴെയുള്ള കുടുക്കും അഴിച്ചു. അനന്തരം എന്റെ മാർവിടങ്ങൾക്കിടയിൽ മുൻകൈ വെച്ചു. അന്നു ഞാൻ യുവാവായിരുന്നു. അദ്ദേഹം പറഞ്ഞു: സഹോദരപുത്രാ, സ്വാഗതം ! ഉദ്ദേശിച്ചത് അന്വേഷിച്ചോളൂ.[113]

# ഉമ്മുൽ മുഅ്മിനീൻ ആയിശ (റ)

അഇശ (റ) നബി പത്നിയായതിനാൽ നബി കുടും ബാംഗമാണ്. കാരണം അവരെ കുറിച്ചു പറയവെ അവർ നബി കുടുംബത്തിൽ പെട്ടവരാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു ണ്ട്. മറ്റു അഹ്ലുബൈത്ത് അംഗങ്ങളെ കുറിച്ച അവരുടെ പ്രശം സകളാണിവിടെ ഉദ്ധരിക്കുന്നത്. തദ്വാരാ, അവർക്കിടയിലെ സുദൃഢബന്ധവും സ്നേഹവും വ്യക്തമാകുന്നതാണ്.

ത്വബരി അവരെ ഉദ്ധരിക്കുന്നു: അല്ലാഹുവാണ, മുമ്പ് എനിക്കും അലിക്കുമിടയിൽ നടന്നത് വെറും ഒരു സ്ത്രീയും അവളുടെ ഭർതൃകുടുംബവും തമ്മിൽ നടക്കുന്നത് മാത്രമാണ്. എന്റെ വീക്ഷണത്തിൽ കുറ്റമറ്റ ഒരു നല്ല മനുഷ്യനാണദ്ദേഹം.

അലി (റ) പറഞ്ഞു: 'ജനങ്ങളേ, അല്ലാഹുവാണ, സത്യ മാണവർ പറഞ്ഞത്. അത് മാത്രമേ ഞങ്ങൾക്കിടയിൽ ഉണ്ടാ യിട്ടുള്ളൂ. തിരുമേനിക്ക് ഇഹത്തിലും പരത്തിലും സഹധർമി ണിയാണവർ.[114]

അൽ ഇസ്തീആബ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: ആഇശ (റ) ചോദിച്ചു: ആശൂറാ നോമ്പിനെ കുറിച്ച് ഏറ്റവും അറിയുന്ന മുഫ്തി നിങ്ങളിലാരാണ്?

ജനം പറഞ്ഞു: അലി(റ).

ആഇശ (റ): അറിയുക. തിരുചര്യയെകുറിച്ച് ഏറ്റവും അറിവു ള്ളവൻ അദ്ദേഹമാണ്.[115]

ആഇശ (റ) യിൽ നിന്ന് അബൂദാവൂദ് ഉദ്ധരിക്കുന്നു: നിറുത്തം, ഇരുത്തം, സ്വഭാവം, നടപടി എന്നിവയിൽ നബി പുത്രി ഫാത്വിമയെക്കാൾ അവിടുത്തോട് സദൃശ്യമുള്ള ആരെയും ഞാൻ കണ്ടിട്ടില്ല.[116]

ഹാകിമിന്റെ മുസ്തദ്റകിൽ ആഇശ (റ) യിൽ നിന്ന് ഇങ്ങനെ ഉദ്ധരിക്കുന്നു: തിരുമേനി (സ) യുടെ സ്വഭാവത്തിൽ അവിടു ത്തോട് യോജിക്കുന്നതായി അവിടുത്തെ സന്തതിയെല്ലാതെ ആരെയും ഞാൻ കണ്ടിട്ടില്ല.[117]

മജ്ലിസിയുടെ *ബിഹാറുൽ അൻവാർ* എന്ന കൃതിയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. അലി (റ) ഖവാരിജുകളെ വധിച്ച വിവരം ആഇശ (റ) ക്ക് ലഭിച്ചപ്പോൾ അവർ പറഞ്ഞു: അല്ലാഹുവേ, എന്റെ സമുദായത്തിലെ ഏറ്റവും ദുഷ്ടരാണവർ, സമുദായത്തിലെ ഏറ്റവും ഉത്തമരായിരിക്കും അവരെ കൊന്നു കളയുക എന്ന് തിരിമേനി (സ) പറഞ്ഞതായി ഞാൻ കേട്ടിട്ടു ണ്ട്.[118]

ഒരു സ്ത്രീക്കും അവളുടെ ഭർതൃകുടുംബത്തിന്നുമിട ക്കുണ്ടാകുന്നത് മാത്രമാണ് എനിക്കും അദ്ദേഹത്തിനുമിട യിലുണ്ടായത് (119)

അലി (റ), അംറുബ്നുവുദ്ദിനെ വധിച്ചപ്പോൾ അബൂബ ക്കറും ഉമറും എഴുന്നേറ്റ് അദ്ദേഹത്തിന്റെ ശിരസ്സ് ചുംബിക്കു കയുണ്ടായി.[120]

ആഇശ (റ) ഫാത്വിമ (റ) യോട് ചോദിച്ചു: ഞാൻ നിങ്ങ ളോടൊരു സുവാർത്ത അറിയിക്കട്ടെ. തിരുമേനി (സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: സ്വർഗത്തിലെ വനിതാ നേതാക്കൾ നാലു പേരാണ്. ഇംറാന്റെ മകൾ മർയം പ്രവാ ചക പുത്രി ഫാത്വിമ, ഖുവൈലിദിന്റെ മകൾ ഖദീജ, ഫറവോന്റെ ഭാര്യ ആസ്യ എന്നിവരാണവർ.[121]

അവർക്കിടയിൽ നിസ്സാരമായൊരു ഭിന്നിപ്പെങ്കിലുമുണ്ടാ യിരുന്നുവെങ്കിൽ മഹത്തായ ഈ സുവാർത്ത അവർ അറിയി ച്ചുകൊടുക്കുമായിരുന്നില്ലല്ലോ.

## അബ്ദുല്ലാഹ്ബ്നു മസ്ഊദ് (റ)

മദീനക്കാരിലെ ഏറ്റവും വലിയ ന്യായാധിപൻ അലിബ്നു അബീത്വാലിബാണെന്ന് അബ്ദുല്ലാഹിബ്നു മസ്ഉദിൽ നിന്നു ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.ഇബ്നു അബ്ദിൽ ബർറിന്റെ അൽ ഇസ്തീആബിൽ ഈ പരാമർശം കാണാം.[122]

അതിൽ ഇങ്ങനെയുമുണ്ട്: ഇബ്നു അബ്ബാസ് എത്രന ല്ലൊരു ഖുർആൻ വ്യാഖ്യാതാവ്.[123]

# അബ്ദുല്ലാഹ് ബ്നു ഉമർ (റ)

അലി(റ)യുടെ അസാന്നിധ്യത്തിൽ അദ്ദേഹത്തെ ഒരാൾ കുറ്റം പറഞ്ഞപ്പോൾ ഇബ്നു ഉമർ പ്രതിരോധിക്കുന്ന ഒരു സംഭവം ബുഖാരി (റ) റിപ്പോർട്ട് ചെയ്യുന്നു:

ഒരാൾ ഇബ്നു ഉമറിനടുത്തു വന്ന് ഉഥ്മാനെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ സുകൃതങ്ങളെ കുറിച്ച് അദ്ദേഹം പറഞ്ഞുകൊടുത്തു. പിന്നെ അദ്ദേഹം പറഞ്ഞു: ഇതൊരു പക്ഷെ, നിനക്ക് വിഷമമുണ്ടാക്കിയേക്കും?

അയാൾ പറഞ്ഞു: അതെ

ഇബ്നു ഉമർ : അല്ലാഹു നിന്നെ നാശത്തിലകപ്പെടുത്തട്ടെ.

പിന്നെ അലിയെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ സുകൃതങ്ങൾ പറഞ്ഞുകൊടുത്തു. പിന്നെ പറഞ്ഞു: അതാ, അദ്ദേഹത്തിന്റെ മുറി നബിയുടെ മുറികളുടെ ഏറ്റവും മധ്യത്തിൽ!

പിന്നെ അദ്ദേഹം പറഞ്ഞു: ഇത് നിനക്ക് വിഷമമുണ്ടാക്കിയേക്കും?

അയാൾ: അതെ,

ഇബ്നു ഉമർ: നിന്നെ അല്ലാഹു നാശത്തിലകപ്പെടുത്തട്ടെ.[124]

ഹുസൈനുബ്നു അലിയെ അദ്ദേഹം പ്രശംസിച്ചതായി ഇബ്നു അബീനുഐമിൽ നിന്ന് ബുഖാരി നിവേദനം ചെയ്തിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ അബ്ദുല്ലാഹിബ്നു ഉമറിന്റെ അടുത്തുണ്ടായിരിക്കെ ഒരാൾ കൊതുകിന്റെ രക്തത്തെകുറിച്ച് അദ്ദേഹത്തോടന്വേഷിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം: നീ ഏത് വിഭാഗത്തിൽ പെട്ടവനാണ്?

അയാൾ: ഇറാഖുകാരാനാണ്.

അദ്ദേഹം: നോക്കൂ, ഇയാളെന്നോട് കൊതുകിന്റെ രക്തത്തെ കുറിച്ച് ചോദിക്കുന്നു. പ്രവാചകന്റെ പുത്രനെ കൊന്നവരാണിവർ. അവരിരുവരും ഭൗതികലോകത്തെ എന്റെ സുഗന്ധങ്ങളാ

ണെന്ന് നബി (സ) പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്.[125]

താരീഖു ദിമശ്ഖിൽ രേഖപ്പെടുത്തിയ ഒരു സംഭവം അബ്ദുല്ലാഹിബ്നു ജഅ്ഫറുബ്നു അബീത്വാലിബുമായുള്ള അദ്ദേഹത്തിന്റെ ഊഷ്മളബന്ധത്തിന്റെ ഉദാഹരണമാണ്. അദ്ദേഹം അബ്ദുല്ലാഹി ബ്നു ജഅ്ഫറിന്നടുത്തു പോകാറുണ്ടായിരുന്നു. അപ്പോൾ, താങ്കൾ അബ്ദുല്ലാഹിബ്നു ജഅ്ഫറിന്നടുത്തു പലപ്പോഴും പോകുന്നുവല്ലോ എന്ന് ആളുകൾ പറഞ്ഞു. അപ്പോൾ അദ്ദേഹം: അദ്ദേഹത്തിന്റെ പിതാവിനെ നിങ്ങൾ കണ്ടിരുന്നുവെങ്കിൽ നിങ്ങൾക്കത് ഇഷ്ടമാകുമായിരുന്നു. വാളുകൊണ്ടുള്ള വെട്ടും, കുന്തം കൊണ്ടുള്ള കുത്തുമായി അടിമുതൽ മുടി വരെ അദ്ദേഹത്തിന്റെ ദേഹത്ത് എഴുപത് മുറിവുകളുണ്ടായിരുന്നു.[126]

ശഅബിയിൽ നിന്ന് ബുഖാരി ഉദ്ധരിക്കുന്നു: ഇബ്നു ഉമർ ഇബ്നു ജഅ്ഫറിന്ന് സലാം പറഞ്ഞിരുന്നത് ഇങ്ങനെയാണ്: ഇരു ചിറകുകളുള്ളയാളുടെ പുത്രാ, താങ്കളുടെ മേൽ സമാധാനമുണ്ടാകട്ടെ.[127]

## മിസ്വറുബ്നു മഖ്റമ:

ഇമാം അഹ്മദ് നിവേദനം ചെയ്യുന്നു : മിസ്വറിന്റെ മകളെ വിവാഹാന്വേഷണം നടത്തി ഹസൻബ്നു ഹസൻ(128) അദ്ദേഹത്തിനെഴുതി. അപ്പോൾ അദ്ദേഹം പറഞ്ഞു : രാത്രി എന്റെയടുത്തു വരിക. രാത്രി കണ്ടപ്പോൾ മിസ്വർ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: നിങ്ങളുടെതിനേക്കാൾ ഒരു കുടുംബ ബന്ധമോ വംശബന്ധമോ, വിവാഹ ബന്ധമോ എനിക്കിഷ്ടമില്ല. പക്ഷെ, ഫാത്വിമ എന്റെ ഭാഗമാണെന്നും അവളുടെ സന്തോഷം എന്റെ സന്തോഷവും അവളുടെ ദു:ഖം എന്റെ ദു:ഖവുമാണെന്നും പ്രവാചകൻ(സ) പറഞ്ഞിട്ടുണ്ട്. തന്റെ കുടുംബബന്ധവും വംശ ബന്ധവുമല്ലാത്ത എല്ലാ ബന്ധങ്ങളും അന്ത്യദിനത്തിൽ വിഛേദിക്കപ്പെടുമെന്നും അവിടന്ന് പറഞ്ഞിട്ടുണ്ട്. ഫാത്വിമ(റ)യുടെ മകൾ താങ്കളുടെയടുത്തുണ്ടല്ലോ.[129] ഞാൻ താങ്കൾക്ക് വിവാഹം ചെയ്ത് തന്നാൽ അത

വർക്ക് വെറുപ്പാകും.
മിസ്‌വറിന്റെ ഒഴികഴിവ് സ്വീകരിച്ച് അദ്ദേഹം പോയി.[130]
മഹാനായ ഈ സ്വഹാബി പ്രവാചക പുത്രി ഫാത്വിമ (റ) യുടെ മരണ ശേഷം പോലും എത്രമാത്രം അവരെ സ്നേഹിച്ചിരുന്നുവെന്ന് നോക്കൂ. തന്റെ പൗത്രിയുടെ കാര്യത്തിൽ അവർക്കുണ്ടായേക്കാവുന്ന വികാരങ്ങൾ പോലും അദ്ദേഹം പരിഗണിക്കുന്നു. തന്റെ പുത്രിയെ സമകാലികനായ ഒരു ബനൂഹാശിം നേതാവിന്ന് വിവാഹം ചെയ്തു കൊടുക്കാനുള്ള അവസരം പോലും അദ്ദേഹം സ്വയം നഷ്ടപ്പെടുത്തുകയായിരുന്നു. അവർക്കിടയിലെ സ്നേഹവും പൊരുത്തവും എത്രമാത്രമായിരുന്നുവെന്ന് ഇത് വിളിച്ചോതുന്നു.

## അബൂഹുറയ്റ (റ)

അബൂഹുറൈറ (റ) യിൽ നിന്ന് തിർമുദിയും ഹാകിമും നിവേദനം ചെയ്ത ഒരു വാക്യത്തിൽ ഇങ്ങനെ കാണാം. തിരുമേനി(സ)ക്ക് ശേഷം, ജഅ്ഫറുബ്നു അബീത്വാലിബിനേക്കാൾ ഉത്തമനായൊരു ആൾ ചെരിപ്പുധരിക്കുകയോ വാഹനം കയറുകയോ, ഒട്ടകസവാരി നടത്തുകയോ ഉണ്ടായിട്ടില്ല,.

ദരിദ്രർക്ക് ഏറ്റവും നല്ല മനുഷ്യൻ ജഅ്ഫറുബ്നു അബീത്വാലിബാണെന്ന ബുഖാരിയുടെ നിവേദനമാണിവിടെ ഉദ്ദേശ്യം.[131]

*മുസ്നദ് അബീ യഅ്ലയിൽ*, സഈദ് മഖ്ബുരിയിൽ നിന്ന് ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു:

ഞങ്ങൾ അബൂഹുറയ്റ (റ) ക്കൊപ്പമായിരിക്കെ ഹസനുബ്നു അലി വന്ന് സലാം ചൊല്ലി. ഞങ്ങൾ സലാം മടക്കി. അബൂഹുറയ്റ ഇതറിഞ്ഞിരുന്നില്ല. അദ്ദേഹം നടന്നു പോയി. അപ്പോൾ ഞങ്ങൾ പറഞ്ഞു: അബൂ ഹുറയ്റാ, ഇതാ ഹസനുബ്നു അലി നമുക്ക് സലാം പറഞ്ഞിരിക്കുന്നു.

അബൂയഅ്ല പറയുകയാണ്: അപ്പോൾ അദ്ദേഹം ഹസനെ പിന്തുടർന്ന് അദ്ദേഹത്തോടൊപ്പമെത്തി: എന്റെ സയ്യിദ്, വഅലൈകസ്സലാം. അദ്ദേഹം സയ്യിദാണെന്ന് തിരുമേനി (സ)

പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്.[132]

അബൂഹുറയ്റയിൽ നിന്ന് ഹാകിം ഉദ്ധരിച്ച ഒരു റിപ്പോർട്ട് പ്രകാരം അദ്ദേഹം ഹസനുബ്നു അലിയെ കണ്ട പ്പോൾ പറഞ്ഞു: തിരുമേനി (സ) താങ്കളുടെ വയർ ചുംബിക്കു ന്നത് ഞാൻ കണ്ടിട്ടുണ്ട്. അവിടുന്ന് ചുംബിച്ച ആ ഭാഗം വസ്ത്രം നീക്കിതരൂ. ഞാനൊന്നു ചുംബിക്കട്ടെ.

അദ്ദേഹം പറയുകയാണ്:

ഹസൻ ആ ഭാഗം വസ്ത്രം നീക്കി കാണിച്ചുകൊടുക്കുകയും അദ്ദേഹം അവിടെ ചുംബിക്കുകയും ചെയ്തു.[133]

ദഹബിയുടെ സിയറു അഅ്ലാമിന്നുബലാഇൽ ഇബ്നു ഇസ്ഹാഖിൽ നിന്ന് ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: ഹുസൈൻ (റ) മരണമടഞ്ഞ ദിവസം, 'ജനങ്ങളേ, ഇന്ന് തിരു മേനി (സ) യുടെ ഇഷ്ടഭാജനം മരണപ്പെട്ടിരിക്കുന്നു. അതി നാൽ കരയുവിൻ ' എന്ന് കരഞ്ഞുകൊണ്ട് അബൂഹുറയ്റ (റ) ഉറക്കെ വിളിച്ചു പറഞ്ഞിരുന്നു.[134] പ്രസ്തുത കൃതിയിൽ അബുൽ മുഹ്സമിൽ നിന്ന് ഇങ്ങനെ വന്നിരിക്കുന്നു: ഞങ്ങൾ ഒരു ജനാസയിൽ പങ്കെടുത്തുകൊണ്ടിരിക്കെ അബൂഹുറയ്റ എത്തി. ഹുസൈന്റെ പാദത്തിൽ നിന്ന് സ്വന്തം വസ്ത്രം കൊണ്ട് മണ്ണു കുടഞ്ഞു കൊണ്ടായിരുന്നു അത്.

തന്നെക്കാൾ എത്രയോ വയസ്സുകുറഞ്ഞ ഹുസൈനോട് അബൂ ഹുറയ്റ കാണിക്കുന്ന ഈ പെരുമാറ്റ രീതികൾ അദ്ദേ ഹത്തിന്റെ സ്നേഹവും ബഹുമാനവുമല്ലേ കാണിക്കുന്നത്.[135]

## സൈദ്ബ്നു സാബിത് (റ)

സൈദ്ബ്നു സാബിതിന്റെ വാഹനത്തിന്റെ കാലണി പിടിച്ച ഇബ്നു അബ്ബാസിനോട് അത് തടഞ്ഞുകൊണ്ട് 'തിരുമേനി (സ) യുടെ പിതൃവ്യപുത്രാ, മാറിനിൽക്കുക ' എന്ന് അദ്ദേഹം പറ ഞ്ഞതായി ഇബ്നു അബ്ബാസിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ ഇബ്നു അബ്ബാസ് പറഞ്ഞു: 'മഹാന്മാരോടും പണ്ഡി തന്മാരോടും ഞങ്ങൾ ഇങ്ങനെ ചെയ്യാറുണ്ട്.[136]

# അനസ് , ബറാഅ്ബ്നു ആസിബ്, അബൂസഈദ് ഖുദ്രി

അനസ്, ബറാഅ്ബ്നു ആസിബ്, അബൂസഈദിൽ ഖുദ്രി എന്നിവർ നബി കുടുംബത്തിന്റെ ഗുണങ്ങൾ വിവരിക്കവെ അവരോടു സ്നേഹപ്രകടനം നടത്തുന്നു:

അനസ്ബ്നു മാലികിൽ നിന്ന് നിവേദനം: 'ഹസനുബ്നു അലിയെക്കാൾ തിരുമേനി(സ)യോടു സദൃശനായ ആരും ഉണ്ടായിട്ടില്ല.'[137]

*ബറാഅ് ബ്നു ആസിബ്*

ഹസനെയും ഹുസൈനെയും തിരുമേനി (സ) കണ്ടപ്പോൾ 'അല്ലാഹുവേ, ഇവരിരുവരെയും ഞാനിഷ്ടപ്പെടുന്നു, അതിനാൽ നീയും ഇവരെ ഇഷ്ടപ്പെടേണമേ' എന്ന് പറഞ്ഞതായി ബറാഅ് ബ്നു ആസിബിൽ നിന്നും തുർമുദി റിപ്പോർട്ട് ചെയ്യുന്നു.[138]

*അബൂസഈദിൽ ഖുദ്രി*

ഹസനും ഹുസൈനും സ്വർഗലോകത്തെ യുവനേതാക്കളാണെന്ന് തിരുമേനി (സ) പറഞ്ഞതായി അബൂസഈദിൽ ഖുദ്രിയിൽ നിന്ന് അഹ്മദ് റിപ്പോർട്ട് ചെയ്യുന്നു.[139]

# അബ്ദുല്ലാഹിബ്നു അംറ്ബ്നുൽ ആസ്(റ)

റജാഅ് ബ്നു റബീഇൽ നിന്ന് നിവേദനം: ഞാൻ നബി (സ) യുടെ പള്ളിയിലായിരിക്കെ ഹുസൈനുബ്നു അലി അത് വഴി പോവുകയായിരുന്നു. അദ്ദേഹം സലാം ചൊല്ലി. ആളുകൾ സലാം മടക്കുകയും ചെയ്തു. അബ്ദുല്ലാഹിബ്നു അംറ് അല്പനേരം നിശ്ശബ്ദനായി. ആളുകളെല്ലാം നിശ്ശബ്ദരായപ്പോൾ അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു: وعليكم السلام ورحمة الله وبركاته അനന്തരം ആളുകളെ അഭിമുഖീകരിച്ചുകൊണ്ട് അദ്ദേഹം പറ

ഞ്ഞു: വാനവാസികൾക്ക് ഏറ്റവും പ്രിയങ്കരനായ ഭൂനിവാസിയെ കുറിച്ച് ഞാൻ നിങ്ങളോട് പറയട്ടെ?

അവർ: അതെ

അദ്ദേഹം: ഈ മാന്യനാണത്. അല്ലാഹുവാണ, സ്വിഫ്ഫീൻ നാൾ മുതൽ ഞാൻ അദ്ദേഹത്തോടോ, അദ്ദേഹം എന്നോടോ, ഒരു വാക്കും സംസാരിച്ചിട്ടില്ല.അല്ലാഹുവാണ, അദ്ദേഹം എന്നെ ഇഷ്ടപ്പെടുന്നത് ഉഹ്ദ് പർവതത്തിന് സമാനമായത് എനിക്കു ലഭിക്കുന്നതിനേക്കാൾ എനിക്ക് പ്രിയങ്കരമാണ്.'

അപ്പോൾ അബൂസഈൗദ് അദ്ദേഹത്തോട് ചോദിച്ചു: രാവിലെ അദ്ദേഹത്തിനടുത്ത് പോവുകയല്ലേ?

അദ്ദേഹം: അതെ

അങ്ങനെ അവർ രാവിലെ പോകാമെന്ന് പരസ്പരം വാഗ്ദാനം ചെയ്തു. രാവിലെ അവരോടൊപ്പം ഞാനും പോവുകയുണ്ടായി. അബൂസഈൗദ് അനുമതി തേടുകയും അദ്ദേഹത്തിന്ന് അനുമതി ലഭിക്കുകയും ചെയ്തു. അങ്ങനെ ഞങ്ങൾ അകത്തുകടന്നു. അപ്പോൾ അദ്ദേഹം ഇബ്നു അംറിന്നു വേണ്ടി അനുമതി തേടി. ഹുസൈൻ അദ്ദേഹത്തിന്നു അനുമതി കൊടുക്കുന്നത് വരെ അദ്ദേഹം അനുമതി തേടിക്കൊണ്ടേയിരുന്നു. അങ്ങനെ അദ്ദേഹം അകത്തുവന്നു. ഹുസൈന്റെ ഒരു വശത്ത് ഇരിക്കുകയായിരുന്ന അബൂസഈൗദ് അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹത്തിന്നു വേണ്ടി അല്പം നീങ്ങികൊടുത്തു. അപ്പോൾ ഹുസൈൻ അദ്ദേഹത്തെ ഉറ്റുനോക്കി. അപ്പോൾ ഇബ്നു അംറ് എഴുന്നേറ്റു. ഇരുന്നില്ല. ഇതദ്ദേഹം കണ്ടപ്പോൾ അബൂസഈൗദിൽ നിന്ന് മാറി നിൽക്കുകയും അങ്ങനെ അദ്ദേഹത്തിന്നു സ്ഥലം ഉണ്ടാക്കികൊടുക്കുകയും ചെയ്തു. അങ്ങനെ അവർക്കിടയിൽ ഇരുന്നു. അബൂസഈൗദ് സംഭവം വിവരിച്ചു. അപ്പോൾ ഹുസൈൻ ചോദിച്ചു. അങ്ങനെയാണോ ഇബ്നു അംറ്? വാനവാസികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭൂനിവാസിയാണ് ഞാനെന്ന് നിങ്ങൾക്കറിയുമോ? ഇബ്നു അംറ് പറഞ്ഞു: കഅ്ബയുടെ നാഥനാണ, താങ്കൾ വാനവാസികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭൂനിവാസിയാണ്. ഹുസൈൻ: അങ്ങനെയെങ്കിൽ സ്വിഫ്ഫീൻ ദിവസം എന്നോടും എന്റെ പിതാവിനോടും യുദ്ധം

ചെയ്യാൻ നിങ്ങൾക്ക് പ്രചോദനമെന്തായിരുന്നു? പടച്ചവനാണ, എന്നെക്കാൾ ഉത്തമനാണ് എന്റെ പിതാവ്. ഇബ്നു അംറ്: ശരിയാണ്. പക്ഷെ, അംറ് നബി (സ) യുടെ അടുത്ത് ചെന്ന് എന്നെ കുറിച്ച് വേവലാതിപ്പെട്ടു, അബ്ദുല്ല പകൽ മുഴുവൻ നോമ്പും രാത്രി നമസ്കാരവുമായി കഴിയുകയാണെന്ന്. അപ്പോൾ നബി (സ) പറഞ്ഞു: നമസ്കരിക്കുക, ഉറങ്ങുകയും ചെയ്യുക, നോമ്പ് പിടിക്കുക, നോമ്പ് ഒഴിവാക്കുകയും ചെയ്യുക. അംറിനെ അനുസരിക്കുക.... അല്ലാഹുവാണ ഞാനവർക്ക് കൂടുതൽ സജ്ജീകരണങ്ങൾ നടത്തിയിട്ടില്ല.അവർക്കുവേണ്ടി വാളൂരിയിട്ടില്ല. കുന്തം കൊണ്ടുകുത്തിയിട്ടില്ല. അമ്പെയ്തിട്ടുമില്ല.

ഹുസൈൻ: സൃഷ്ടാവിനെ ധിക്കരിക്കുന്ന കാര്യത്തിൽ സൃഷ്ടിയെ അനുസരിക്കരുതെന്ന് നിങ്ങൾക്കറിയില്ലേ?
അദ്ദേഹം: അതെ
അദ്ദേഹം അതംഗീകരിച്ചത് പോലെ.[140]

## മുആവിയ

മുആവിയയും അഹ്ലുബൈത്തിനെ പ്രശംസിച്ച് പറഞ്ഞിട്ടുണ്ട്. ഇബ്നു അബ്ദിൽ ബർറിന്റെ അൽ ഇസ്തീആബിലെ ഒരു നിവേദനം ഉദാഹരണം:

താനഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് മുആവിയ, അലി (റ) യോട് എഴുതി അന്വേഷിക്കാറുണ്ടായിരുന്നു. അലിയുടെ മരണവാർത്ത കിട്ടിയപ്പോൾ 'ഇബ്നു അബീത്വാലിബിന്റെ മരണത്തോടെ അറിവും ജ്ഞാനവും നഷ്ടമായി' എന്നാണദ്ദേഹം പറഞ്ഞത്.[141]

മുആവിയയിൽ നിന്ന് ഇമാം അഹ്മദ് ഉദ്ധരിക്കുന്നു: തിരുമേനി (സ) അദ്ദേഹത്തിന്റെ (ഹസനുബ്നു അലി ) നാവ് –ഒരു റിപ്പോർട്ട് പ്രകാരം ഇരുചുണ്ടുകളും– ഊമ്പുന്നതായി ഞാൻ കണ്ടിട്ടുണ്ട്. തിരുമേനി (സ) ഊമ്പിയ നാവോ ചുണ്ടുകളോ ഒരിക്കലും ശിക്ഷിക്കപ്പെടുന്നതല്ല എന്നദ്ദേഹം പറഞ്ഞു.[142]

അസ്ബഗ് ബ്നു നുബാതയിൽ നിന്ന് നിവേദനം. ഥിറാറുബ്നു ഥംറ നഹ്ശലി, മുആവിയത് ബ്നു അബൂസുഫ്യാന്റെ

അടുത്തുവന്നു. അപ്പോൾ മുആവിയ, അലിയെ കുറിച്ച് പറഞ്ഞുതരാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു.അപ്പോൾ അദ്ദേഹം ചോദിച്ചു: താങ്കളെന്നെ ഒഴിവാക്കിതരുമോ? മുആവിയ: ഇല്ല. അദ്ദേഹത്തെകുറിച്ച് എനിക്ക് വിവരിച്ചുതരിക.

ഥിറാർ: അലി (റ) യെ അല്ലാഹു അനുഗ്രഹിക്കട്ടെ. അദ്ദേഹം ഞങ്ങളിൽ ഒരാളെപോലെയായിരുന്നു.ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തുചെന്നാൽ തന്റെ അടുത്ത് ഇരുത്തും. ചോദിച്ചാൽ ഉത്തരം പറയും. ഞങ്ങൾക്കു മുമ്പിൽ വാതിലടക്കുകയോ, കാണുന്നതിന്ന് തടസ്സമുണ്ടാവുകയോ ഇല്ല. അല്ലാഹുവാണ, അദ്ദേഹം ഞങ്ങളെ അടുത്തിരുത്തുകയും ഞങ്ങളൊടൊപ്പമിരിക്കുകയും ചെയ്തിരുന്നുവെങ്കിലും ബഹുമാനം കാരണം അദ്ദേഹത്തോടു സംസാരിക്കാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നില്ല.............. അദ്ദേഹം പുഞ്ചിരി തൂകുമ്പോൾ കോർക്കപ്പെട്ട മുത്തുകൾ പോലെയിരിക്കും

മുആവിയ: ഇനിയും പറയൂ.

ഥിറാർ: അലി(റ)യെ അല്ലാഹു അനുഗ്രഹിക്കട്ടെ. അല്ലാഹുവാണ, അദ്ദേഹം ദീർഘമായി ഉറക്കൊഴിക്കുകയും അല്പം മാത്രം ഉറങ്ങുകയും ചെയ്തിരുന്ന ആളാണ്. രാവിന്റെ ചില യാമങ്ങളിലും പകലിന്റെ രണ്ടറ്റങ്ങളിലും അദ്ദേഹം ദൈവിക ഗ്രന്ഥ പാരായണം ചെയ്തിരുന്നു.

അദ്ദേഹം പറയുന്നു:

അപ്പോൾ മുആവിയ കരഞ്ഞു: അദ്ദേഹം പറഞ്ഞു: മതി, ഥിറാർ. അല്ലാഹുവാണ, ഇങ്ങനെയായിരുന്നു അലി. അബുൽ ഹുസൈനെ അല്ലാഹു അനുഗ്രഹിക്കട്ടെ.[143]

ഇക്രിമയിൽ നിന്ന് ഇബ്നു കഥീർ ഉദ്ധരിക്കുന്നതായി അൽ ബിദായ വന്നിഹായയിൽ ഇങ്ങനെ വന്നിരിക്കുന്നു:

ഇബ്നു അബ്ബാസ് മരണപ്പെട്ടപ്പോൾ, 'അല്ലാഹുവാണ, മരിച്ചുപോയവരിലും ജീവിച്ചരിക്കുന്നവരിലും വെച്ചേറ്റവും വലിയ ജ്ഞാനി മരണപ്പെട്ടിരിക്കുന്നു'വെന്ന് മുആവിയ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു.[144]

ദഹബിയുടെ സിയറു അഅ്ലാമിന്നുബലാഇൽ പറയുന്നു: മുആവിയയുടെ പുത്രൻ യസീദ് ഹസൻബ്നു അലിയോടു

വമ്പുപറഞ്ഞു. അപ്പോൾ അദ്ദേഹം ചോദിച്ചു: ഹസനോടാണോ നീ വമ്പു പറയുന്നത്?

യസീദ്: അതെ

മുആവിയ: ഒരു പക്ഷെ നീ ധരിക്കുന്നുണ്ടാകും, നിന്റെ മാതാവ് അദ്ദേഹത്തിന്റെ മാതാവിനെ പോലെയാണെന്ന്, നിന്റെ പിതാമഹൻ അദ്ദേഹത്തിന്റെ പിതാമഹനെപോലെയാണെന്ന്.[145]

പ്രസ്തുത കൃതിയിൽ തന്നെ, ഇബ്നു അബീ ശൈബയിൽ നിന്നു ഉദ്ധരിക്കുന്നു:

ഹസൻ, മുആവിയയുടെ അടുത്തുവന്നു. അപ്പോൾ മുആവിയ: ആർക്കും കൊടുക്കാത്ത ഒരു സമ്മാനം ഞാൻ താങ്കൾക്ക് തരികതന്നെ ചെയ്യും.അങ്ങനെ അദ്ദേഹം നാല് ലക്ഷം കൊടുക്കുകയും ഹസൻ അത് സ്വീകരിക്കുകയും ചെയ്തു.[146]

# സമാപ്തം

അനുഗ്രഹീതമായ ഈ മൂലവാക്യങ്ങൾ മനസ്സിലാക്കിയാൽ സ്വഹാബികൾക്കും അഹ്ലുബൈത്തിന്നുമിടയിലെ സുദൃഢബന്ധത്തിന്റെ അളവ് എത്രമാത്രമാണെന്നും ദൈവപ്രീതിയും പ്രവാചകനോടുള്ള ബാധ്യതകളും പരിഗണിച്ചുകൊണ്ട് മതത്തോടും അതിന്റെ ആളുകളോടും അവരെത്രമാത്രം സ്നേഹം വെച്ചുപുലർത്തിയിരുന്നുവെന്നും വ്യക്തമായി മനസ്സിലാക്കാൻ കഴിയും.

മതത്തിൽ അതീവ താല്പര്യവും വിശ്വാസ സംരക്ഷണത്തിൽ അത്യാർത്തിയുമുള്ളവർ, അഹ്ലുബൈത്തിനെയും സ്വഹാബത്തിനെയും സ്നേഹിക്കുക നിർബന്ധമാണെന്നും അവരെകുറിച്ചുള്ള അധിക്ഷേപം അവരുടെ പാതയിൽ നിന്നും നടപടികളിൽ നിന്നുമുള്ള വ്യതിയാനവും സ്വയം ശിക്ഷക്ക് വിധേയമാക്കലുമാണെന്നും മനസ്സിലാക്കണം. ശിക്ഷ ഭയപ്പെടുകയും പ്രതിഫലം കാംക്ഷിക്കുകയും അല്ലാഹുവാണ് അഭയകേന്ദ്രമെന്ന് മനസ്സിലാക്കുകയും ചെയ്തവർക്ക് ഇതിൽ ഉൽബോധനമുണ്ട്. ●

# അടിക്കുറിപ്പുകൾ

1. ബുഖാരി (3650, 3651)

كتاب فضائل الصحابة باب فضائل اصحاب النبي صلعم

2. മക്കക്കും മദീനക്കുമിടയിലെ ഒരു സ്ഥലം
3. സ്വഹീഹ് മുസ്‌ലിം (2408) فضائل على بن ابي طالب

പാർട്ട് 1

1. വിശദവിവരം അറിയാൻ النحاوي യുടെ استجلاب ارتقاء الغرف
(പേജ്. 127 നോക്കുക)
2. സ്വഹീഹ് മുസ്‌ലിം (2408 كتاب فضائل الصحابة باب فضائل على
3. സ്വഹീഹ് മുസ്‌ലിം (1072) باب ترك استعمال آل النبي على الصدقة
4. അൽ അഹ്സാബ് 33
5. സിയറുഅഅ്‌ലാമിന്നബലാഅ് 2/208
6. മുസ്‌ലിം (1055)
7. സുനൻ അബീദാവുദ് (1750) كتاب المناسك
8. ബുഖാരി (5416 )യിൽ സമാന വാക്കുകൾ വന്നിട്ടുണ്ട്
   സ്വഹീഹ് മുസ്‌ലിം كتاب الأطعمة
9. ബുഖാരി (4797)كتاب الزهد والرقائق
10. സ്വഹീഹ് മുസ്‌ലിം (1072)
11. അൽ അഹ്സാബ് 30
12. അൽ അഹ്സാബ് 34
13. അൽ അഹ്സാബ് 33
14. സ്വഹീഹ് മുസ്‌ലിം (2408)
15. ബുഖാരി (3660)
16. ത്വബറാനി : അൽ മുഅ്ജമുൽ ഔസത്വ് (5606)
17. സ്വഹീഹ് മുസ്‌ലിം (215)
18. ഇസ്തിജ്‌ലാബു ഇർതിഖാഇൽ ഗുറഫ് (165– 178)
19 അൽ ഇസ്വാബ: പേ.8
20. ആലുഇംറാൻ 110
21. അൽ ബഖറ 143
22. അൽ ഫത്ഹ് 18
23. അത്തൗബ 100
24. അൽ അൻഫാൽ 64
25. അൽ ഹശ്ർ 8
26. സുനനുത്തിർമുദി (3862)
27. സ്വഹീഹ് മുസ്‌ലിം (2540)
28. സ്വഹീഹുൽ ബുഖാരി (3650)
    സ്വഹീഹ് മുസ്‌ലിം (2533)
29. മുസ്നദ് ഇമാം അഹ്മദ് (20041)
30. അൽ ഫത്ഹ് 18
31. അത്തൗബ് 100
32. അബൂബക്കർ ഇസ്മാഈലി: ഇഅ്തിഖാദു അഇമ്മതിൽ ഹദീഥ് 1/17. നോക്കുക: ഇബ്നു ഖുദാമ : ലംഅതുൽ ഇഅ്തിഖാദ് 1/ 171

ഇബ്നു അബിൽ ഇസ്സ്:ശറഹുൽ അഖീദതി ത്വഹാവിയ്യ 1/ 475
33. ഔനുൽ മഅ്ബൂദ് 12/ 274
34. അൽ ഹശ്ർ 10
35. കൂടുതൽ അറിയാൻ:
1. സാലിം അബ്ദുൽ ഖാദിർ: മആലിർറുതബ് ലിമൻ ജമഅ ബൈന ശറഫൈസ്സുഹ്ബതി വന്നസബ്
2. ഉസ്താദ് അബൂമുആദ് ഇസ്മാഈലി: അൽ അസ്മാഉ വൽ മുസ്വാഹറാത്

## പാർട്ട് 2

36. അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട പ്രശസ്ത വാക്യം. അഹ്മദ്: അൽ മുസ്നദ് (3600); അൽ അജലൂനി: കശ്ഫുൽ ഖഫാ; അൽ ബാനി: ശറഹുൽ അഖീദതി ത്വഹാവിയ്യ
37. അത്തൗബ 100
38. സുജൂദിന്റെ നീളത്താൽ കൂടുതൽ ഉറക്കൊഴിക്കുന്നുവെന്നർഥം
39. നഹ്ജുൽ ബലാഗ പേ 143
40. മജ്ലീസി: ബിഹാറുൽ അൻവാർ 22/ 313, നോ. ഇബ്നു ശൈഖ്: , അമാലി 281 – 282
41. നഹ്ജുൽ ബലാഗ പേ 105
42. നഹ്ജുൽ ബലാഗ നമ്പർ 134
43. നഹ്ജുൽ ബലാഗ പേ 203 ന. 146
44. നഹ്ജുൽ ബലാഗ പേ. 222
45. ഇബ്നു അബിൽ ഹദീദ്: ഇസ്സുദ്ദീൻ അബ്ദുൽ ഹമീദ് ബ്നു മുഹമമദ് ഹുസൈൻ ബ്നു അബിൽ ഹദീദ് മദാഇനി. സാഹിത്യകാരനും കവിയുമാണ്. നഹ്ജുൽ ബലാഗയുടെ ഏറ്റവും വലിയ വ്യാഖ്യാനം, അൽ ഖസ്വാഇദ് സ്സബ്അ അൽ അലവിയ്യാത് എന്നിവയാണ് കൃതികൾ. ഹി. 586 ൽ ജനിച്ചു. ഹി 655 ൽ ബഗ്ദാദിൽ മരിച്ചു. ശൈഖ് അബ്ബാസ് ഖുമ്മി ഇദ്ദേഹത്തിന്റെ ചരിത്രം രചിക്കുകയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. അൽ കുനാ വൽ അൽഖാബ് 1/ 192)
46. രിദാ അബുൽ ഹസൻ: മുഹമ്മദ്ബ്നു ഹുസൈൻ ബ്നു മുസാ ബ്നു ഇബ്രാഹീം ബ്നു മൂസാ അൽ ഖാളിം. പണ്ഡിതനും സാഹിത്യകാരനും. ഹി. 359 ൽ ജനിച്ചു. ഹി. 456 ൽ മരിച്ചു. ശൈഖ് അബ്ബാസ് ഖുമ്മി തന്റെ അൽ കുനാ വൽ അൽഖാബ് (2/272) എന്ന കൃതിയിൽ ഇദ്ദേഹത്തിന്റെ ചരിത്രം പറയുകയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം നഹ്ജുൽ ബലാഗ ക്രോഡീകരിച്ചിരിക്കുന്നുവെന്ന് സ്ഥിരീകരിക്കുകയും മറിച്ചുപറഞ്ഞവരെ ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്.
47. ഇബ്നു അബിൽ ഹദീദ്: ശറഹുനഹ്ജുൽ ബലാഗ 12/ 3
48. നഹ്ജുൽ ബലാഗ. 4/108
49. അതേ പുസ്തകം 20/ 218
50. ഫളാഇലുസ്സഹാബന. 771
51. ഫളാഇലുസ്സ്വഹാബന. 732
52. ഉമർ (റ) ഫാത്വിമയെ കാൽ കൊണ്ട് ചവിട്ടുകയും അവരുടെ ഗർഭസ്ഥശിശു വീഴുകയും ചെയ്തുവെന്ന കള്ള വാർത്തകൾ തെറ്റാണെന്ന് ഈ വിവാഹം സ്ഥിരീകരിക്കുന്നു. ഒരാൾ നിന്റെ സഹധർമിണിയെ അടിക്കുകയും അത് കാരണം നിന്റെ മകൻ വധിക്കപ്പെടുകയും ചെയ്തുവെന്ന് സങ്കൽപിക്കുക. അയാൾക്ക് നിന്റെ

പുത്രിയെ നീ വിവാഹം ചെയ്തുകൊടുക്കുമോ? അയാൾ നിന്റെ ജാമാതാവാൻ നീ ഇഷ്ടപ്പെടുമോ? മാത്രമല്ല, നിന്റെ ഒരു പുത്രന്ന് അയാളുടെ പേരിടുമോ? യഥാർഥ ചരിത്രം മനസ്സിലാക്കാൻ ഉസ്താദ് സയ്യിദ് അഹ്മദ് ഇബ്രാഹി (അബൂ മുആദ് ഇസ്മായീലി) മിന്റെ സിവാജ് ഉമർബ്നുൽ ഖത്വാബ് മൻ ഉമ്മികുൽസൂം ബിന്ത് അലിബ്നു ബ്നി അബീത്വാലിബ് ഹഖീഖതുൻ ലഫ്തിറാഉൻ എന്ന കൃതി വായിക്കുക

53. മാലിക് അശ്തർ നഖഈഃ മാലിക്ബ്നു ഹാരിഥ് അശ്തർ നഖഈ. യമനിലെ ഒരു വലിയ ഗോത്രമാണ് നഖ്അ് എന്ന് ശൈഖ് അബ്ബാസ് ഖുമ്മി പറയുന്നു . ജസ്റ്ബുനു മാലിക് ബ്നു അല്ല എന്നാളുടെ നാമമാണ് നഖ്അ്. (അൽ കുനാ വൽ അൽഖാബ്. 3/ 244
54. ഇബ്നു അഅ്ഥം: അൽ ഫുതൂഹ് 1/385
55. ഇബ്നു അഅ്ഥം: അൽ ഫുതൂഹ് 1/ 396
56. അൽ ഫത്ഹ് 29
57. മുറൂജു ദഹബ് മആദിനുൽ ജവാഹിർ 3./ 75
58. മുറൂജുദ്ദഹബ് 3/ 64
59. അഹ്മദ് ബ്നുഹമ്പൽ: ഫദാഇലുസ്സഹാബ 1873
60. സൈനുൽ ആബിദീൻ അസ്സഹീഫതുസ്സജാദിയ്യ അൽ കാമില പേ.13
61. അൽ ഹശ്റ് 8
62. അൽ ഹശ്റ് 9
63. അൽ ഹശ്റ് 10
64. സിയറുഅഅ്ലാമിന്നുബലാ 4/406
65 അത്തബഖാത്ത് 5/ 321
66. സിയറുഅഅ്ലാമിന്നുബലാ 4/406
67. അതേ ഗ്രന്ഥം പേ, 408
68. അൽ ബിദായ വന്നിഹായ 9/ 211
69. സിയറു അഅ്ലാമിന്നുബലാ 5/390
70. ത്വബരി: താരീഖുൽ ഉമമ വൽ മുലൂക് 7/ 180
71. താരീഖ് ദിമശ്ഖ് 29/ 255– 256
72. അത്തൗബ 103 സൂക്തത്തിലും ബുഖാരിയിലെ ഹദീഥിലും വന്നിരിക്കുന്ന സ്വലാത് എന്ന വാക്കിനർഥം പ്രാർഥന എന്നാണ് .ഇത് തന്നെയാണ് അബ്ദുല്ലാഹിബ്നുൽ ഹസൻ ഉദ്ദേശിച്ചതും.
73. താരീഖ് ദിമശ്ഖ് 29/255–256
74. അതേ ഗ്രന്ഥം 29/255
75. അതേ ഗ്രന്ഥം 29/256
76, അതേ ഗ്രന്ഥം 29/254
77 അൽ ഖിസ്വാൽ പേ 683
ബിഹാറുൽ അൻവാർ 22/ 305
78. അൽ കാഫി 1/ 52
79. നിയമനിർമാണകാലത്ത് (തിരുമേനി (സ) യുടെ ജീവിത കാലം ) നിയമങ്ങൾ തുടർച്ചയായി അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്നു. ചില നിയമങ്ങൾ പിന്നീട് വന്ന നിയമങ്ങളിൽ ദുർബലമാക്കപ്പെടുകയുമുണ്ടായി. അല്ലാഹു പറയുന്നു: "ഏതെങ്കിലും വേദവാക്യത്തെ നാം ദുർബലപ്പെടുത്തുകയോ മറപ്പിക്കുകയോ ആണെങ്കിൽ പകരം തത്തുല്യമോ കൂടുതൽ മികച്ച തോ നാം കൊണ്ടുവരും." അപ്പോൾ

ചില സ്വഹാബികൾക്ക് ദുർബലപ്പെടുത്തപ്പെട്ട നിയമമായിരിക്കും ലഭിക്കുക. നാസിഖ്– ദുർബലപ്പെടുത്തുന്ന നിയമം – എത്തിയിട്ടുണ്ടാവില്ല. അപ്പോൾ അവർക്കറിയാവുന്ന നിലക്കവർ നിവേദനം ചെയ്യുന്നു.

80. അൽ ഖിസ്വാൽ പേ 149 –158 (നമ്പർ 182)
81. ബിഹാറുൽ അൻവാർ 22/ 306
82. സിയറു അഅ്ലാമിന്നുബലാ 4/ 403
83. ബിഹാറുൽ അൻവാർ 27/ 133
84. അതേ ഗ്രന്ഥം 22/ 309
നോ. നവാദിർ റാവന്തി പേ 23. മുസ്ലിം (64 66)
85 അതേ ഗ്രന്ഥം 22–309, ബുഖാരി (2509) മുസ്ലിം (25 3)
86. അതേ ഗ്രന്ഥം 13/ 340 തഅ്വീലുൽ ആയാത്. പേ 411
87. തഫ്സീർ ഇമാം അസ്കരി പേ. 31


പാർട്ട് 3


88 സ്വഹീഹുൽ ബുഖാരി (3712); ബിഹാറുൽ അൻവാർ 43/ 301
89. ബുഖാരി (3713)
90. മുസ്നദ് അബീയഅ്ല (38) ; ബുഖാരി (3542) കശ്ഫുൽ ഗുമ്മ ഫീ മഅ്രിഫതിൽ അഇമ്മ 2/ 16
91. അൽ ബിദയ വന്നിഹായ 6/ 301
92. ജഅ്ഫർ (റ) രക്തസാക്ഷയായ ശേഷം അബ്ദുല്ലാഹ് ബ്നു ജഅ്ഫറിന്റെ മാതാവ് അസ്മാഅ് ബിൻത് ഉമൈസിനെ അബൂബക്കർ (റ) വിവാഹം ചെയ്തിരുന്നു. അവരിൽ നിന്ന് അദ്ദേഹത്തിന്ന് മുഹമ്മദ് എന്ന പുത്രൻ ജനിച്ചു. പിന്നെ, അബൂബക്കറിന്റെ മരണശേഷം അലി (റ) വിവാഹം കഴിക്കുകയും അദ്ദേഹത്തിന്നും അവരിൽ സന്താനങ്ങളുണ്ടാവുകയും ചെയ്തു.
93. നബി (സ) യുടെ ജീവിതകാലത്ത് അവിടുത്തെ പ്രാർഥനയായിരുന്നു മധ്യവർത്തിയാക്കപ്പെട്ടിരുന്നത്. പിന്നെ അവിടുത്തെ വിയോഗാനന്തരം അബ്ബാസി(റ)ന്റെ പ്രാർഥനയെ മധ്യവർത്തിയാക്കി. നബി (സ)യോടുള്ള അദ്ദേഹത്തിന്റെ കുടുംബ ബന്ധമായിരുന്നു കാരണം.
94. ബുഖാരി (1010)
95. അത്വബഖാതുൽ കുബ്റാ 4/ 23
96. അൽ ഇസ്തീആബ് (1871)
97. ഇബ്നു അസാകിർ: താരിഖ്ദിമശ്ഖ് 14 / 1790
98. അത്ത്വബഖാതുൽ കുബ്റാ 3/ 295–296
99. സിയറു അഅ്ലാമിന്നുബലാ 3/ 285
100. താരീഖ് ദിമശ്ഖ് 14 / 179
101. ബുഖാരി (4294)
102. ഇബ്നു അബ്ദിൽ ബർറ്; അൽ ഇസ്തീആബ് (144)
103. ഹാകിം (4684) 3/ 153. അൽബാനി: അസ്സിൽസിലത്തു സ്സഹീഹ (2036)
104. സിയറുഅഅ്ലാമിന്നുബലാ 4/ 115
105. അൽ ബിദായതു വന്നിഹായ 7 / 162
106. അതേ ഗ്രന്ഥം 8/ 36
107. അത്ത്വബഖാത്ത് 2/ 370
108. മുസ്ലിം (2404) ബുഖാരി (4416)


109. അൽ ബിദായ വന്നിഹായ 8/ 303
അത്തബഖാത്ത് 2/ 369
110. മുസ്വന്നഫു ബ്നി അബീ ശൈബ (32120)
111. സിയറു അഅ്‌ലാമിന്നുബലാ 3/ 282, അബൂയഅ്‌ലാ (1874)
112. അത്ത്വബഖാത് 2/ 372)
113. മുസ്‌ലിം (1218)
114. താരീഖ് ത്വബരി 4/ 544)
115. അൽ ഇസ്തീആബ് (1871)
116. സുനനു അബീദാവൂദ് (5217) അൽബാനി : സ്വഹീഹുത്തിർമിദി (3039)
117. അൽ മുസ്തദ്റക് 3/ 175 (4756)
118. ഇക്കാലത്തെ എന്ന് വിവക്ഷ. അല്ലെങ്കിൽ ആദ്യത്തെ മൂന്ന് ഖലീഫമാരാണല്ലോ ഏറ്റവും ഉത്തമർ.
119. ബിഹാറുൽ അൻവാർ 33/ 232, കശ്ഫുൽ ഗുമ്മ 1/ 158
120. അൽ ഇർശാദു ലിൽ മുഫീദ് (55)
121. മുസ്തദ്റക് (4853)
122. അൽ ഇസ്തീആബ് (1871)
123. ഹാഫിള് ഇബ്നുഹജർ: ഫത്ഹുൽ ബാരി 7/ 100
124. ബുഖാരി (3704)
125. ബുഖാരി (5994)
126. താരീഖുദിമശ്ഖ് 29/ 179
127. ബുഖാരി (3709)
128. ഹസൻ മുഥന്നാ എന്നറിയപ്പെടുന്ന ഹസനുബ്നു അലിബ്നു അബീത്വാലിബാണിദ്ദേഹം.
129. അദ്ദേഹത്തിന്റെ കീഴിൽ ഫാത്വിമബിൻത് ഹുസൈനുണ്ടായിരുന്നു.
130. ഇമാം അഹ്മദ്: ഫളാഇലുസ്സ്വഹാബ (134) മുസ്തദ്റക് (474)
131. ബുഖാരി (3708)
132. അൽ മുസ്നദ് ലി അബീ യഅ്‌ല (6561)
133. അൽ മുസ്തദ്റക് (4785) അഹ്മദ്- മുസ്നദ്: 9342, തിർമിദി (3764)
134. സിയറുഅഅ്‌ലാമിന്നുബലാ 3/ 277
135. അതേ കൃതി 3/ 287
136. മുസ്തദ്റക് (5785)
137. ബുഖാരി (3542)
138. തിർമിദി (3782)
139. അഹ്മദ് : മുസ്നദ് (1794) തിർമിദി (3781)
140.മജ്മഅ് സവാഇദ് 9/ 299 (15109) 9: 281
141. അൽ ഇസ്തീആബ് (1871)
142. അഹ്മദ് : മുസ്നദ് (16894)
143. ബിഹാറുൽ അൻവാർ 41/14 അമാലി 623
144. അൽ ബിദായതുവന്നിഹായ 8/301
145. സിയറു അഅ്‌ലാമിന്നുബലാ 3/ 260
146. സിയറു അഅ്‌ലാമിന്നുബലാ 3/ 269


من إصداراتنا

More Others





دار التعريف بالإسلام

ISLAM PRESENTATION

ipb@gmail.com - www.ipbshop.com

مكتبة IPB BOOKSHOP

للمساهمة معنا في مشروع طباعة الكتب: 22444117 - 24713897

الإدارة العمومية - قبلة - شرق - بناية رقم 137 - فاكس: 24713873 - ص.ب 1613 الصفاة 13017 - الكويت

المعرض: الكويت - شارع فهد السالم - خلف مسجد الملا صالح - تليفاكس: 22437383